498

# കേരള
# പാഠാവലി
# മലയാളം

## സ്റ്റാൻഡേർഡ് 7

1971

498

# കേരള പാഠാവലി

## മലയാളം

## സ്റ്റാൻഡേർഡ് 7

വില: 95 പ.

1970

60/29—1

# പ്രതിജ്ഞ

ഭാരതം എന്റെ നാടാണ്. എന്റെ സഹോദരീ സഹോദരന്മാരാണ് എല്ലാ ഭാരതീയരും. ഞാൻ എന്റെ നാടിനെ സ്നേഹിക്കുന്നു. അതിന്റെ സമൃദ്ധവും വിവിധവുമായ പരമ്പരാഗതസമ്പത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ സമ്പത്തിന്നു് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്.

എന്റെ മാതാപിതാക്കന്മാരേയും ഗുരുജനങ്ങളേയും ഞാൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എല്ലാവരോടും ഞാൻ വിനയത്തോടുകൂടിയേ പെരുമാറുകയുള്ളൂ. എല്ലാ ജീവികളോടും ഞാൻ ദയാലുവായിരിക്കും.

എന്റെ നാടിനും നാട്ടാർക്കും ഞാൻ എന്റെ സേവനം സമർപ്പിക്കുന്നു. നാട്ടുകാരുടെ യോഗക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ സുഖം.

---

©
The Government of Kerala
1970

## ഉള്ളടക്കം


| പാഠം | | | പേജ് |
|---|---|---|---|
| 1 | കൈരളീസ്തോത്രം (പദ്യം) | .. | 1 |
| 2 | ഫിഷിങ് ബോട്ട് അഥവാ മത്സ്യഗ്രാഹി | .. | 2 |
| 3 | സുഭദ്ര (പദ്യം) | .. | 7 |
| 4 | വിശ്രമിക്കുന്ന വിദ്യുച്ഛക്തി | .. | 8 |
| 5 | കുചേലൻ (പദ്യം) | .. | 13 |
| 6 | ഡേവിഡ് ലിവിങ്സ്റ്റൺ | .. | 14 |
| 7 | സുഭാഷിതങ്ങൾ (പദ്യം) | .. | 20 |
| 8 | നിങ്ങളെ സമ്മതിക്കണം | .. | 21 |
| 9 | പാന്നയുടെ ത്യാഗം (പദ്യം) | .. | 26 |
| 10 | കേരളപാണിനി | .. | 27 |
| 11 | ജാതി ചോദിച്ചില്ല (പദ്യം) | .. | 33 |
| 12 | എഴുത്ത് | .. | 34 |
| 13 | സ്നേഹം (ഗദ്യകവിത) | .. | 39 |
| 14 | ധ്രുവകുമാരൻ | .. | 41 |
| 15 | വിദുരവാക്യം (പദ്യം) | .. | 49 |
| 16 | ശ്രീനാരായണഗുരു | .. | 50 |
| 17 | മയിലിനോട് (പദ്യം) | .. | 55 |
| 18 | ചെറുശ്ശേരിയും എഴുത്തച്ഛനും | .. | 56 |
| 19 | ഒരു ചെററക്കുടിൽ (പദ്യം) | .. | 60 |
| 20 | എനിക്കും സംഘത്തിൽ ചേരണം | .. | 62 |
| 21 | മഴവില്ല് (പദ്യം) | .. | 68 |
| 22 | ജോർജ്ജ് സ്റ്റീഫെൻസൺ | .. | 69 |
| 23 | ഐക്യഗാഥ (പദ്യം) | .. | 73 |
| 24 | അന്തരീക്ഷം ശാന്തമായി | .. | 74 |
| 25 | കളിക്കൊട്ട (പദ്യം) | .. | 79 |
| 26 | ഭക്തകുചേലൻ | .. | 80 |
| 27 | പരോപകാരം (പദ്യം) | .. | 91 |
| 28 | മഹാകവി വള്ളത്തോൾ | .. | 93 |
| 29 | വഴിതെററി (പദ്യം) | .. | 99 |
| 30 | കേരളത്തിലെ ലൗകിക ദൃശ്യകലകൾ | .. | 100 |
| 31 | അറിയില്ലാഞ്ഞിട്ട് (പദ്യം) | .. | 109 |


---

498

പാഠം 1

# കൈരളീ സ്തോത്രം

[മലയാളകവിതയ്ക്കു് എണ്ണപ്പെട്ട പല സംഭാവനകളും നല്കീട്ടുള്ള ഒരു കവിയാണു് ശ്രീ. വി. ഉണ്ണികൃഷ്ണൻ നായർ. ഉയർന്ന ഉദ്യോഗത്തിലിരുന്നു പരിചയസമ്പന്നത നേടിയിട്ടുള്ള ശ്രീമാൻ ഉണ്ണികൃഷ്ണൻ നായർക്കു സാഹിത്യരംഗത്തിൽ കൂടുതൽ സമയം ചെലവഴിക്കാൻ ഇപ്പോഴെ സാധിച്ചുതുടങ്ങിയിട്ടുള്ളു. അതിൻെറ ഫലമായി മഹാകവി വള്ളത്തോളിൻെറ ജീവചരിത്രം കുറിക്കുന്ന ബൃഹത്തായ ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ടു്; കവിതാസമാഹാരങ്ങൾ വേറെയുണ്ടു്.]

ഭാർഗ്ഗവക്ഷേത്രത്തിലെക്കാഞ്ചനപ്രദീപമേ!
ഭാർഗ്ഗവീകടാക്ഷാളിലാളിതപ്രസൂനമേ!
ഭാഗ്യദേവതയുടെ ഭാസുരപര്യായമേ!
ശ്ലാഘ്യവൈഭവേ! ദേവീ! കൈരളീ! തൊഴാം തൊഴാം.
കുന്നലനാട്ടിൻ നെടുമംഗല്യം പുലർത്തും നിൻ
സുന്ദരമന്ദസ്മിതത്തിന്നിതാ നമസ്കാരം.
ഞങ്ങളിൽ കരണീയബോധമങ്കുരിപ്പിക്കും
മംഗളപ്രദം തവ തൃക്കഴൽ തൊഴാം തൊഴാം.
അംബ! നിൻ പരിചര്യാലോലരാം ഞങ്ങൾക്കവ-
ലംബനമവിടുത്തെ ദിവ്യാനുഗ്രഹമൊന്നേ.
ആവതുപോലെന്നെന്നുമാമലർ കഴലിങ്കൽ-
സ്സേവനം നിറവേററാൻ കെല്പു കൈവരുത്തുകിൽ
ധന്യരാ,യടിയങ്ങളംബികേ ഭവദീയ-
സ്തന്യപായികൾക്കതിൻമേലെയെന്തുള്ളു പുണ്യം!

—വി. ഉണ്ണികൃഷ്ണൻ നായർ.

## അഭ്യാസം

1. കൈരളിയെ കവി എന്തെല്ലാമായിട്ടാണു് സംബോധന ചെയ്യുന്നതു് ?
2. കൈരളിയോടു നമുക്കുള്ള അപേക്ഷകൾ എന്തെല്ലാമാണു് ?
3. എങ്ങനെയാണു് കേരളീയർ ധന്യരാവുക.
4. (a) പദങ്ങൾ പിരിച്ചെഴുതുക:—

   ഭാർഗ്ഗവീകടാക്ഷാളിലാളിതപ്രസൂനം; പരിചര്യാലോലർ; ദിവ്യാനുഗ്രഹം.

   (b) ചേർത്തെഴുതുക :—

   ഇന്നു്+ഇതാ; ധന്യരായ്+അടിയങ്ങൾ; മേലെ+എന്തുള്ളു.

പാഠം 2

## ഫിഷിങ് ബോട്ട്

അഥവാ

## മത്സ്യഗ്രാഹി

സുദീർഘമായ സമുദ്രതീരംകൊണ്ട് അനുഗ്രഹീതമാണ് കേരളം. ഈ രത്നാകരസാമീപ്യം യഥായോഗ്യം ഉപയോഗപ്പെടുത്താനുള്ള സാമ്പത്തിക സ്ഥിതിയാണ് നമുക്കില്ലാത്തതു്. ചെറുവഞ്ചികളിൽ കയറി, യാതൊരു ക്ലേശലേശംകൂടാതെ, കല്ലോലങ്ങളോടു മല്ലിട്ട് മത്സ്യത്തെ തേടി മുന്നോട്ടു നീങ്ങി, തങ്ങളുടെ കൊച്ചു വലകളിൽ കുടുക്കാവുന്നത്ര മത്സ്യസമ്പത്തുമായി തിരിച്ചെത്തുന്ന ധീവരന്മാരുടെ സാഹസികജീവിതം ആരെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ ? ഒരിക്കൽ ഏതാനും ചെറുവഞ്ചികൾ ഈ മട്ടിൽ കടലിലേക്കിറങ്ങി വളരെ ദൂരം മുന്നോട്ടു നീങ്ങി. അപ്രതീക്ഷിതമായുണ്ടായ കാററും കോളും നിമിത്തം വഞ്ചികളൊക്കെ മറിഞ്ഞു; പാവപ്പെട്ട ആ മീൻപിടിത്തക്കാർ മറിഞ്ഞ വഞ്ചിയിൽനിന്നു പിടിവിടാതെ കിടന്നു. കടലിൻെറ ഗതിയനുസരിച്ച് അവരും നീങ്ങി. കല്ലോലങ്ങളോടു മല്ലിട്ടും പട്ടിണികൊണ്ടു പൊരിഞ്ഞും ലവണജലത്തെ മാത്രം അവലംബിച്ച് അവരങ്ങിനെ ലക്ഷ്യംകൂടാതെ നീങ്ങി. ദാക്ഷിണ്യമില്ലാത്ത പ്രകൃതിയോടുള്ള ഈ പോരിൽ ഓരോരുത്തരായി മരണത്തിനിരയായി. അങ്ങനെ ഇരുപത്തിനാലുപേർ തങ്ങളുടെ ജീവിതം കടലിനു സമർപ്പിച്ചു. അവശേഷിച്ച രണ്ടുപേർ പതിനാറു ദിവസത്തിനുശേഷം വളരെ അകലെ എങ്ങോ ഒരിടത്തു കരയ്ക്കണഞ്ഞു. എല്ലും തോലും മാത്രം അവശേഷിച്ച ഈ രണ്ടു മുക്കുവന്മാരുടെ ജീവൻ അററുപോയിരുന്നില്ല. ആരോ ചിലർ ഇവർ കിടക്കുന്നതു കണ്ടു. അടുത്തുചെന്നു നോക്കിയപ്പോൾ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെന്നു തോന്നി. അവരെ ആസ്പത്രിയിലേക്കെടുത്തുകൊണ്ടുപോയി ശുശ്രൂഷയ്ക്കേർപ്പാടുചെയ്തു. ആ മത്സ്യബന്ധനസംഘക്കാർക്കനുഭവപ്പെട്ട ദുരന്തകഥ വിവരിച്ചുതരാൻവേണ്ടിയായിരിക്കും കടൽ ഈ രണ്ടുപേരെ വിട്ടുതന്നതു്.

കടലിലെ മീൻപിടിത്തം ഇങ്ങനെ അനേകമനേകം ആകസ്മിക ദുരന്തങ്ങളുണ്ടാക്കുന്നുണ്ടെങ്കിലും ആദായകരമായ ഈ തൊഴിൽ ശാസ്ത്രപുരോഗതിയോടൊപ്പം അഭിവൃദ്ധി പ്രാപിച്ചുവരുന്നുണ്ട്. മത്സ്യബന്ധനത്തിനുമാത്രം വേണ്ടി പണിതുണ്ടാക്കുന്ന ബോട്ടുകൾ ഉപയോഗിച്ച് ഏഴെട്ടു നാഴിക അകലെപോയി, പ്രഭാതം മുതൽ പ്രദോഷം

വരെ, ആഴിയുടെ അഗാധതയിൽ വലയിട്ട് ബോട്ടുനിറയെ മത്സ്യവുമായി കരയ്ക്കണഞ്ഞു് ആയിരവും ആയിരത്തഞ്ഞൂറും രൂപവരെ നിത്യം വരുമാനമുണ്ടാക്കാൻ ചിലർക്കു സാധിക്കുന്നു. ഇന്നു കേരളത്തിൽ കുടിയിരിപ്പുപോലും വിററു് ഇത്തരം സംരംഭങ്ങളിലിറങ്ങുന്നവരുണ്ടു്. അതീവ അഭികാമ്യമായ ഒരു വ്യവസായമാണു് ഈ മത്സ്യബന്ധനം. എൻെറ സ്നേഹിതൻ റോഡ്രിക്സ് ഈയിടെ തൻെറ ഉദ്യോഗം രാജിവച്ചെന്നു കേട്ടപ്പോൾ ഞാൻ അമ്പരന്നു. അദ്ദേഹത്തിനു വീടുണ്ടു്; ഭാര്യയുണ്ടു്; കുട്ടികളുണ്ടു്. ആ കുട്ടികളിൽ ആരും തനിക്കുതാൻപോന്നവരായിക്കഴിഞ്ഞിട്ടുമില്ല. എന്നിട്ടും, യാതൊരു ക്ലേശവും കൂടാതെ റോഡ്രിക്സ് തൻെറ ഉദ്യോഗം—ബർമ്മാഷെൽ കമ്പനിയിൽ ഒട്ടും മോശമല്ലാത്ത ഒരു ഉദ്യോഗമായിരുന്നു അതു്— രാജിവച്ചെന്നു കേട്ടപ്പോൾ പലർക്കും അത്ഭുതം തോന്നി. എന്തു ചെയ്യുന്നുവെന്നന്വേഷിച്ചപ്പോഴാണു് അദ്ദേഹം ഒരു ഫിഷിങ് ബോട്ടു വാങ്ങി കടലിനോടു് മല്ലടിക്കുകയാണെന്നറിഞ്ഞതു്. ഈ പോരൊന്നു നേരിട്ടു കാണാൻ എനിക്കും മററു ചിലർക്കും കൗതുകം തോന്നി. വിവരം റോഡ്രിക്സിനെ അറിയിച്ചു. ഒരു ഞായറാഴ്ച അദ്ദേഹം അതിനുവേണ്ടി ഒഴിച്ചിട്ടു. ആ ഞായറാഴ്ച, പതിവിൽനിന്നു വ്യത്യസ്തമായി, രാവിലെ പത്തു മണിക്കു പുറപ്പെട്ടാൽ മതിയെന്നു റോഡ്രിക്സ് മുന്നറിവുതന്നു. എൻെറ അയൽവാസിയായ ഒരു സായിപ്പും അദ്ദേഹത്തിൻെറ മദാമ്മയും മറെറാരു അയൽവീട്ടിലെ തമ്പി എന്നു പേരായ ഒരു സ്കൂൾകുട്ടിയും ഞാനുമായിരുന്നു അന്നു മീൻ പിടിത്തക്കാഴ്ച കാണാൻ പുറപ്പെട്ടവർ.

കൃത്യം പത്തു മണിക്കു ഞങ്ങളെല്ലാവരും എറണാകുളത്തെ രാംമോഹൻ ബോട്ടുജെട്ടിയിൽ ഹാജരായി. ഞങ്ങൾ നാലുപേർക്കു പുറമെ ബോട്ടുടമസ്ഥൻ റോഡ്രിക്സ്, ബോട്ടിൻെറ പ്രവർത്തനം നടത്താനുള്ള രണ്ടുപേർ, വലയുടെ കയറുവലിക്കാൻ രണ്ടുപേർ എന്നിങ്ങനെ ആകെ ഒമ്പതു പേരുണ്ടായിരുന്നു ബോട്ടിൽ. യാത്രക്കാർക്കുള്ള ചെറിയ ബോട്ടുകളിൽനിന്നു് വ്യത്യസ്തമല്ല ഫിഷിങ് ബോട്ടു്. പക്ഷേ, മേൽക്കൂടൊന്നും ഇല്ല. തീപോലുള്ള വെയിൽ ഞങ്ങളെ തളർത്താതിരിക്കാൻവേണ്ടി കാൻവസ് വലിച്ചുകെട്ടി തണലുണ്ടാക്കിത്തന്നു റോഡ്രിക്സ്. കാഴ്ചക്കാരായ ഞങ്ങൾ നാലുപേർക്കിരിക്കാനേ അതിനകത്തു സ്ഥലമുള്ളു. റോഡ്രിക്സും ബോട്ടിലെ വേലക്കാരും എഞ്ചിൻെറ മറുവശത്തുള്ള സ്ഥലത്തിരുന്നു.

പത്തരമണിയോടുകൂടി ബോട്ടു ജെട്ടിയിൽനിന്നു വിട്ടു. നേരെ പടിഞ്ഞാറോട്ടാണു് യാത്ര. സമുദ്രവും കായലും തമ്മിൽ യോജിക്കുന്ന അഴിമുഖത്തേയ്ക്കു നീങ്ങുന്തോറും കല്ലോലങ്ങളുടെ കോലാഹലം വർദ്ധിച്ചു. ഓരോ തിരയും ബോട്ടിനോടടുക്കുന്നതു കണ്ടാൽ

നമുക്കു ഭയം തോന്നും. ഇത്ര ചെറിയൊരു ബോട്ടിനു് ഈ തരംഗങ്ങളെ അതിലംഘിച്ചു മുന്നോട്ടു നീങ്ങാൻ സാധിക്കുമോ എന്നു നമുക്കു സംശയം തോന്നും. പക്ഷെ, യന്ത്രത്തിന്റെ സഹായം കൂടാതെ കേവലം പങ്കായംകൊണ്ടു തുഴഞ്ഞു് ഒററസ്ഥിരുന്നു നടുക്കടലിലേക്കു കുതിച്ചുപായുന്ന ചെറു വഞ്ചിക്കാരുടെ കഥയാലോചിച്ചപ്പോൾ എന്റെ സംശയം നീങ്ങി.

അഴിമുഖം കടന്നു. തിരകളുടെ തള്ളിച്ച അപ്പോഴും കുറഞ്ഞിട്ടില്ല. പക്ഷെ, പടിഞ്ഞാറോട്ടു നീങ്ങുന്തോറും അലകളുടെ ഉയരം കുറഞ്ഞുകൊണ്ടിരുന്നു. ഏതാണ്ടു് ഒരു നാഴികയോളം പടിഞ്ഞാറോട്ടു ചെന്നപ്പോൾ ഞങ്ങളുടെ വലതു വശത്തു കുറെ സ്ഥലത്തു സമുദ്രനിരപ്പിൽനിന്നു പൊങ്ങിയ ഒരു മണൽത്തിട്ടു കണ്ടു. അവിടെ പുല്ലു മുളച്ചിട്ടില്ല; മനുഷ്യനു താമസമുറപ്പിക്കാൻ തക്ക നില വന്നെത്തിയിട്ടില്ല. പരുന്തു്, കാക്ക, തുടങ്ങിയ സ്വച്ഛന്ദസഞ്ചാരികളായ പക്ഷികൾ മാത്രം അവിടെ ചെന്നിരുന്നു വിശ്രമിക്കുന്നുണ്ടു്. അടുത്തുകാലത്തു കടൽ കേരളത്തിനു സംഭാവനചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയാണിതു്. തോട്ടപ്പള്ളി മുതലായ സ്ഥലങ്ങളിൽനിന്നു കരയും അവിടെയുള്ള ആയിരക്കണക്കിനു കുടിലുകളും വിഴുങ്ങി പാവങ്ങളെ വിഷമിപ്പിക്കുന്ന ആ അറബിക്കടൽതന്നെ മററു ചില സ്ഥലങ്ങളിൽ കര നിമ്മിക്കുകയും ചെയ്യുന്നു. ഇത്രയും പ്രായമായിട്ടും അറബിക്കടലിന്റെ കുട്ടിക്കളി നോക്കു. വലതുകൈകൊണ്ടു തട്ടിപ്പറിച്ചെടുത്തു് ഇടതുകൈകൊണ്ടു മറെറാരിടത്തു നിക്ഷേപിക്കുന്നു. പക്ഷെ, എത്ര കുടുംബങ്ങളെയാണു് ഈ കുട്ടിക്കളിക്കിടയിൽ കഷ്ടതയിലാക്കുന്നതു്! ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല ഈ കളി.

ഞങ്ങളുടെ ബോട്ടു് പിന്നേയും പടിഞ്ഞാറോട്ടു നീങ്ങി. അഴിമുഖത്തുനിന്നു് ഏതാണ്ടു രണ്ടു മൈൽ ദൂരത്തെത്തിയപ്പോൾ മത്സ്യബന്ധനത്തിനുള്ള ശ്രമം ആരംഭിച്ചു. ബോട്ടിന്റെ പിൻവശത്തു് ഘടിപ്പിച്ചിട്ടുള്ള വലിയൊരു വലയുണ്ടു്. രണ്ടുപേർ അതെടുത്തു വെള്ളത്തിലേക്കിട്ടു. നേരേ കീഴ്പോട്ടു താഴത്തക്ക ഭാരം വലയിൽ ഘടിപ്പിച്ചിട്ടുണ്ടു്. വല താഴുന്തോറും കയർ അയച്ചുവിട്ടു കൊടുത്തുകൊണ്ടിരുന്നു. എന്നാൽ ഈ സംരംഭത്തിനിടയിൽ ബോട്ടു നിൽത്തേണ്ടതില്ല. അതു മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. വലയുടെ കയറും കുറെ നേരത്തേക്കു് അയച്ചയച്ചു വിട്ടുകൊണ്ടിരുന്നു. വല സമുദ്രത്തിനടിയിൽ മുട്ടിക്കിടക്കുന്നതുവരേയാണു് ഇങ്ങനെ കയർ അയച്ചുവിടുന്നതു്. ഏറെക്കുറെ അടിനിരപ്പിലെത്തിയെന്നു കണ്ടാൽ കയർ ബോട്ടിൽ കെട്ടിയുറപ്പിക്കും. ഇങ്ങനെ കുറെ ദൂരം സമുദ്രത്തിനടിയിൽ കിടക്കുന്ന വല മുമ്പോട്ടു വലിച്ചുകൊണ്ടു സാമാന്യം വേഗത്തിൽ ബോട്ടും ഓടിക്കൊണ്ടിരുന്നു. പോകുന്ന വഴിക്കുള്ള ജല

ജന്തുക്കൾ മുഴവൻ ഈ വലയ്ക്കുള്ളിൽ കുടുങ്ങുകയാണ് ചെയ്യുന്നതു്. അവ അറിഞ്ഞിട്ടുണ്ടാകുമോ ഈ ബന്ധനാവസ്ഥ ? ഇല്ലെന്നു് പറയു വാൻ നിവൃത്തിയില്ല. വിശാലമായ പാരാവാരത്തിൽ പലേടത്തു മായി യഥേഷ്ടം സഞ്ചരിച്ചിരുന്ന ഈ ജലജന്തുക്കൾ വലയുടെ അടിയിൽ ഒന്നിച്ചു കൂടുമ്പോൾ അപകടം ശങ്കിക്കില്ലേ ? പക്ഷേ, എങ്ങനെ പുറത്തുകടന്നു രക്ഷപ്പെടും ? വലയുടെ ഒരംശം മാത്രമേ തുറ ന്നിട്ടുള്ളൂ. ആ വഴിക്കു പുറത്തു കടക്കാനെന്താണ് തടസ്സം ?

ആ തടസ്സം വ്യക്തമാക്കാം. ബോട്ടു് അതിവേഗം മുമ്പോട്ടു നീങ്ങുന്നതിനാൽ വലയിൽപ്പെട്ട ജലജീവികളുടെ ഗതി സ്വാഭാവിക മായും പിമ്പോട്ടായിത്തീരുന്നു. അവർ അറിയാതെതന്നെ അങ്ങനെ സംഭവിക്കുകയാണ്. വലയുടെ അററത്തെത്തുമ്പോഴാണ് തങ്ങളുടെ സഹജീവികൾ അവിടെ കൂട്ടംകൂടികിടന്നു വിഷമിക്കുന്നതു കാണുക. പിന്നെ എങ്ങോട്ടാണ് ഓടുക ? ഇവരുടെ ഓട്ടത്തെ ജയിക്കാനുള്ള ഗതിവേഗം ബോട്ടിനുണ്ടു്. അതുകൊണ്ടു വലയിൽ പെട്ടാൽ പിന്നെ രക്ഷപ്പെടാൻ സാദ്ധ്യമല്ല. ഏതാനും ദൂരം ഇങ്ങനെ സഞ്ചരിച്ചശേഷം വലയുടെ കയർ വലിക്കാൻ തുടങ്ങി. ഇതു വളരെ പ്രയാസമുള്ള പണിയാണ്. രണ്ടുപേർ ഈ സംരംഭത്തിലേർപ്പെട്ടു് വല പൊക്കിയെടുത്തു് ഞങ്ങൾ ഇരിക്കുന്ന ഭാഗത്തു കുടഞ്ഞു. എല്ലാവരും കാൽ കീഴ്പ്പോട്ടേക്കിട്ടാണ് ഇരുന്നിരുന്നതു്. വല കുടഞ്ഞപ്പോൾ അതിനകത്തുണ്ടായിരുന്ന ഞണ്ടുകൾ നാലുവശത്തേക്കും ഓടാൻ തുടങ്ങി. ഞാൻ കാൽ മേല്പോട്ടേക്കു വലിച്ചു. ഒട്ടെല്ലാ ഞണ്ടുകളേയും ബോട്ടിലെ വേലക്കാർ കാലിൻെറ അററത്തു പിടിച്ചു തൂക്കിയെടുത്തു കടലിലേക്കെറിഞ്ഞു. എന്നാൽ ഉപദ്രവം അവിടം കൊണ്ടും അവസാനിച്ചില്ല. അതാ ഒരു പാമ്പു് തല പൊക്കുന്നു. അതിനേയും വാലിൽ പിടിച്ചു കടലിലേക്കിട്ടു. അപ്പോഴേയ്ക്കും തലയുയർത്തി മറെറാരു പാമ്പു്. അതിനേയും കടലിലേക്കിട്ടു. ഇങ്ങനെ ആറു പാമ്പുകളെ തൂക്കിയെറിയേണ്ടിവന്നു. ഒടുവിൽ. മത്സ്യം മാത്രം അവശേഷിച്ചു. അവ ഞണ്ടിനെപ്പോലെ ഞങ്ങളെ ശല്യപ്പെടുത്തിയില്ല.

വല കുടഞ്ഞു പഴയമട്ടിൽ വീണ്ടും വെള്ളത്തിലേയ്ക്കിട്ടു. അപ്പോഴേയ്ക്കും സമയം ഏതാണ്ടു് രണ്ടുമണിയായി. സായിപ്പും മദാമ്മയും ചില ഭക്ഷണപദാർത്ഥങ്ങൾ കൊണ്ടുവന്നിരുന്നു. അതിൽ ഒരോഹരി എനിക്കും കിട്ടിയതിനാൽ വെയിലിൻെറ പൊരിച്ചിലോ, വിശപ്പോ ഞാൻ അറിഞ്ഞില്ല. പോരെങ്കിൽ ബോട്ടിൽ കിടക്കുന്ന പലതരം മത്സ്യങ്ങളുടെ പിടച്ചിലും ഞണ്ടുകളുടെ ഓട്ടവും എല്ലാംകൂടി നല്ല തമാശയായിരുന്നു. രണ്ടാംവട്ടം ഇട്ട വല മേല്പോട്ടേക്കു കയററുന്നതുവരേയുള്ള സമയം പോയതു ഞങ്ങളാരും അറിഞ്ഞില്ല.

ആദ്യത്തേക്കാൾ വളരെ കൂടുതൽ ജലജീവികളെ ഇത്തവണ കിട്ടി. അതിൽ പാമ്പിന്റെ എണ്ണം പത്തായിരുന്നു. നല്ല ഞണ്ടും ധാരാള മുണ്ടായിരുന്നു. രണ്ടുവട്ടം വലവീശൽ കഴിഞ്ഞപ്പോൾ ബോട്ടു കിഴക്കോട്ടു തിരിച്ചു. മടക്കയാത്രയിലും വലയിട്ടു. അപ്പോഴും കണ്ടു മത്സ്യങ്ങൾക്കു പുറമെ ഞണ്ട്, പാമ്പ് തുടങ്ങിയ ജലജീവി കളെ. മേത്തരം ഞണ്ടുകളെ നോക്കി തിരഞ്ഞെടുത്ത് വലിയൊരു ബക്കററിൽ നിറച്ചു. സായിപ്പിന് അതിഷ്ടമാണെന്നു തോന്നുന്നു. വൻതരം ചെമ്മീൻ വർഗ്ഗത്തേയും തിരഞ്ഞെടുത്തു. അപ്പോഴയ്ക്കും ബോട്ട് അഴിമുഖത്തെത്താറായി. ഒരു ചെറുവഞ്ചി ഞങ്ങളെ സമീപിച്ചു. അതിൽ രണ്ടുപേരുണ്ടായിരുന്നു. ഫിഷിങ് ബോട്ടു കാരോടു മത്സ്യം വിലയ്ക്കു വാങ്ങാൻ ഇറങ്ങിപ്പുറപ്പെട്ട കൂട്ടരാണവർ. തിരഞ്ഞുവെച്ചതു കഴിച്ചുള്ള മത്സ്യത്തെ അവർ നാൽപ്പത്തഞ്ചു രൂപ വിലവെച്ചെടുത്തു. നാലുമണിയോടുകൂടി ഞങ്ങൾ ജട്ടിയിൽ മടങ്ങി യെത്തി.

ആ വിനോദയാത്ര ഒരിക്കലും ഞാൻ മറക്കില്ല. അപാരമായ സമുദ്രത്തിലെ സഞ്ചാരത്തിനിടയിൽ നാലഞ്ചുമണിക്കൂർ കഴിഞ്ഞു പോയതു ഞങ്ങളാരും അറിഞ്ഞില്ല. ഇടയ്ക്കു ചെറുതും വലുതുമായ ഫിഷിങ് ബോട്ടുകൾ വേറെയും കണ്ടു. ഞങ്ങളെപ്പോലെ വിനോദ യാത്രയ്ക്കിറങ്ങിയ ബോട്ടുകളായിരുന്നില്ല അവ. അതുകൊണ്ട് അഗാധമായ സമുദ്രത്തിലേക്കു നീങ്ങി സന്ധ്യയാകുന്നതുവരെ മത്സ്യം പിടിക്കാനായിരിക്കണം പരിപാടി. നല്ല ആദായമുള്ള വ്യവസായമാണല്ലോ! കടലിലേക്കിറങ്ങിയാൽ കിട്ടാവുന്നത്രയും കൊണ്ടല്ലേ മടങ്ങുകയുള്ളു! ഇരുപതിനായിരം രൂപയോളം വില യുണ്ട് ഒരു ബോട്ടിന്. മത്സ്യബന്ധനത്തിനിടയിൽ വല വല്ല പാറമേലും തട്ടിയാൽ തിരിച്ചുകിട്ടാൻ പ്രയാസം നേരിടും. വല വീണ്ടും കിട്ടിയില്ലെങ്കിൽ ആയിരം രൂപയിൽ കൂടുതൽ നഷ്ടം സംഭവിക്കും. എന്നാൽ ആകസ്മികമായി സംഭവിക്കുന്ന ഈ നഷ്ടങ്ങളെ വകവെയ്ക്കാതെ ധൈര്യസമേതം പണമിറക്കി മത്സ്യ ബന്ധന സംരംഭത്തിലേർപ്പെടാൻ ധാരാളംപേർ മുന്നോട്ടുവരുന്നുണ്ട്.

### അഭ്യാസം

1. വിഭക്തി ഏതെന്നു നിർണ്ണയിക്കുക:—

   വഞ്ചികളിൽ; കല്ലോലങ്ങളോട്; തങ്ങളുടെ; മത്സ്യത്തെ.

2. "രണ്ടുപേർ ഈ സംരംഭത്തിലേർപ്പെട്ടു വല പൊക്കിയെടുത്തു ഞങ്ങ ളിരിക്കുന്ന ഭാഗത്തു കടഞ്ഞു.

കീഴ്‌വരയിട്ട പദങ്ങളുടെ വ്യത്യാസം ശ്രദ്ധിക്കുക. എല്ലാം ക്രിയകളാ ണെന്നു തോന്നാം. ശരിയല്ലെന്നുമില്ല. എന്നാൽ, അവയുടെ കഴിവ് ഒരുപോ

498



ലെയല്ല. 'ഏർപ്പെട്ട', 'പൊക്കി', 'എടുത്തു' എന്നീക്രിയകൾ ഈ വാക്യത്തിൽ വഹിക്കുന്ന പങ്ക് അത്ര ഗൗരവമുള്ളതല്ല. 'കടഞ്ഞു' എന്ന കൃതിക്കാണ് ഇവിടെ ബലം. മററുള്ളവ 'കടഞ്ഞ' എന്ന കൃതിയെ ആശ്രയിച്ചു നില്ക്കുന്നു. ഇങ്ങനെ അന്യപദാശ്രയം കൂടാതെ നില്ക്കുന്ന കൃതിക്ക് മുററുവിന എന്നും മറെറാരു പദത്തെ ആശ്രയിച്ചു നില്ക്കുന്ന കൃതിക്ക് പററുവിന എന്നും പറയുന്നു. പററിപ്പിടിച്ചു നില്ക്കുന്നതുകൊണ്ടാണ് 'പററുവിന' എന്നു പേരിട്ടതു്.

3. ഈ പാഠത്തിൽനിന്നു് ഏതാനും മുററുവിനകളും പററുവിനകളും തിരഞ്ഞെടുക്കുക.

4. ഫിഷിങ് ബോട്ടുപയോഗിച്ചു മീൻ പിടിക്കുന്ന സമ്പ്രദായം വിവരിക്കുക.

---

പാഠം 3

## സുഭദ്ര

[ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ സൗഭദ്രികകഥ എന്ന ഭാഗത്തിൽ സുന്ദരിയായ സുഭദ്രയെ വർണ്ണിക്കുന്ന ചില വരികളാണ് താഴെ കൊടുത്തിരിക്കുന്നതു്. ചെറുശ്ശേരിയുടെ അലങ്കാരപ്രയോഗചാതുരിക്കു നല്ലൊരു ഉദാഹരണമാണ് ഈ വരികൾ.]

ദ്വാരകാതന്നിലിന്നുണ്ടൊരു കന്യക
സീരവരായുധ സോദരിയായ്.

ഇന്നവൾ തന്നുടെ കാന്തിയെ വാഴ്ത്തുവാൻ
മന്നിടം തന്നകത്താരുമില്ലേ.

ചൊല്ലരുതെങ്കിലും മെല്ലെമെല്ലിങ്ങനെ
ചൊല്ലിനിന്നീടുവൻ നല്ലവണ്ണം.

അഞ്ചമ്പൻ തന്നുടെ ബാണത്തെച്ചന്തത്തിൽ
ചെഞ്ചമ്മേ നിന്നു പിഴിഞ്ഞു പിന്നെ

വെൺതിങ്കൾ തന്നെത്തൊലിച്ചുചമച്ചുടൻ
വെണ്മ വരുത്തിയലിച്ചു തന്നിൽ

ബാണങ്ങളഞ്ചിൻെറ നന്മണം തന്നെയും
പാത്തുകണ്ടങ്ങതിലാക്കിപ്പിന്നെ.

മാനിനി തന്നുടെയാനനമിങ്ങനെ
മാനിച്ചുനിന്നു ചമച്ചു പിന്നെ.

ശേഷിച്ചനിന്നൊരു ലേശത്തെക്കൊണ്ടടൻ
ദോഷത്തെ കൈവിട്ടൊരാനനത്തെ

പിന്നെയും നിമ്മിച്ചനിന്നൊരു നേരത്ത–
തിന്ദുതന്മണ്ഡലമായ് ചമഞ്ഞു.

ക്ഷാളനം ചെയ്യാനപ്പാണികരം പിന്നെയ-
ന്നാളീകസംഭവൻ തോയം തന്നിൽ

എന്നതുകൊണ്ടു നൽ പങ്കജജാലങ്ങ-
ളിന്നുമുണ്ടാകുന്നു തോയം തന്നിൽ.

കൃഷ്ണഗാഥ] [ചെറുശ്ശേരി

## അഭ്യാസം

1. സുഭദ്രയെ സൃഷ്ടിക്കുവാൻ ബ്രഹ്മാവ് ഉപയോഗിച്ച വസ്തുക്കരം ഏവ ? അവ ഓരോന്നിൽനിന്നും സുഭദ്രയ്ക്കു ലഭിച്ച പ്രത്യേക ഗുണങ്ങരം ഏവ ?

2. കവിയുടെ അഭിപ്രായത്തിൽ ചന്ദ്രനും താമരപ്പൂക്കളും എങ്ങനെ സംഭവിച്ചു ?

3. പദ്യത്തിലെ ആശയത്തെ അടിസ്ഥാനമാക്കി സ്വന്തവാക്യത്തിൽ സുഭദ്രയുടെ സൗന്ദര്യം വർണ്ണിക്കുക.

4. (a) പര്യായം പറയുക;—
ബ്രഹ്മാവ്; ബലഭദ്രൻ; സുഭദ്ര; കാമദേവൻ.

(b) പിരിച്ചെഴുതുക:—
സോദരിയായ; ആരുമില്ല; ചെയ്യാനപ്പാണികരം.

(c) ചേർത്തെഴുതുക:—
തന്നിൽ+ഉണ്ട്+ഇന്ന്+ഒരു
ആനനം+ഇങ്ങനെ

---

പാഠം 4

# വിശ്രമിക്കുന്ന വിദ്യുച്ഛക്തി

ജീവിതസൗകര്യങ്ങരം അനുനിമിഷം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. സമയത്തേയും ദൂരത്തേയും വേദനയേയും ആധുനികശാസ്ത്രം ജയിച്ചുകഴിഞ്ഞു. ഭൂഗോളത്തിൻെറ ഏതു മൂലയിലിരുന്നു സംസാരിക്കുന്നതും, നമ്മെ

കേൾപ്പിക്കുവാൻ റേഡിയോവിനു സാധിക്കും. എവിടെയിരിക്കുന്ന ആളെയും ടെലിവിഷൻ വഴി നമുക്കു നേരിട്ടു കാണാം. ഒരു ജെററ് വിമാനത്തിൽ കയറി യാത്ര ചെയ്താൽ ലോകം മുഴുവൻ ചുററിവരാൻ വളരെ കുറച്ചേ സമയം വേണ്ടു. വേദനയറിയിക്കാതെ എത്ര വലിയ ശസ്ത്രക്രിയയും മനുഷ്യന്റെമേൽ നടത്തത്തക്കവിധം ചികിത്സാസമ്പ്രദായങ്ങളും പരിഷ്കരിച്ചുകഴിഞ്ഞു. ഇങ്ങനെ, സമയവും ദൂരവും വേദനയും മനുഷ്യന് വളരെ നിസ്സാരമായിത്തീൎന്നു. വാൎദ്ധക്യവും മരണവും മാത്രമേ ഇനി അജയ്യമായിട്ടുള്ളു. എത്രയെത്ര അത്ഭുതങ്ങളാണ് ഈ ശാസ്ത്രയുഗം നമുക്ക് അനുഭവപ്പെടുത്തിത്തരുന്നത്!

ആധുനികശാസ്ത്രത്തിന്റെ എണ്ണമററ ഈ സംഭാവനകളിൽ ഏറിയപങ്കും സാധിപ്പിക്കുന്നത് വിദ്യുച്ഛക്തിയാണ്. സാമാന്യം പരിഷ്കാരം സിദ്ധിച്ച ഏതൊരു നാട്ടിലും, ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, വിദ്യുച്ഛക്തിയുടെ പ്രവൎത്തനം കാണാം. വീട്ടിനകത്തു വെളിച്ചം കിട്ടാൻ നാട്ടിൻപുറത്തുപോലും വൈദ്യുതദീപങ്ങളാണുപയോഗിക്കുന്നത്. റേഡിയോവിൽക്കൂടി പാട്ടു കേൾക്കാൻ, മോട്ടോർവാഹനങ്ങൾ ചലിപ്പിക്കാൻ, സിനിമാ നടത്തുവാൻ, കമ്പിസന്ദേശങ്ങളയയ്ക്കാൻ എന്നു തുടങ്ങി നിത്യജീവിതത്തിൽ വിദ്യുച്ഛക്തി പ്രവൎത്തനം ഏതെങ്കിലുമൊരു രൂപത്തിൽ കണ്ടിട്ടില്ലാത്തവർ കേരളക്കരയിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. വലിയ പരിഷ്കാരം സിദ്ധിച്ച നഗരങ്ങളിലാകട്ടേ, ഒട്ടെല്ലാ സംരംഭങ്ങളും വിദ്യുച്ഛക്തി വ്യാപാരംകൊണ്ടാണ് നടത്തുന്നത്. നാലു മണിക്കൂർ നേരം വിദ്യുച്ഛക്തി ലഭിച്ചില്ലെങ്കിൽ വ്യവസായങ്ങൾ സ്തംഭിക്കും; തൊഴിലാളികൾക്കു പണിമുടങ്ങും; ഉൽപാദനം നിലയ്ക്കും; പത്രങ്ങൾ മുടങ്ങും; പല വിഷമങ്ങളും അനുഭവപ്പെടും.

മനുഷ്യജീവിതം ഇത്രമേൽ വിഭവസമൃദ്ധവും സുഖപ്രദവുമാക്കിത്തീൎക്കാൻ സഹായിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യുച്ഛക്തി എങ്ങനെ കണ്ടെത്തി ? എവിടെയാണ് കണ്ടെത്തിയത് ? അതറിയാൻ നിങ്ങൾക്കു കൗതുകം തോന്നാതിരിക്കുമോ ?

ആംബർ (amber) എന്നൊരു സാധനം നിങ്ങൾ കണ്ടിട്ടുണ്ടോ? മഞ്ഞനിറത്തിലുള്ള ഒരു തരം കല്ലാണ് ആംബർ. വളരെ വേഗം തേയ്മാനം സംഭവിക്കാത്ത വിധം കട്ടപ്പം കൂടിയ ഈ കല്ല് ആഭരണങ്ങളുണ്ടാക്കാനും മററും ഉപയോഗിക്കാറുണ്ട്. എന്നാൽ, അംഗനമാരുടെ ആഭരണത്തിനു മാത്രമല്ല, അതിനേക്കാൾ

ഉപരിയായ കാര്യങ്ങൾക്കും ഉപയോഗിക്കാവുന്ന രത്ന വിശേഷമാണ് ആംബർ. അമൂല്യവും അത്ഭുതജനകവുമായ ഒരു വിശേഷശക്തി അതിൽ അന്തർലീനമായികിടപ്പുണ്ടെന്നു പണ്ടത്തെ ഗ്രീക്കുകാർ കണ്ടെത്തി.

സംഭവം ഇങ്ങനെയാണുണ്ടായതു്. ഗ്രീസ്സിൽ ഒരാൾ യാദൃച്ഛിക മായി ഒരു ആംബർക്കല്ലെടുത്തു കുറെ നേരം കമ്പിളിത്തുണികൊണ്ടു തുടച്ചപ്പോൾ അതിനു് അസാധാരണമായൊരു ശക്തിയുണ്ടെന്നു കണ്ടെത്തി. അല്പനേരത്തെ സംഘർഷംകൊണ്ടു കല്ലിൻെറ തണുപ്പു വിട്ടപ്പോൾ അടുത്തു കിടന്നിരുന്ന ഉണങ്ങിയ ഇലകൾ ആ കല്ലിലേക്കു ചാടിപ്പിടിച്ചു. കനം കുറഞ്ഞ ഏതു സാധനവും ആക ്ഷിക്കാനുള്ളശക്തി ആംബർക്കല്ലിനുണ്ടെന്നു ബോദ്ധ്യ പ്പെടുവാൻ വലിയ താമസമൊന്നും വേണ്ടിവന്നില്ല.

ഈ പരീക്ഷണത്തിനുവേണ്ടി നിങ്ങളാരും ആംബർ ക്കല്ലന്വേഷിച്ചു വിഷമിക്കണമെന്നില്ല. പ്ലാസ്റ്റിക്ക്, സെല്ലു ലോയ്ഡ് മുതലായവകൊണ്ടുണ്ടാക്കിയ പല സാധനങ്ങളും നിങ്ങളുടെ വീട്ടിലുണ്ടാവും. കൊച്ചുകുട്ടികളുടെ കളിക്കോപ്പുകൾ പലതും പ്ലാസ്റ്റിക്കാണ്. തല ചീകാനുപയോഗിക്കുന്ന ചീപ്പ്, നിങ്ങൾ വരയിടാനുപയോഗിക്കുന്ന റൂളർ മുതലായി നിത്യോ പകരണങ്ങളിൽ പലതും പ്ലാസ്റ്റിക്കുകൊണ്ടു നിർമ്മിക്കുന്നുണ്ട്. അത്തരം ചീപ്പോ റൂളറോ എടുത്തു് ഒരു കമ്പിളിത്തുണികൊണ്ടു കുറച്ചു നേരം തുടയ്ക്കുക. ആംബറിലെന്നപോലെ ഇവിടേയും വിദ്യുച്ഛക്തി വ്യാപാരം അനുഭവപ്പെടും. ഒരു കടലാസ്സെടുത്തു കൊച്ചുകഷണങ്ങളായി ചീന്തിയിട്ട്, നിങ്ങൾ തുടച്ചെടുത്ത ചീപ്പോ റൂളറോ അതിനരികെ കാണിക്കുക. ഏതാനും കടലാസ്സുകഷണങ്ങൾ അങ്ങോട്ടു ചാടുന്നതു കാണാം. ചിലതു ചാടുക മാത്രമല്ല, ചീപ്പിൽ പററിപ്പിടിച്ചിരിക്കുകയും ചെയ്യും.

വിദ്യുച്ഛക്തിക്കു് Electricity എന്നാണ് ഇംഗ്ലീഷിൽ പേർ, 'Electron' എന്ന പദത്തിൽനിന്നാണ് ഈ പേരുണ്ടായതു്. ആംബർക്കല്ലിനു Electron എന്നാണ് ഗ്രീക്കുഭാഷയിലെ പേരു്. വിദ്യുച്ഛക്തി ആദ്യമായി കണ്ടെത്തിയതു് Electron എന്ന കല്ലിലായതുകൊണ്ടു് ആ ശക്തിവിശേഷത്തിനു് Electricity എന്നു പേർ നൽകി. ആംബർക്കല്ലിൽ ഒളിഞ്ഞുകിടക്കുന്ന വൈദ്യുതശക്തി കണ്ടെത്തിയതു ഗ്രീക്കുകാരായതിനാൽ അവരുടെ ഭാഷയെ ആശ്രയിച്ചുള്ള പേർ അതിനു സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടു. ശാസ്ത്രപരീക്ഷണംകൊണ്ടുണ്ടാകുന്ന നവ്യസംഭാവനകൾക്കെല്ലാം,

ഇതുപോലെ, ജനനസ്ഥലത്തെ ഭാഷയിലെ പേരാണ് പലപ്പോഴം പതിഞ്ഞുകാണുന്നതു്.

ഇലക്ട്രോണിൽ ഇദംപ്രഥമമായി കണ്ടെത്തിയ ഈ വിദ്യുച്ഛക്തി ഒരിടത്തുനിന്നു് മറെറാരിടത്തേക്കു ചലിക്കാൻ കെല്പുള്ളതല്ല. അതുകൊണ്ടാണു് 'വിശ്രമിക്കുന്ന വിദ്യുച്ഛക്തി' എന്നു നാമകരണം ചെയ്തതു്. ശക്തി യഥേഷ്ടം ചലിപ്പിക്കുവാൻകൂടി നമുക്കു സാധിക്കണം. വിളക്കു പ്രകാശിപ്പിക്കുവാനും, റേഡിയോ പ്രവത്തിപ്പിക്കുവാനും ചലിക്കുന്ന ശക്തിയാണാവശ്യം. വൈദ്യുത വ്യാപാരംകൊണ്ടു ചൂടും വെളിച്ചവും ഉൽപാദിപ്പിക്കണമെങ്കിൽ അതിനു ചലനശക്തിയും കൂടി ഉണ്ടാക്കിയേ മതിയാകൂ. പക്ഷേ, വിദ്യുച്ഛക്തി ചലിക്കാൻ തുടങ്ങിയാൽ വളരെ കരുതലോടുകൂടിയേ അടുത്തു പെരുമാറാൻ പാടുള്ളു. ശ്രദ്ധയില്ലാതെ ചെന്നു കൈവെച്ചാൽ അപകടം പിണയുമെന്നു് ഓമ്മയുണ്ടായിരിക്കുക.

എന്നാൽ, വിശ്രമിക്കുന്ന വിദ്യുച്ഛക്തി നിങ്ങൾക്കുണ്ടാക്കാവുന്നതാണു്. അതിൽ നടത്തുന്ന പരീക്ഷണങ്ങളിൽ അപായത്തിനും വഴി കാണുന്നില്ല. മഴയില്ലാത്ത സമയമാണു് പരീക്ഷണത്തിനു് ഉചിതം. വായുവിൽ നീരാവിയുണ്ടെങ്കിൽ നിങ്ങളുടെ ഉപകരണങ്ങളുടെ തണുപ്പു മാറിക്കിട്ടാൻ പ്രയാസം നേരിടും.

പരീക്ഷണത്തിനു പററിയ ഏതാനും പദാത്ഥങ്ങളുടെ ഒരു പട്ടിക തരാം. ആംബർക്കല്ലു്, പ്ലാസ്റ്റിക്കു്, സെല്ലുലോയ്ഡു്, കോലരക്കു്, എന്നീ സാധനങ്ങൾ നിങ്ങൾക്കു പരീക്ഷിച്ചു നോക്കാവുന്നതാണു്. അതിൽ നനവുണ്ടായിരിക്കരുതെന്നുമാത്രം. പ്ലാസ്റ്റിക്കു് റൂളർ, ചീപ്പു്, ഫൗണ്ടൻ പേന തുടങ്ങി പല സാധനങ്ങളും നിങ്ങൾ നിത്യം ഉപയോഗിക്കുന്നുണ്ടല്ലോ! ഒരു കമ്പിളിത്തുണിത്തുണ്ടുംകൂടി സമ്പാദിച്ചാൽ പരീക്ഷണം തുടങ്ങാം. കട്ടപ്പമുള്ള മറേറതെങ്കിലും സാധനവും നിങ്ങൾ എടുത്തു പരീക്ഷിച്ചു നോക്കിക്കൊൾക. ഭാഗ്യവശാൽ അതിലും വിദ്യുച്ഛക്തി കണ്ടെത്തുന്നെങ്കിൽ അഭിമാനിക്കാൻ വകയായി. നിങ്ങളെപ്പോലുള്ളവർ ക്ഷമയോടെ ചെയ്ത നിരന്തരപരിശ്രമത്തിൻെറ നേട്ടങ്ങളാണു് ആധുനികലോകത്തെ ഇത്രയേറെ വിഭവസമ്പന്നമാക്കീട്ടുള്ളതെന്നു മനസ്സിലാക്കുക.

കടലാസ്സുതുണ്ടുകൾ ചാടിക്കാൻ നിങ്ങൾ പഠിച്ചുകഴിഞ്ഞല്ലോ! ഇനി മറെറാരു വിദ്യ പറയാം. നിങ്ങളിൽ ചിലരുടെ

വീട്ടിലെങ്കിലും കുഴൽവെള്ളം ഉപയോഗിക്കുന്നുണ്ടായിരിക്കാം. ടാപ്പ് തെല്ലൊന്നു തുറന്നു് ഒരു നൂൽ കനത്തിൽ വെള്ളം വീഴ്ത്തുക. കമ്പിളിത്തുണികൊണ്ടു് തുടച്ച ചീപ്പോ റൂളറോ അതിനടുത്തു കാണിച്ചാൽ വെള്ളം അങ്ങോട്ടു വളയുന്നതു കാണാം. തെല്ലു താഴെയായി മററൊരു ചീപ്പ് ഇതുപോലെതന്നെ മറുവശത്തു കാണിച്ചാൽ വെള്ളം അങ്ങോട്ടു വളയും. കുഴൽവെള്ളമില്ലാത്ത വീടുകളിലും ഈ വിദ്യ പരീക്ഷിക്കുവാൻ ഉപായമുണ്ടു്. നിങ്ങൾ ഉണ്ണാനുപയോഗിക്കുന്ന കിണ്ണം നിറയെ വെള്ളമൊഴിച്ച് ഒരു ചെറിയ മുരൽക്കിണ്ടി അതിൽ കമഴ്ത്തിവെയ്ക്കുക. കിണ്ടിക്കു് അനക്കം വരുത്താതെ ആ മുരലിൽക്കൂടി തെല്ലു വെള്ളം വായിലേക്കു വലിച്ചെടുത്താൽ കിണ്ണത്തിലെ വെള്ളം തീരാറാവുന്നതുവരെ ധാരമുറിയാത്ത ജലപാതം കാണാം. വെള്ളം മുരലിൽക്കൂടി താഴെ വീഴുമ്പോൾ മേൽപ്പറഞ്ഞ വിദ്യ നിങ്ങൾക്കു പരീക്ഷിച്ചു നോക്കാം. അഥവാ ഒരാൾ വെള്ളം നേരിയ കനത്തിൽ കീഴോട്ടൊഴിക്കുന്ന അവസരത്തിൽ മററൊരാൾക്കു ചീപ്പു തുടച്ചു കാണിക്കാനും സാധിക്കുമല്ലൊ!

ഇനി വേറൊരു വിദ്യ പറയാം. പ്ലാസ്റ്റിക്ക് ബലൂൺ കൊണ്ടു നിങ്ങൾ കളിക്കാറില്ലേ ? അതു മേല്പോട്ടെറിയുകയും തട്ടിക്കളിക്കുകയും മററും ചെയ്യാറുണ്ടല്ലോ ? എറിയുമ്മുമ്പേ അതിൻെറ ഒരു ഭാഗം കമ്പിളിത്തുണിയിൽ ഉരച്ചു ചൂടുപിടിപ്പിച്ചു ചുമരിലേക്കിട്ടാൽ അതു് അവിടെ പററിപ്പിടിച്ചുനില്ക്കുന്നതു കാണാം.

വിശ്രമിക്കുന്ന വിദ്യുച്ഛക്തിയുണ്ടാക്കി ഈ മട്ടിൽ പല പരീക്ഷണങ്ങളും മനോധർമ്മം പോലെ നിങ്ങൾക്കു നടത്താവുന്നതാണു്. അതിൽ അപകടമൊന്നും ഭയപ്പെടാനില്ല. എന്നാൽ, നിങ്ങളുടെ വീട്ടിൽ ലഭിക്കുന്ന വിദ്യുച്ഛക്തിക്കു ചലനശക്തിയുണ്ടു്. അതിന്മേൽ ചെന്നു പരീക്ഷണത്തിനു തുനിയുന്നതു് ആപത്താണു്. അതു കൊണ്ടു വരാവുന്ന അപകടങ്ങളും രക്ഷാമാർഗ്ഗങ്ങളും മനസ്സിലാക്കിയ ശേഷം അങ്ങോട്ടും നിങ്ങൾക്കു ചെല്ലാം.

അഭ്യാസം

1. പരിഷ്കാരം സിദ്ധിച്ച നഗരങ്ങളിൽ വിദ്യുച്ഛക്തി ഉപയോഗിക്കുന്നു.

ഇവിടെ കീഴ്‌വരയിട്ട പദങ്ങൾ നോക്കുക. 'ഉപയോഗിക്കുന്നു' എന്ന ക്രിയയാണു് ഇവിടെ പ്രധാനം. അതിനു മുററുവിന എന്നു പേർ പറയാനും നിങ്ങൾക്കറിയാം. എന്നാൽ 'സിദ്ധിച്ച' എന്ന പദവും ഒരു തരത്തിൽ ക്രിയ തന്നെയല്ലേ ? ആണെന്നു തോന്നാം; ഒററയ്ക്കു നില്ക്കാൻ ബലമില്ലെന്നു മാത്രം. അതിനു പററുവിന എന്നു പേർ പറയാനും നിങ്ങൾക്കറിയാം,

2. താഴെ പറയുന്ന വാക്യം ശ്രദ്ധിക്കുക:—

"ഒരു കടലാസ്സെടുത്തു കൊച്ചുകഷണങ്ങളായി ചീന്തിയിട്ട്, നിങ്ങൾ തുടച്ചെടുത്ത ചീപ്പോ, മുളറോ അതിനരികെ കാണിക്കുക."

'ഇവിടെ കീഴ്‌വരയിട്ട പദങ്ങളിൽ 'കാണിക്കുക' മുററുവിനയും മററുള്ളവ പററുവിനയുമാണെന്നു നിങ്ങൾക്കറിയാം. എന്നാൽ, ഈ പററുവിനകളെല്ലാം ഒരുപോലെയാണോ? 'ചീന്തി', 'ഇട്ടു്', എന്നീ പററുവിനകൾ കാണിക്കുക എന്ന മുററുവിനയോടു ബന്ധപ്പെട്ടുനില്ക്കുന്നു. 'എടുത്ത' എന്ന പററുവിന 'ചീപ്പു്' എന്ന നാമത്തിലാണ് അന്വയിക്കുന്നതു്. കൃതിക്കു കീഴടങ്ങുന്ന പററുവിനക്കു 'വിനയച്ചം' എന്നും നാമത്തിനു കീഴടങ്ങുന്ന പററുവിനക്കു പേരച്ചം എന്നും പേർ.

3. 'വെള്ളം ഒരാൾ കീഴ്പ്പോട്ടൊഴിച്ചു'— വെള്ളം എന്ന പദത്തിന്റെ വിഭക്തി പറയുക.

4. ഈ പാഠത്തിൽ നിന്നും ഏതാനും വിനയച്ചങ്ങളും, പേരച്ചങ്ങളും തിരഞ്ഞെടുക്കുക.

5. വിശ്രമിക്കുന്ന വിദ്യുച്ഛക്തിയുണ്ടാക്കാനുള്ള ഏതെങ്കിലും രണ്ടു മാർഗ്ഗങ്ങൾ വിവരിക്കുക.

---

പാഠം 5

## കുചേലൻ

[ശ്രീകൃഷ്ണനെ കാണാൻ ദ്വാരകയിലേക്കു വരുന്ന കുചേലന്റെ രൂപമാണ് ഇവിടെ വർണ്ണിച്ചിരിക്കുന്നതു്. രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നാണ് ഈ വരികൾ എടുത്തിരിക്കുന്നതു്.]

കണ്ടാലെത്ര കഷ്ടം, മെത്രയും മുഷിഞ്ഞ ജീർണ്ണവസ്ത്രം
കൊണ്ടു തററുടുത്തിട്ടുത്തരീയവുമിട്ടു,
മുണ്ടിൽപൊതിഞ്ഞപൊതിയും മുഖ്യമായ പുസ്തകവും
രണ്ടുംകൂടിക്കക്ഷത്തിങ്കലിടുക്കിക്കൊണ്ടു
ഭദ്രമായ ഭസ്മവും ധരിച്ചു നമസ്കാരകിണ-
മുദ്രയും മുഖരമായ പൊളിക്കുടയും
രുദ്രാക്ഷമാലയുമേന്തി നാമകീർത്തനവും ചെയ്തു
ചിദ്രൂപത്തിങ്കലുറച്ചു ചെഞ്ചമ്മേചെല്ലും
അന്തണനെക്കണ്ടിട്ടു സന്തോഷംകൊണ്ടോ, തസ്യദൈന്യം
ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ,

എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു; ധീരനായ
ചെന്താമരക്കണ്ണനണ്ടോ കരഞ്ഞിട്ടുള്ളൂ.

* * *

മാറാത്ത വിയർപ്പുവെള്ളംകൊണ്ടു നാറും സതീർത്ഥ്യനെ
മാറത്തുണ്മയോടുചേർത്തു ഗാഢംപുണർന്നു.

കുറുമൂലം തൃക്കൈകൊണ്ടു കൈപിടിച്ചു കൊണ്ടുപരി
കേറിക്കൊണ്ടു ലക്ഷ്മീതല്പത്തിന്മേലിരുത്തി.

കുചേലവൃത്തം വഞ്ചിപ്പാട്ട്] [രാമപുരത്തു വാര്യർ

## അഭ്യാസം

1. ശ്രീകൃഷ്ണൻ കണ്ട കുചേലനെ സ്വന്തവാക്യത്തിൽ വർണ്ണിക്കുക.

2. ശ്രീകൃഷ്ണൻെറ സതീർത്ഥ്യസ്നേഹം ഈ പദ്യത്തിൽനിന്നു് എങ്ങനെ മനസ്സിലാക്കാം ?

3. ശ്രീകൃഷ്ണൻെറ കണ്ണിൽ വെള്ളം നിറയാൻ കവി എന്താണു് കാരണം കാണുന്നതു് ?

4. (a) പര്യായം പറയുക:—

ബ്രാഹ്മണൻ; ശ്രീകൃഷ്ണൻ; മഹാലക്ഷ്മി.

(b) പിരിച്ചെഴുതുക:—

ഉണ്മയോടു; ചെഞ്ചമ്മെ; തറുടത്തിട്ടു്; മുഖരമായ

(c) ചേർത്തെഴുതുക:—

മുഖ്യം + ആയ; ചെം + താമര + കണ്ണൻ; തല്പം + ഇൻ + മേൽ,

---

പാഠം 6

# ഡേവിഡ് ലിവിങ്സ്റ്റൺ

ആകാശത്തിൽ നടത്തുന്ന സാഹസകൃത്യങ്ങളെപ്പററിയാണു് ഇന്നു നാം ദിവസംതോറും കേൾക്കുന്നതു്. ഭൂമിയിലുള്ള സാഹസിക സംരംഭങ്ങൾകൊണ്ടു സാധിക്കാവുന്നതത്രയും നേടിക്കഴിഞ്ഞതു കൊണ്ടാണോ മനുഷ്യൻ മേല്പോട്ടു കുതിക്കുവാൻ വെമ്പൽകൊള്ളുന്നതു് ? നിശ്ചയമില്ല. യുഗയുഗാന്തരങ്ങളായി പരിശ്രമശാലികളായ മനുഷ്യർ ചെയ്ത അത്യദ്ധ്വാനം കൊണ്ടാണു് ഈ ഭൂമി ഇന്നത്തെ നിലയിൽ അധിവാസയോഗ്യമായതു്. ഇന്നു മനുഷ്യസംരംഭംകൊണ്ടു മോഹനമായിത്തീർന്നിട്ടുള്ള സ്ഥലങ്ങൾ പലതും

ഒരു കാലത്തു് പരിഷ്കൃത മനുഷ്യനു് അജ്ഞാതവും അനഭിഗമ്യവുമായിരുന്നു. നമ്മുടെ മുൻഗാമികളായ ചില അദ്ധ്വാനശീലന്മാരുടെ ധീരമായ പരിശ്രമത്തിന്റെ ഫലമായിട്ടാണു് അത്തരം പ്രദേശങ്ങൾ പലതും കണ്ടെത്തി അധിവാസയോഗ്യമാക്കിത്തീർത്തതു്.

ആഫ്രിക്കാ ഭൂഖണ്ഡത്തിലെ വലിയൊരു ഭാഗം മേൽപ്പറഞ്ഞ വിധം അജ്ഞാതവും അനഭിഗമ്യവുമായി കിടന്നിരുന്നു. ഇരുണ്ട ഭൂഖണ്ഡം എന്നാണു് യൂറോപ്യന്മാർ ആഫ്രിക്കയ്ക്കു നല്കിയിരുന്ന പേർ. ഡേവിഡ് ലിവിങ്സ്റ്റൺ എന്നൊരു സാഹസികന്റെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായിട്ടാണു് അന്ധകാരത്തിന്റെ ആവരണം നീങ്ങി അവിടെ പരിഷ്കാരത്തിന്റെ വെളിച്ചം വീശിയതു്. ഒരു മതപ്രവർത്തകനും ഭിഷഗ്വരനുമായിരുന്ന ലിവിങ്സ്റ്റൺ, ഇത്തരമൊരു സംരംഭത്തിനു മുതിരാൻ ഇടവന്നതെങ്ങനെയെന്നന്വേഷിക്കാം.

ഡേവിഡ് ജനിച്ചതു് സ്കോട്ട്ലൻഡിലാണു്. ദാരിദ്ര്യത്തിന്റെ നെല്ലിപ്പടി കണ്ടവരായിരുന്നു ഈ കുട്ടിയുടെ മാതാപിതാക്കൾ. ഇതു നിമിത്തം സ്കൂൾ വിദ്യാഭ്യാസംപോലും ലഭിക്കാൻ ഈ ബാലനു് ഭാഗ്യമുണ്ടായില്ല. ഒരു നെയ്ത്തുകമ്പനിയിൽ ജോലിചെയ്തു നിത്യജീവിതം നയിക്കാനാണു് ബാല്യത്തിലേ ഡേവിഡ് നിർബ്ബന്ധിതനായതു്. രാവിലെ ആറു മണിക്കു് കമ്പനിയിൽ പോകണം. പകൽ മുഴവൻ കൂലിവേല ചെയ്യണം. രാത്രി എട്ടു മണിക്കേ പണി കഴിഞ്ഞു വീട്ടിൽ മടങ്ങിയെത്താൻ കഴിഞ്ഞിരുന്നുള്ളു. എന്നാൽ ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഈ പരിപാടിയിലും വ്യത്യാസം വരുത്തി. ഡേവിഡിനു തെല്ലു പഠിച്ചാൽ കൊള്ളാമെന്നു തോന്നി. പകൽ മുഴവൻ പണിയെടുക്കേണ്ടിവരുമ്പോൾ എങ്ങനെ സമയം കിട്ടും? കമ്പനിയിൽ നിന്നു മടങ്ങുന്നവഴി ഒരു നിശാപാഠശാലയിൽ ചെന്നു പഠിക്കാമെന്നു തീരുമാനിച്ചു. അങ്ങനെ, മടങ്ങിയെത്തുന്ന സമയം പിന്നേയും വൈകി. വീട്ടിലെത്തിയാൽ ഒരു മണിക്കൂർ നേരം അടുക്കളവെളിച്ചത്തിരുന്നു ഡേവിഡ് പഠിക്കും. ഇത്രയും കഴിയുമ്പോഴേക്കും സമയം അർദ്ധരാത്രിയാകും; അമ്മ കിടക്കാൻ നിർബ്ബന്ധിക്കും; ഡേവിഡ് അതനുസരിക്കും. ഇങ്ങനെ നീങ്ങിക്കൊണ്ടിരുന്നു ദിവസങ്ങൾ.

ഈ അദ്ധ്വാനത്തിനിടയിലും ഡേവിഡ് വിനോദങ്ങളിലേർപ്പെട്ടിരുന്നു. മരം കയറുക, നീന്തുക, വളരെ ദൂരം നടക്കുക. ഇതൊക്കെയായിരുന്നു ഡേവിഡിന്റെ നേരമ്പോക്കുകൾ. ചുററുപാടുമുള്ള എല്ലാ സ്ഥലങ്ങളും ഈ ബാലൻ നടന്നു കണ്ടു മനസ്സിലാക്കി.

ഇതിനു പുറമെ മതഗ്രന്ഥങ്ങരം വായിക്കലും ഡേവിഡിൻെറ വിനോദ പരിപാടികളിൽ ഉരംപ്പെട്ടിരുന്നു. ഇതിൻെറ ഫലമായി ബാല്യ ത്തിൽത്തന്നെ രോഗികളെ ശുശ്രൂഷിക്കുക, കഷ്ടപ്പെടുന്നവരെ സഹായിക്കുക മുതലായ ധാർമ്മികവൃത്തികളിൽ ഡേവിഡിനു മതിപ്പുണ്ടായി.

പത്തൊമ്പതാം വയസ്സിൽ സ്വന്തം അഭിരുചിക്കിണങ്ങിയ മട്ടിൽ ഡേവിഡ് ഗ്ലാസ്ഗോ സർവ്വകലാശാലയിൽ വൈദ്യം പഠി ക്കാൻ ചേൎന്നു. സ്വന്തം പരിശ്രമംകൊണ്ടു സമ്പാദിച്ച പണം കൊണ്ടാണ് ഇതു സാധിച്ചതു്. സർവ്വകലാശാലയിൽ വൈദ്യ ത്തിനു പുറമെ, മതഗ്രന്ഥങ്ങളും പഠിച്ച് ഇരുപത്തഞ്ചാമത്തെ വയ സ്സിൽ ഡേവിഡ് ഒരു ബിരുദധാരിയായി.

പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യകാലമാണതു്. യൂറോപ്യ ന്മാർ രാജ്യസഞ്ചാരത്തിലും ശാസ്ത്രപരീക്ഷണങ്ങളിലും സാഹസ കൃത്യങ്ങളിലും തൽപരരായിരിക്കയാണ്. കാലോചിതമായ ഈ കാററ് ലിവിങ്സ്റ്റണേയും ബാധിച്ചു. 1840-ൽ അദ്ദേഹം ആഫ്രിക്ക യിലേക്കു പോയി. ഇംഗ്ലണ്ടിൽനിന്നു് ആഫ്രിക്കയിലെത്താൻ മൂന്നു മാസം വേണ്ടിവന്നു.

ആഫ്രിക്കയിൽ മബോത്സാ എന്ന സ്ഥലത്താണ് ലിവിങ് സ്റ്റൺ താമസമുറപ്പിച്ചതു്. കറുത്തിരുണ്ട് അപരിഷ്കൃതരായ ആഫ്രിക്കാ നിവാസികളോട് ഇണങ്ങിച്ചേൎന്ന് മമതയോടെ ജീവിക്കാനും അവരുടെ ഭാഷ പഠിക്കാനും ലിവിങ്സ്റ്റണ് പ്രയാസ മുണ്ടായില്ല. വൈദ്യം തൊഴിലായി വശമുണ്ടായിരുന്നതിനാലും മതഗ്രന്ഥങ്ങരം വായിച്ചു നല്ല ആദർശങ്ങരം ശീലിച്ചിരുന്നതിനാലും ജനപ്രീതി സമ്പാദിക്കുവാൻ പ്രയാസമുണ്ടായില്ല. സേവനസന്ന ദ്ധതയും ത്യാഗശീലവും ഒത്തിണങ്ങിയാൽ ഇതിലധികവും സാധിക്കും.

സാഹസപ്രിയനായ ലിവിങ്സ്റ്റൺ മബോത്സയിൽ താമ സിക്കുന്ന കാലത്തു് വലിയൊരു സിംഹവേട്ടയ്ക്കു വട്ടംകൂട്ടി. സിംഹ ങ്ങളെപ്പററി നാട്ടുകാർ പറഞ്ഞ പല കഥകളും അദ്ദേഹം കേട്ടിരുന്നു. ഒരു സിംഹത്തെ കൊന്നാൽ മററുള്ളവ താനേ ഓടിക്കൊള്ളുമെന്നായി രുന്നു അവരുടെ അഭിപ്രായം. ഇതൊന്നു പരീക്ഷിച്ചുനോക്കാൻ തീരുമാനിച്ചു, ഡേവിഡ്. ഒരു ദിവസം രാവിലെ തദ്ദേശവാസിക ളായ ഏതാനും പേരൊന്നിച്ച് അദ്ദേഹം കാട്ടിലേക്കു പോയി. കുററിക്കാടു നിറഞ്ഞൊരു കുന്നിൻചെരുവിൽ അതാ ഒരു സിംഹം. മുപ്പതു വാര അകലെയാണ് ലിവിങ്സ്റ്റൺ നില്ക്കുന്നതു്. ഉന്നം

നോക്കി തൻെറ തോക്കെടുത്തു് വെടി പൊട്ടിച്ചു. സിംഹത്തിനു കണക്കിനു പരുക്കേററു. പക്ഷേ, മരിച്ചില്ല. പ്രാണവേദനയോടെ അവൻ ഒരു ചാട്ടം ചാടി ലിവിങ്സ്റ്റണെ പിടികൂടി. രണ്ടുപേരും കൂടി കെട്ടിമറിഞ്ഞു് നിലംപതിച്ചു. കൂട്ടുകാരിലൊരാൾ ഈയവസരം പാഴാക്കിയില്ല. ഒരു പതിനഞ്ചു വാര അകലെനിന്നു് അയാൾ സിംഹത്തെ ലക്ഷ്യമാക്കി വെടിവച്ചു. പക്ഷേ, അതു സിംഹത്തിൻെറ മേലല്ലാ കൊണ്ടതു്. എങ്കിലും സിംഹത്തിനു് അരിശം കയറി. അവൻ അയാളുടെനേക്കു ചാടി. അപ്പോഴേയ്ക്കും വേറൊരാൾ കുന്തംകൊണ്ടു സിംഹത്തെ കുത്തിക്കൊല്ലാൻ ശ്രമിച്ചു. അതാ, അങ്ങോട്ടണഞ്ഞു സിംഹം. അയാളുടെ തോളിലാണു് അവൻ ചാടിപ്പിടിച്ചതു്. ഭാഗ്യവശാൽ അപ്പോഴേയ്ക്കും ആദ്യം ഏററ വെടിയുണ്ടയുടെ ഫലമായി സിംഹം ചത്തുവീണു.

ഈ സിംഹവേട്ടയിൽ ലിവിങ്സ്റ്റണു് സാരമായ പരുക്കേററു. തോളിലെ എല്ലു ഞെരിഞ്ഞു. പതിനൊന്നു പരുക്കുകൾ വേറേയും ഏററു. പക്ഷേ, മരണത്തിൽനിന്നു രക്ഷപ്പെട്ടു. ഏതാനും ദിവസത്തെ ചികിത്സ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു പണ്ടത്തെപ്പോലെ പുറത്തിറങ്ങി നടക്കാൻ സാധിച്ചു. രോഗികളെ ചികിത്സിച്ചും, പാവങ്ങളെ സഹായിച്ചും അടിമവ്യാപാരം തടയാൻ മുൻകൈയെടുത്തും ജനസേവനനിരതനായിത്തന്നെ തുടന്നുപോന്നു അദ്ദേഹം.

ദീർഘയാത്രകളായിരുന്നു ലിവിങ്സ്റ്റൻെറ പ്രധാനമായ വിനോദം. 1849-ൽ അദ്ദേഹം കലഹാരി മരുഭൂമി കടന്നു് സാംബസി നദിയുടെ തീരത്തെത്തി. നദിയുടെ ഉത്ഭവസ്ഥാനത്തെ ലക്ഷ്യമാക്കി ആ സാഹസയാത്ര വീണ്ടും തുടന്നു. പലതരം മനുഷ്യരേയും ഈ യാത്രയ്ക്കിടയിൽ കണ്ടുമുട്ടി. അപരിചിതനും വെള്ളക്കാരനുമായ ഒരുവനെ അക്കൂട്ടർ ഉപദ്രവിക്കാതെ വിട്ടതിലാണു് അത്ഭുതപ്പെടേണ്ടതു്. എവിടെ ചെന്നാലും ഇണങ്ങിക്കൂടാൻ വേണ്ട സാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

മുപ്പതു കൊല്ലത്തോളം ലിവിങ്സ്റ്റൺ മേൽപ്പറഞ്ഞ വിധം യാത്ര തുടന്നു. സാംബസി നദിയിലെ വിക്ടോറിയാ വെള്ളച്ചാട്ടം, ന്യാസ, ടാങ്കനിക്ക എന്നീ തടാകങ്ങൾ, കോങ്കോനദി ആദിയായി പലതും അദ്ദേഹം സന്ദർശിച്ചു.

ടാങ്കനിക്കയിൽനിന്നുള്ള യാത്ര വളരെ വൈഷമ്യം പിടിച്ചതായിരുന്നു. താൻ വളരെ ലാളിച്ചു വളർത്തിയ നായ ചത്തു. മരുന്നുപെട്ടി ചുമന്നിരുന്നവർ അതുംകൊണ്ടു് എങ്ങോട്ടോ ഓടിക്കളഞ്ഞു. അഞ്ചു പരിചാരകരാണു് അവശേഷിച്ചതു്. അവരോ

ടൊന്നിച്ച് അദ്ദേഹം യാത്ര തുടന്നു. അങ്ങനെ അജീജി എന്ന സ്ഥലത്തെത്തി. എന്നാൽ അവിടെവെച്ച് അദ്ദേഹം കൊള്ളക്കാരുടെ കൈയിലകപ്പെട്ടു. യാത്രയ്ക്കുവേണ്ടി സംഭരിച്ചതെല്ലാം ആ കൊള്ള ക്കാർ അപഹരിച്ചു. പക്ഷേ, ഇതുകൊണ്ടൊന്നും നിരാശനാകാതെ അദ്ദേഹം കോങ്കോനദീതീരത്തുകൂടി മുമ്പോട്ടുനീങ്ങി.

ഇതിനിടയിൽ, ലിവിങ്സ്റ്റൺ മരിച്ചു എന്നൊരു വാർത്ത യൂറോപ്പിൽ വ്യാപിച്ചു. വാസ്തവമന്വേഷിച്ചറിയാൻ വേണ്ടി സ്റ്റാൻലി എന്നൊരു സാഹസികൻെറ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ ആഫ്രിക്കയിലെത്തി. നാട്ടുകാർ ഇവരെ സ്വാഗതം ചെയ്തു.

ഈ പുതിയ സംഘക്കാർ ഏതാനും ദിവസം യാത്രചെയ്ത് ഒടുവിൽ ലിവിങ്സ്റ്റണെ കണ്ടുമുട്ടി. എല്ലാവരും കൂടി ഒന്നിച്ച് വീണ്ടും യാത്രതുടന്നു. എഴുന്നൂറു നാഴിക അവർ മുമ്പോട്ടു നീങ്ങിയ ശേഷം രണ്ടു സംഘമായി പിരിഞ്ഞു. ലിവിങ്സ്റ്റൻെറ ലക്ഷ്യം നൈൽ നദിയുടെ ഉത്ഭവസ്ഥാനമായിരുന്നു. എന്നാൽ, അപ്പോഴേയ്ക്കും സുഖക്കേട് പിടിപെട്ടതിനാൽ മടങ്ങേണ്ടിവന്നു.

ഒരു ദിവസം രാത്രി ലിവിങ്സ്റ്റൺ പതിവുപോലെ ഉറങ്ങാൻ കിടന്നു. വെളുപ്പിന് വാതിൽക്കൽ ചെന്നു നോക്കിയപ്പോൾ അദ്ദേഹം മുട്ടുകുത്തി നില്ക്കുന്നതാണ് വേലക്കാർ കണ്ടതു്. പ്രാർത്ഥിക്കുക യായിരിക്കുമെന്നു കരുതി അവർ മാറിനിന്നു. വളരെനേരം കഴിഞ്ഞിട്ടും ആരും പുറത്തു വന്നില്ല. പരിചാരകൎക്കു സംശയമായി. അവർചെന്നു നോക്കിയപ്പോൾ ലിവിങ്സ്റ്റൺ ആ നിലയിൽ തന്നെ നില്ക്കുകയാണ്. ആ സാഹസിയുടെ അന്ത്യ പ്രാർത്ഥനയാ യിരുന്നു അതു്.

പരിചാരകർ അദ്ദേഹത്തെ വളരെ അധികം സ്നേഹിച്ചിരുന്നു. ആകസ്മികമായ ഈ മരണം അവൎക്കു വലിയ ദുഃഖത്തിനിടവരുത്തി. പരേതൻെറ ദേഹം ഒരു കഴുതപ്പുറത്തു കയററി അവർ തീരപ്രദേശ ത്തേയ്ക്കു തിരിച്ചു. വഴിക്കുവച്ചു സിംഹങ്ങൾ അവരെ ആക്രമിച്ചു. കഴുതയെ സിംഹം കൊന്നു. എന്നിട്ടും ആ പരിചാരകർ ലിവിങ്സ്റ്റൻെറ മൃതദേഹം സാൻസിബാർ എന്ന സ്ഥലത്തുകൊ ണ്ടെത്തിച്ചു. അവിടെനിന്നു കപ്പൽവഴി അതു് ഇംഗ്ലണ്ടിലേക്കു കൊണ്ടുപോയി.

ജിജ്ഞാസുവായ ഒരു ധീരൻെറ സംഭവബഹുലമായ ജീവിത കഥയാണ് ഇവിടെ പറഞ്ഞതു്. ആയുഷ്കാലം മുഴുവൻ അപരി ചിതരും അപരിഷ്കൃതരുമായ ജനങ്ങളോടൊത്തു ക്ലേശിച്ചുകഴിഞ്ഞു

അദ്ദേഹം. ദുർഗ്ഗമങ്ങളായ വനപ്രദേശങ്ങളിൽ ഹിംസ്രമൃഗങ്ങളുടെ ഇടയിൽക്കിടന്നു് കഷ്ടപ്പെട്ടുള്ള ഈ ജീവിതം എന്തിനുവേണ്ടി ? വിശാലമായ ഈ ലോകത്തിൽ പലതും കാണാനും പഠിക്കാനുമുണ്ടു്. ആ പഠിപ്പു് അവനവനേക്കാരം കൂടുതലായി അനന്തരപരമ്പര കരംക്കാണു് പ്രയോജനപ്പെടുക. ലിവിങ്സ്റ്റണും, അദ്ദേഹത്തെ അന്വേഷിച്ചുവന്ന സ്റ്റാൻലിയും ആഫ്രിക്കയിലെ ഇരുണ്ട വനാന്തരത്തിൽക്കൂടി യാത്ര ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ആ പ്രദേശങ്ങരം അജ്ഞാതവും അനഭിഗമ്യവുമായിത്തന്നെ കിടക്കുമായിരുന്നില്ലേ ? അവിടത്തെ ജനങ്ങളെ പരിഷ്കാരത്തിൻെറ പീയൂഷംകൊണ്ടു പ്രബുദ്ധരാക്കിയെന്നു് അവകാശപ്പെടാം ലിവിങ്സ്റ്റണു്.

## അഭ്യാസം

1. ഡേവിഡ് സ്കോട്ലൻറിൽ ജനിച്ചു. ഇവിടെ ഒരു ആഖ്യയും ഒരു പൂർണ്ണക്രിയയും മാത്രമേയുള്ളു. ഇതിനു ചൂർണ്ണിക എന്നു പേർ.

2. ഡേവിഡ് ജനിച്ചതു സ്കോട്ലൻറിലാണു്.

ഈ വാക്യം ശ്രദ്ധിക്കുക. ഇവിടെ 'ആണു്' എന്ന ക്രിയയാണു് പ്രധാനം. എന്നാൽ, ഡേവിഡ് ജനിച്ചതു് എന്നുള്ളതു് അതിനു അംഗമായി നില്ക്കുന്നു. ഡേവിഡ് ജനിച്ചു. അതു സ്കോട്ലൻറിലാണു് എന്നിങ്ങനെ രണ്ടു ഭാഗങ്ങരം ചേൎന്നിട്ടാണു് ഈ വാക്യം ഉണ്ടായതു്. അതിൽ ആദ്യഭാഗം രണ്ടാമത്തേതായ അംഗിവാക്യത്തെ ആശ്രയിച്ചുനില്ക്കുന്നു. ഒരു അംഗിവാക്യവും അതിനെ ആശ്രയിച്ചു നില്ക്കുന്ന അംഗവാക്യങ്ങളും ചേൎന്നുണ്ടാകുന്നതു് 'സങ്കീർണ്ണക വാക്യം'.

3. ഒരു നെയ്ത്തു കമ്പനിയിൽ ജോലിചെയ്തു നിത്യജീവിതം നയിക്കാനാണു് ബാല്യത്തിലേ ഡേവിഡ് നിർബ്ബന്ധിതനായതു്. (ഇതു് എന്തു വാക്യമാണെന്നു പരിശോധിക്കുക.)

4. ഏതാനും ദിവസം കഴിഞ്ഞപ്പോരം ഈ പരിപാടിയിലും വ്യത്യാസം വരുത്തി. (എന്തു വാക്യം ?)

5. ലിവിങ്സ്റ്റൻെറ സിംഹവേട്ട വിവരിക്കുക.

6. ലിവിങ്സ്റ്റൻെറ ആഫ്രിക്കാസഞ്ചാരം കൊണ്ടുണ്ടായ നേട്ടങ്ങരം വിവരിക്കുക.

പാഠം 7

# സുഭാഷിതങ്ങൾ

[''കേശവീയം'' രചിച്ച കെ. സി. കേശവപിള്ളയുടെ മറെറാരു കൃതിയാണു് സുഭാഷിതരത്നാകരം. അനർഘങ്ങളായ സദുപദേശങ്ങളാണു് ഇതിൽ മുഴുവൻ. അതിൽ ചിലതാണു് ഇവിടെ ചേർത്തിരിക്കുന്നതു്.]

പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രേ
മനുഷ്യരെപ്പാരിലയച്ചതീശൻ.

*　　　*　　　*

ഗാത്രത്തെ നൽപൊന്മയമാക്കിയാലും
കൊക്കിങ്കൽ മാണിക്യമമുഴ്ത്തിയാലും
പത്രങ്ങൾതോറും മണികെട്ടിയാലും
കാകന്നു ഹംസപ്രഭ സംഭവിക്കാ.

*　　　*　　　*

കൈതപ്പൂകത്തുള്ളൊരു ചാരുപുഷ്പം
മണത്തിനാൽ വണ്ടറിയുന്നപോലെ
വിദ്വാൻ പരന്മാരുടെ ഹൃൽഗതത്തെ-
ബ്ഭാവത്തിനാൽത്തന്നെയറിഞ്ഞിടുന്നു.

*　　　*　　　*

പൊന്നും, നന്മണിജാലവും, ഭവനവും,
ദ്രവ്യങ്ങളും തേടിവെ-
ച്ചെന്നാലും നിലനില്ക്കയില്ലിവ ; യതിൽ
സന്ദേഹമില്ലേതുമേ ;
മിന്നീടുന്നൊരു വിദ്യകൊണ്ടു വഴിപോ-
ലാർജ്ജിക്കപൊരം യശ-
സ്സെന്നെന്നേയ്ക്കുമതൊന്നുതന്നെ നിലനിൽ-
ക്കും, നീക്കമില്ലോർക്കുവിൻ.

സുഭാഷിതരത്നാകരം]　　　[കെ. സി. കേശവപിള്ള

## അഭ്യാസം

1. ദൈവം മനുഷ്യനു് ശക്തിയുള്ള കൈകൾ നല്കിയതു് എന്തിനാണു് ?

2. അലങ്കാരങ്ങൾ അണിഞ്ഞാലും കാക്ക അരയന്നമാവില്ലെന്നു പറയുന്നതിൽനിന്നു നാം പഠിക്കേണ്ട തത്ത്വം എന്താണു്?

3. കൈതപ്പൂ, വണ്ട്, സുഗന്ധം എന്നിവയെ ഏതിനോടെല്ലാമാണ് സാമ്യപ്പെടുത്തിയിരിക്കുന്നതു് ?

4. നശിക്കാത്ത ദ്രവ്യമെന്തു് ? അതെങ്ങനെ നേടാം ?

5. (a) പര്യായം പറയുക :—
കൈ; അരയന്നം; യശസ്സ്.

(b) പിരിച്ചെഴുതുക :—
മാണിക്യമമുഴ്ത്തിയാലും; നിലനില്ലയില്ലവ; എന്നെന്നേക്കും.

(c) ചേർത്തെഴുതുക :—
കെട്ടി + ആലും; നൽകി + അത്രേ; എന്തിനേ + ഉം.

[ഓരോ വിദ്യാർത്ഥിയും ഇത്തരം സുഭാഷിതങ്ങൾ ശേഖരിച്ചു് ഒരു പുസ്തകത്തിൽ എഴുതിവെയ്ക്കട്ടെ. കൊല്ലാവസാനത്തിൽ ആർക്കാണ് ഏററവും അധികം ചൊല്ലുവാൻ സാധിക്കുക എന്നു പരീക്ഷിക്കുക.]

---

പാഠം 8

## നിങ്ങളെ സമ്മതിക്കണം

ഒരു കാൽ നൂററാണ്ടു മുമ്പു നടന്ന കഥയാണ് ഞാനിവിടെ പറയുന്നതു്. തൃശ്ശൂരുനിന്നു പഴനിക്കുള്ള വഴി ഇന്നത്തെപ്പോലെ സുഗമമല്ലായിരുന്നു അന്നു്. എങ്കിലും ബസ്സും കാറും സഞ്ചരിച്ചിരുന്നു. പഴനിയിൽ ദർശനം കഴിച്ചു പകൽ രണ്ടുമണിയോടുകൂടി ഞാനും പത്നിയും തൃശ്ശൂർക്കു പുറപ്പെട്ടു. ഞങ്ങളുടെ കല്യാണം കഴിഞ്ഞിട്ടു് ഒരു മാസമേ ആയിട്ടുള്ളു. സ്വന്തം കാറുണ്ടു്. എനിക്കോടിക്കാനറിയാം. പുണ്യസ്ഥലങ്ങളും കാഴ്ചസ്ഥലങ്ങളും സന്ദർശിക്കലായിരുന്നു ഞങ്ങളുടെ പ്രധാനമായ വിനോദം. പഴനിയാത്രയും അത്തരത്തിലുള്ളതായിരുന്നു.

പൊള്ളാച്ചിവഴി നെമ്മാറയിലെത്തിയപ്പോൾ മണി നാലരയായി. അവിടന്നു തൃശ്ശൂർക്കു് ഇരുപത്തെട്ടു നാഴികയുണ്ടു്. റോഡ് ഇന്നത്തെപ്പോലെ ടാറിട്ടു വെടിപ്പാക്കിയതല്ല. ഒന്നര മണിക്കൂർ കൊണ്ടേ തൃശ്ശൂരെത്തുകയുള്ളു. എങ്കിലും സന്ധ്യയ്ക്കുമുമ്പെ എത്താമല്ലോ! ഞങ്ങൾ യാത്ര തുടർന്നു.

വടക്കഞ്ചേരിയെത്തിയപ്പോൾ ഒരു കാപ്പിക്കുബ്ബിൽക്കയറി ഞങ്ങൾ കാപ്പി കുടിച്ചു. ഒട്ടും താമസിക്കാതെ യാത്ര തുടർന്നു.

രണ്ടു നാഴിക ദൂരം ചെന്നപ്പോഠം കാറിൻെറ ഒരു ചക്രത്തിലെ കാററു പോയി. എൻെറ സകല നാഡികളും തളന്നു. സമയം സന്ധ്യയാകാൻ ഇനി വലിയ താമസമില്ല. ദുർഘടം പിടിച്ച 'കുതിരാൻ' കയറിയിറങ്ങി പട്ടിക്കാട്ടുമല കടന്നല്ലാതെ വഴികഠ ഭദ്രതയില്ല. എന്തുചെയ്യും ? കാററു നിറച്ച ഒരു ചക്രം കാറിൽ കരുതീട്ടുണ്ടു്. അതു മാററിയിടാനുള്ള ആയുധങ്ങളുണ്ടു്. അതു പ്രയോഗിച്ചു പത്തോ പതിനഞ്ചോ മിനിററുകൊണ്ടു് ചക്രം മാററിയിട്ടു യാത്ര തുടരാം. പക്ഷേ, ഇനിയും ഒരു ചക്രം കേടു വന്നാലോ ? അതു് കുതിരാൻെറ മുകളിൽവെച്ചും സംഭവിച്ചാലോ? നേരം പുലരുവോളം ഞങ്ങഠം എവിടെ അഭയം തേടും ? മഷി യിട്ടു നോക്കിയാൽ ഒരു മനുഷ്യഗൃഹം അവിടെയെങ്ങും കാണില്ല. മൺകലങ്ങഠം കയററിപ്പോകുന്ന കാളവണ്ടികളിൽ കള്ളും കുടിച്ചു കിടന്നു ക്ലക്കം വലിക്കുന്ന വണ്ടിക്കാരല്ലാതെ മററാരും രാത്രി ആ വഴിയെ സഞ്ചരിക്കാറില്ല. വല്ല കാട്ടുമൃഗങ്ങളും ചിലപ്പോഠം കടന്നുപോയെന്നു വരാം. പക്ഷേ, ആലോചിച്ചുനില്ക്കാൻ സമയ മില്ലല്ലോ! ചക്രം മാററിയിട്ടു ഭാഗ്യപരീക്ഷയ്ക്കു മുതിരാൻതന്നെ തീരുമാനിച്ചു ഞാൻ ഇറങ്ങി.

ജാക്കിവെച്ചു ചക്രം പൊക്കാൻ ഭാവിച്ചപ്പോഴേയ്ക്കും, പഴനി വേലായുധൻെറ കൃപകൊണ്ടെന്നവണ്ണം, മൂന്നുപേർ എന്നെ സഹാ യിക്കാൻ വന്നെത്തി. അവർ കാവിവസ്ത്രധാരികളാണു്; ശിരോ മുണ്ഡനം ചെയ്തിട്ടുണ്ടു്. അടുത്തുവന്നു് അവരിലൊരാഠം ചോദിച്ചു: "എന്തുപററി ? ചക്രം കേടുവന്നുവോ ?" ഞാൻ പറഞ്ഞു : "ഉവ്വു്; സാരമില്ല; മാററിയിടാം." അയാഠം പറഞ്ഞു: "ഒററയ്ക്കെന്തിനു കഷ്ടപ്പെടുന്നു ? ഞങ്ങളും മനുഷ്യരല്ലേ ?"

ഞാൻ: "നിങ്ങളുടെ ഔദാര്യത്തിനു നന്ദി. എന്നാൽ, വീൽ നട്ടു് (wheel nut) അഴിച്ചുകൊള്ളു. അതാ സ്പാനർ." ഞാൻ സ്പാനർ കാട്ടിക്കൊടുത്തു. അയാഠം വീൽ നട്ടു് അഴിക്കുവാൻ തുടങ്ങി. അതിനിടയിൽ അപരൻ ജാക്കി തിരിച്ചു വണ്ടി വേണ്ടത്ര പൊക്കി. അപ്പോഴേയ്ക്കും മൂന്നാമൻ മാററിയിടാനുള്ള ചക്രവും വണ്ടിയുടെ പിന്നിൽനിന്നു പുറത്തേക്കെടുത്തു. എല്ലാം വളരെ വേഗം കഴിഞ്ഞു.

ഈ ശ്രമത്തിനിടയിൽ അവർ സ്വയം പരിചയപ്പെടുത്തുകയും ചെയ്തു. മൂന്നുപേരും മുത്തുകുന്നത്തുകാരാണു്. പഴനിയിൽനിന്നു് പൊള്ളാച്ചിവഴിക്കു ബസ്സിൽ വന്നു വടക്കഞ്ചേരിവെച്ചു ബസ്സു നിത്തിയപ്പോഠം കാപ്പി കുടിക്കാനിറങ്ങി. കാപ്പികുടികഴിഞ്ഞു് അടുത്തുള്ള കടയിൽ ചെന്നു വെററില മുറുക്കുന്നതിനിടയിൽ ബസ്സു് കടന്നുപോയി. ആഠംത്തിരക്കിനിടയിൽ ചിലർ കയറാൻ

വിട്ട കഥ കണ്ടക്ടർ അറിഞ്ഞിട്ടുണ്ടാവില്ല. കൈകൊട്ടി വിളിച്ചെങ്കിലും അയാൾ കേട്ടില്ല. അടുത്ത ബസ്സും കാത്തു് അവിടെത്തന്നെ നില്ക്കുന്നതിനേക്കാൾ സുഖം തോന്നിയത്രേ തെല്ലിട നടക്കുന്നതു്. ഇങ്ങനെ നടന്നുവരുമ്പോഴാണു് എന്റെ കാർ ഈ നിലയിൽ അവർ കണ്ടതു്.

GOVT. HIGH SCHOOL

ഈ കഥയെല്ലാം ചക്രം മാറുന്നതിനിടയിൽ അവർ പറഞ്ഞവസാനിപ്പിച്ചു. ഞങ്ങൾക്കു യാത്ര തുടരാവുന്ന നിലയായി. ഞാൻ ചോദിച്ചു: " ഇനിയോ ? "

" അസൗകര്യമില്ലെങ്കിൽ തൃശ്ശൂരുവരെ ഞങ്ങളും കൂടെ വരാം. " ഒരാൾ പറഞ്ഞു. എനിക്കിതു കേട്ടപ്പോൾ സന്തോഷമാണു് തോന്നിയതു്. മൂന്നുപേരും മുരുകഭക്തന്മാരാണു്. സമയമാണെങ്കിൽ സന്ധ്യയാകാറായി. ' കുതിരാൻ' കടന്നുപോകേണ്ടതാണു്. വലിയ കയററം; അതുകഴിഞ്ഞാൽ കുത്തനെയുള്ള ഇറക്കം. വളഞ്ഞുപിരിഞ്ഞുപോകുന്ന വഴി. ഇനിയും ഇതുപോലെ വല്ല കുഴപ്പവും സംഭവിച്ചാലോ ? ആൾസഹായമുണ്ടാകുന്നതു് എങ്ങനെയും നല്ലതെന്നു തോന്നി. ഞാൻ പറഞ്ഞു : " ഞങ്ങൾക്കു് ഒരസൗകര്യവുമില്ല. പിന്നിലെ സീററു് ഒഴിഞ്ഞുകിടക്കുന്നുണ്ടല്ലോ! നിങ്ങൾ കയറിക്കൊള്ളിൻ. "

ആ കാവിവസ്ത്രക്കാർ മൂന്നുപേരും പിന്നിലെ സീററിൽ കയറി. ഞങ്ങൾ യാത്ര തുടർന്നു. സമയം സന്ധ്യയായിട്ടില്ലെങ്കിലും എന്റെ ഭാര്യ, യാത്രകൊണ്ടുള്ള ക്ഷീണത്താൽ, ഉറക്കം തുടങ്ങി. പിന്നിലിരിക്കുന്നവർ, ഇതിനിടയിൽ, അവരുടെ ഭാണ്ഡമഴിച്ചതു ഞാൻ കണ്ണാടിയിൽ കണ്ടു. അതിനകത്തതാ, കമ്മലിട്ട നാലു ചെവികളും മോതിരമണിഞ്ഞ നാലഞ്ചു കൈവിരലുകളും. ഞാൻ കാറോടിക്കുന്നുണ്ടെങ്കിലും എന്റെ ശ്രദ്ധ മുഴുവൻ കണ്ണാടിയിലാണു്. കുതിരാന്റെ കയററത്തിൽ എത്താറായി. ഇവർ കത്തിയായിരിക്കും തപ്പുന്നതു്. ആളൊഴിഞ്ഞ സ്ഥലമാണു്. ഇവർക്കു് എന്തു ചെയ്യാനും പററിയ താവളം. ഈശ്വരാ ! ഞാനെന്തുചെയ്യും ? ഇവർ കവർച്ചക്കാരാണു്. ഉറങ്ങുകയാണു് എന്റെ പത്നി. അവളെ ഞാനെങ്ങനെ ഈ വിവരം ധരിപ്പിക്കും ? അഥവാ, ധരിപ്പിച്ചാൽത്തന്നെ എന്തു പ്രയോജനം ? വല്ല അടയാളവും കൊടുത്തു് കാര്യം ഗ്രഹിപ്പിച്ചാൽ തൽക്ഷണം അവൾ ഞെട്ടും. പിന്നെ വല്ല അബദ്ധവും വരുത്തിക്കൂട്ടിയാലോ ? ഈ വിജനസ്ഥലത്തു് ആരുണ്ടു് ഞങ്ങളെ സഹായിക്കാൻ?

ദൈവം ഒരു യുക്തി തോന്നിച്ചു. വണ്ടി കയററം കയറുകയാണു്. ' ഗീർ' മാററാതെ സാദ്ധ്യമല്ല. പക്ഷേ, ഞാനതു ചെയ്തില്ല.

വണ്ടി നിരങ്ങിനിരങ്ങി തെല്ലിട പോയി മുമ്പോട്ടു നീങ്ങാതായി. അപ്പോഴേയ്ക്കും അവർ ഭാണ്ഡം മുറുക്കിക്കഴിഞ്ഞു. ഒരാരം ചോദിച്ചു: "എന്തുപററി ?" ഞാൻ സങ്കോചംകൂടാതെ പറഞ്ഞു: "സാരമില്ല, കയററം കയറാൻ വിഷമിച്ചതാണ്." അവർ ചോദ്യം തുടന്നു: "ഇനി എന്തുചെയ്യും ?" ഞാൻ പറഞ്ഞു: "ഈ കയററം കടന്നു കിട്ടിയാൽ വിഷമം തീരും." "അത്രയേ ഉള്ളോ?" അവർ ആശ്വാസത്തോടെ ചോദിച്ചു. "ഞങ്ങരം ഇറങ്ങി ഉന്തിയാൽ പോരേ?" എനിക്കു സമാധാനമായി. "അതു നിങ്ങളെക്കൊണ്ടു ചെയ്യിക്കുന്നതു ഭംഗിയല്ലല്ലോ! ആരെങ്കിലും വരും ഈ വഴിക്ക്. എന്നിട്ടാവാം." ഞാൻ വളരെ ശാന്തമായി പറഞ്ഞു. പക്ഷേ, അവർ സഹായിക്കാനൊരുക്കമായിരുന്നു. "ഞങ്ങരം മൂന്നുപേരുണ്ടല്ലോ! ഈ കാർ നീങ്ങാൻ അത്രയേ വേണ്ടൂ" എന്നു പറഞ്ഞ് അവർ മൂന്നുപേരും ഇറങ്ങി പിന്നിൽ ചെന്നു് കാർ ഉന്താൻ തുടങ്ങി. ഈ തക്കം പാഴാക്കാതെ അതിവേഗത്തിൽ ഞാൻ കാർ വിട്ടു. പിന്നോക്കം തിരിഞ്ഞുനോക്കിയതേയില്ല.

ഈ കോലാഹലത്തിനിടയിൽ ഉണന്ന എൻെറ ഭാര്യ ചോദിച്ചു: "എന്തൊരു മര്യാദയാണ് കാണിച്ചതു്? ആ പാവങ്ങളെ വഴിയിൽ വിട്ടതു ശരിയായില്ല." ഞാൻ പറഞ്ഞു: "സാരമില്ല; അവർ വന്നുകൊള്ളും." പക്ഷേ അവരംക്ക് ആ മറുപടി സമ്മതമായില്ല. ഈ സഹായമൊക്കെ ചെയ്തുതന്ന അവരെ കാറിൽ കയററാതിരുന്നതു് അനീതിയായെന്നും ദൈവം എന്നോടു സമ ധാനം ചോദിക്കുമെന്നും മററും അവരം പ്രസംഗിച്ചു. ഞാൻ അതൊക്കെ കേട്ടു. പക്ഷേ, അവൾ അതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. ഞാൻ അനീതിചെയ്തതിൻെറ കാരണംകൂടി അറിയണമെന്നായി നിർബ്ബന്ധം. പട്ടിക്കാടു കടന്നു് ആരം സഞ്ചാരമുള്ള സ്ഥലത്തെത്തിയപ്പോരം ഞാൻ കാർ നിർത്തി. പിന്നിലുണ്ടായിരുന്ന ഭാണ്ഡം തുറന്നുകാട്ടി. അവരം അമ്പരന്നുപോയി. "ഈശ്വരാ! നിങ്ങളെ സമ്മതിക്കണം. എന്തൊരു ധൈര്യം! ഇതെങ്ങനെ നിങ്ങരം കണ്ടുപിടിച്ചു?" ഞാൻ വളരെ ശാന്തമായി പറഞ്ഞു: "ഈ വക സമയങ്ങളിൽ മനസ്സു നിയന്ത്രിക്കാനുള്ള കരുത്താണ് മനുഷ്യനു് ആവശ്യം. കണ്ണാടിയിൽക്കൂടി അവരുടെ ഈ ഭാണ്ഡത്തിനകത്തുള്ള സാധനങ്ങരം ഞാൻ കണ്ടു. അതു് അവർ പ്രതീക്ഷിച്ചതല്ല."

അവളുടെ ഹൃദയം കിടന്നു മിടിക്കാൻ തുടങ്ങി. "ഇതൊക്കെ കണ്ടിട്ടും നിങ്ങരംക്കെങ്ങനെ കാറോടിക്കാൻ സാധിച്ചു? എങ്ങനെ എന്നെ അറിയിക്കാതിരിക്കാൻ സാധിച്ചു?" അവരം അപ്പോഴും ഇരുന്നു വിറയ്ക്കുകയാണ്.

“നല്ല ആളെയാണു് ഞാൻ അറിയിക്കുക. അവർ എത്രയോ അകലെ കിടക്കുന്നു ഇപ്പോൾ! എന്നിട്ടും ഭയം വിട്ടുമാറീട്ടില്ലല്ലോ!” ഞാൻ പറഞ്ഞു.

“നമ്മളെ ദൈവം രക്ഷിച്ചു. പരിചയമില്ലാത്തവരെ അസമയത്തു കാറിൽ വിളിച്ചു കയററുന്നതു തെററാണെന്നൊരു പാഠവും നാം പഠിച്ചു.” അവൾ ആശ്വാസത്തോടെ പറഞ്ഞു: “പക്ഷേ, ഈ ഭാണ്ഡം ഇനി എന്തുചെയ്യും?”

“അതിനും വഴിയുണ്ടാക്കാം.” ഞാൻ അവളെ സമാധാനിപ്പിച്ചു വീണ്ടും യാത്ര തുടർന്നു. സന്ധ്യ മയങ്ങിയതോടെ ഞങ്ങൾ തൃശ്ശൂരെത്തി. നേരെ പോലീസ് സ്റ്റേഷനിൽചെന്നു് ഭാണ്ഡം അവിടെ ഏല്പിച്ചു സംഭവം മുഴുവൻ വിവരിച്ചു. വീട്ടിൽചെന്നു കിടന്നുറങ്ങിയപ്പോൾ മണി പന്ത്രണ്ടു കഴിഞ്ഞിരുന്നു.

ആ കവർച്ചക്കാരെ പോലീസിനു പിടികിട്ടിയില്ലെന്നാണു് അറിയുന്നതു്.

## അഭ്യാസം

1. താഴെ കാണുന്ന വാക്യങ്ങൾ പരിശോധിച്ചു് ചൂർണ്ണികയോ സങ്കീർണ്ണകമോ എന്നു നിർണ്ണയിക്കുക:—

(1) ജാക്കിവെച്ചു ചക്രം പൊക്കാൻ ഭാവിച്ചപ്പോഴേയ്ക്കും മൂന്നു പേർ എന്നെ സഹായിക്കാൻ വന്നെത്തി.

(2) ഒററയ്ക്കെന്തിനു കഷ്ടപ്പെടുന്നു ?

(3) - വീൽ നട്ടു് അഴിച്ചുകൊള്ളൂ.

(4) കൈകൊട്ടിവിളിച്ചെങ്കിലും അയാൾ കേട്ടില്ല.

(5) അവരെ കാറിൽ കയററാതിരുന്നതു് അനീതിയായെന്നും ദൈവം എന്നോടു സമാധാനം ചോദിക്കുമെന്നും മററും അവൾ പ്രസംഗിച്ചു.

2. ഈ പാഠത്തിലെ കഥ ചുരുക്കിയെഴുതുക.

പാഠം 9

# പാന്നയുടെ ത്യാഗം

[കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ 'ഉദയസിംഹൻ' എന്ന കവിതയിലെ ഒരു ഭാഗമാണു് താഴെ കൊടുത്തിരിക്കുന്നതു്.

മീവാർ രാജാവായിരുന്നു സംഗ്രാമസിംഹൻ. ബാണവീരൻ വെറുമൊരു ഭൃത്യനും. സമർത്ഥനായ ബാണവീരൻ കാലക്രമത്തിൽ മന്ത്രി പദത്തിലേക്കുയന്നു. രാജാവിനു് ഉദയസിംഹൻ എന്നൊരു പുത്രൻ ജനിച്ചു. വളരെക്കഴിയുന്നതിനു മുമ്പെ രാജ്ഞി മരിച്ചു. അതുകഴിഞ്ഞു കുറച്ചുകാലത്തിനുള്ളിൽ രാജാവും ഇഹലോകവാസം വെടിഞ്ഞു. ബാണവീരനെയാണു് പുത്രൻെറ രക്ഷാ പുരുഷനായി രാജാവു നിശ്ചയിച്ചിരുന്നതു്. പാന്നയായിരുന്നു ധാത്രി. ബാണവീരൻ എട്ടൊമ്പതുകൊല്ലം രാജ്യഭാരം നടത്തി. അല്പകാലംകൂടി കഴിയുമ്പോഴ് രാജ്യം രാജകുമാരനെ തിരിച്ചേല്പിക്കേണ്ടിവരുമല്ലോ എന്ന ചിന്ത ബാണവീരനെ അലട്ടി. ആ ദുഷ്ടവിചാരത്തിൻെറ ഫലമായി മന്ത്രി രാജകുമാരനെ കൊല്ലാൻ തീരുമാനിച്ചു. പാന്ന വിവരം അറിഞ്ഞു. സ്വന്തപുത്രനെ ബലികഴിച്ചു രാജകുമാരനെ രക്ഷിക്കുവാൻ ആ രാജ്യസ്നേഹി തീരുമാനിച്ചു. ആ മഹാത്യാഗത്തിനു പുറപ്പെടുന്നതിനുമുമ്പെ പാന്നയുടെ വിചാരമാണു് ഇവിടെ വിവരിക്കുന്നതു്.]

ഒരുജീവി ജനിക്കിലന്നു ദൈവം
കരുതീട്ടുണ്ടവനുള്ള മൃത്യുകാലം ;
ഒരുലേശമിതൊന്നു മാററിവയ്ക്കാ—
നരുതാക്കും, വിഫലം മനുഷ്യയത്നം.

നൃപബാലകനില്ല ജാതകംകൊ—
ണ്ടപമൃത്യുഭയമെന്നു കണ്ടിരിപ്പു ;
അപരന്നിതു പററിയാലുമുണ്ണി—
ക്കപരാധക്രിയ ചെയ്കിലേല്ലുയില്ലാ.

സ്വയമേ നിജപുത്രനെക്കെടുത്തീ—
ബ്ഭയമേതെങ്കിലുമിന്നു ഞാനൊഴിപ്പൻ ;
നയമേറിന രാജപുത്രർ, ചത്തും
മയമേറുംപടി രാജഭക്തികാട്ടും.

നരനാഥകുമാരകൻ കിടക്കും
പരമപ്പട്ടു വിരിച്ച മെത്തയിന്മേൽ
തരമെൻെറ കിടാവിനെക്കിടത്താം,
മരണം പററുകിലായവൻ കൃതാർത്ഥൻ.

ഇഹ രാജകുലത്തിൽനിന്നു ചോറെൻ
ഗൃഹജന്മാർ പതിവായ് ബ്ഭുജിച്ചിരുന്നു ;
മഹനീയ മഹീശജീവനിന്നെൻ—
മഹനീജ്ജീവിതനാശമാണുയുക്തം.

ഉദയസിംഹൻ] [കുഞ്ഞിക്കുട്ടൻ തമ്പുരാൻ

അഭ്യാസം

1. രാജകുമാരനു് അപമൃത്യു സംഭവിക്കുകയില്ലെന്നു പാന്നയ്ക്കു് ഉറപ്പു തോന്നാൻ കാരണമെന്തു് ?

2. ഉദയസിംഹനെ രക്ഷിക്കുവാൻ പാന്ന കണ്ട ഉപായമെന്തു്?

3. പാന്നയെ മഹാത്യാഗത്തിനു പ്രേരിപ്പിച്ച സംഗതികൾ ഏവ ?

4. (a) "മരണം പററുകിലായവൻ കൃതാൎത്ഥൻ"—ആരാണു് കൃതാൎത്ഥൻ ? എന്തുകൊണ്ടു് ?

(b) 'ഒരുലേശമിതൊന്നു മാററിവെയ്ക്കാ–
നരുതാൎക്കും'—എന്താണു് മാററിവെയ്ക്കാൻ സാധിക്കാത്തതു് ? അതിനു കാരണമെന്തു് ?

---

പാഠം 10

# കേരളപാണിനി

പാണിനി എന്നൊരു മഹാപണ്ഡിതനെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ ? സംസ്കൃത ഭാഷയ്ക്കു് ഏററവും പ്രാമാണികമായ വ്യാകരണമെഴുതിയ മഹർഷിവര്യനാണു് അദ്ദേഹം. അതുപോലെ കേരള ഭാഷയ്ക്കു് ഒരു മഹാപണ്ഡിതൻ വ്യാകരണമെഴുതിയപ്പോൾ അദ്ദേഹത്തെ ജനങ്ങൾ 'കേരളപാണിനി' എന്നു വിളിച്ചുവന്നു.

ആരാണു് ഈ കേരളപാണിനി ? മലയാള ഭാഷയ്ക്കും മലയാള സാഹിത്യത്തിനും അത്യന്താപേക്ഷിതങ്ങളായ ശാസ്ത്ര ഗ്രന്ഥങ്ങളെഴുതിയും ഈടുററ ചില സംസ്കൃത കൃതികൾ മലയാളത്തിലേക്കു വിവൎത്തനം ചെയ്തും കൈരളിയെ സമ്പന്നയാക്കിയ പ്രൊഫസർ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനെയാണു് 'കേരളപാണിനി' എന്ന അപരനാമംകൊണ്ടു നാം ബഹുമാനിക്കുന്നതു്. മലയാളികൾക്കു മറക്കാനോ മറയ്ക്കാനോ ആവാത്ത മഹാസംഭാവനകളർപ്പിച്ച ഈ പുണ്യശ്ലോകനെപ്പററി അറിയാൻ ആൎക്കാണു് കൗതുകം തോന്നാത്തതു് ?

രാജരാജവൎമ്മ കൊല്ലവർഷം 1038 അഥവാ ക്രിസ്ത്വബ്ദം 1863-ലാണു് ജനിച്ചതു്. കേരളഭാഷാ സാഹിത്യസാമ്രാട്ടു് പദവിയിലേക്കു കുതിച്ചിരുന്ന കേരളവൎമ്മ വലിയ കോയിത്തമ്പുരാന്റെ മാതൃസോദരീപുത്രിയായ ഭരണിതിരുനാൾ

അമ്മതമ്പുരാട്ടിയായിരുന്നു രാജരാജവർമ്മയുടെ അമ്മ. അച്ഛനായ ഏറ്റുമാനൂർ പാററിയാൽ മനയ്ക്കൽ വാസുദേവൻ നമ്പൂതിരി നല്ലൊരു ജ്യോതിശ്ശാസ്ത്രപണ്ഡിതനായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, മാതൃകവും പൈതൃകവുമായി പാണ്ഡിത്യത്തിൻെറ പാരമ്പര്യത്തിലാണ് രാജരാജവർമ്മ ജനിച്ചുവളർന്നതു്.

രാജരാജവർമ്മയുടെ ശൈശവകാലം ഹരിപ്പാട്ടാണ് കഴിഞ്ഞുകൂടിയതു്. 'വാര്യരാശാൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചുനക്കര വാര്യരാണ് കുട്ടിയെ നിലത്തെഴുത്തും കുട്ടിവായനയും പഠിപ്പിച്ചതു്. ഓട്ടം, ചാട്ടം, നീന്തൽ. ഊഞ്ഞാലാട്ടം മുതലായ വിനോദങ്ങളിലായിരുന്നു മൂപ്പക്ക് അന്നൊക്കെ വലിയ ഉത്സാഹം. പക്ഷേ, പഠിപ്പിൽ ഉദാസീനതയൊന്നും കാണിച്ചിരുന്നില്ല.

രാജരാജവർമ്മയുടെ മാതുലനായ കേരളവർമ്മ വലിയ കോയിത്തമ്പുരാന് ഇതിനിടയിൽ ഹരിപ്പാട്ട താമസമാക്കേണ്ടിവന്നു. 'ഉർവ്വശീശാപം ഉപകാരം' എന്നതുപോലെയാണ് നമ്മുടെ കഥാപുരുഷനു് ഇതു പ്രയോജനപ്പെട്ടതു്. പണ്ഡിതവരേണ്യനായ മാതുലൻെറ ശിക്ഷണത്തിൽ വളരാൻ ഇതുമൂലം രാജരാജവർമ്മയ്ക്കു ഭാഗ്യം സിദ്ധിച്ചു. സംസ്കൃതത്തിലെ മികച്ച ഗ്രന്ഥങ്ങൾ പലതും തമ്പുരാൻ മരുമകനെ പഠിപ്പിച്ചു. കാവ്യനാടകങ്ങളും അലങ്കാരശാസ്ത്രഗ്രന്ഥങ്ങളും വ്യാകരണവും ഈ കാലംകൊണ്ടു രാജരാജവർമ്മ അഭ്യസിച്ചു.

ബാല്യത്തിൽത്തന്നെ കഥാപുരുഷൻ കവിതാവാസന പ്രകടമാക്കി. സംഭവം ഇങ്ങനെയാണ് ഉണ്ടായതു്. ഒരു ദിവസം കേരളവർമ്മ വലിയകോയിത്തമ്പുരാൻ തൻെറ ശിഷ്യന്മാരോടു പറഞ്ഞു: "നാളെ വരുമ്പോൾ എല്ലാവരും ഓരോ 'ഗണപത്യഷ്ടകം' എഴുതിക്കൊണ്ടുവരണം." ഈ കല്പന അലംഘനീയമായിരുന്നതിനാൽ എല്ലാവരും വളരെ ക്ലേശിച്ച് അഷ്ടകമെഴുതി. എന്നാൽ രാജരാജവർമ്മ പതിവുപോലെ, കളിച്ചു സമയം കളഞ്ഞു. മാതുലനെ സന്ദർശിക്കേണ്ട സമയം ആസന്നമായപ്പോഴേ അഷ്ടകത്തിൻെറ കഥ ഓർത്തുള്ളു. എന്നാൽ, സമയത്തിനു മുമ്പുതന്നെ അദ്ദേഹം ഒരഷ്ടകം എഴുതിയൊപ്പിച്ചു. മാത്രമല്ല, ഗുരു എഴുതിയ അഷ്ടകത്തേക്കാൾ അർത്ഥപുഷ്ടികൊണ്ട് അതു മെച്ചപ്പെട്ടതാണെന്ന് അഭിപ്രായപ്പെടുവാനും ആളുണ്ടായി. ഇതിനുശേഷം വേറേയും ചില കവിതകൾ ബാല്യകാലത്തു തന്നെ എഴുതി "ബാലകവി" എന്ന ബഹുമതി സമ്പാദിക്കുവാനും സംസ്കൃതപാണ്ഡിത്യം വെളിപ്പെടുത്തുവാനും കഥാപുരുഷനു സാധിച്ചു.

കൊല്ലവർഷം 1056—ൽ കേരളവമ്മ വലിയ കോയിത്തമ്പുരാൻ തിരുവനന്തപുരത്തു താമസമാക്കി. ഇതും പ്രിയ ഭാഗിനേയനു് അനുഗ്രഹമായി. രാജരാജവമ്മ ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേന്നു പഠിക്കാൻ തുടങ്ങി. അക്കാലത്തു് ഒരു സംഭവമുണ്ടായി. വിശാഖം തിരുനാരം മഹാരാജാവു് സ്കൂരം സന്ദർശിക്കവാൻ വന്നു. സംസ്കൃതത്തിൽ എട്ടുപേജിൽ കുറയാതെ എഴുതുന്ന ഉപന്യാസങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടതിനു ഒരു സമ്മാനം കൊടുക്കാൻ മഹാരാജാവു തീരുമാനിച്ചു. കോളേജ് വിദ്യാത്ഥികരംക്കും സ്കൂരം വിദ്യാത്ഥികരംക്കും ഈ മത്സരത്തിൽ ചേരാമായിരുന്നു. രാജകീയസമ്മാനംനേടി ബഹുമതിയാജ്ജിക്കാനുള്ള അഭിലാഷം ആക്കാണു് ഇല്ലാത്തതു് ? ധാരാളം പേർ വാശിയോടെ മത്സരത്തിൽ പങ്കെടുത്തു. എന്നാൽ ആ രാജകീയ സമ്മാനം നേടിയതു ഫോത്തുഫാറത്തിൽ പഠിച്ചിരുന്ന രാജരാജവമ്മയായിരുന്നു.

ഇരുപതാം വയസ്സിൽ രാജരാജവമ്മ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. കുട്ടികളായ നിങ്ങരം ഒരു പക്ഷെ, ഇതു കേരംക്കുമ്പോരം ചിരിച്ചേക്കാം. നിങ്ങരംക്കു പതിനഞ്ചു വയസ്സിൽ സാധിക്കാവുന്ന കാര്യമാണിതെന്നു പറയുമായിരിക്കും. പക്ഷേ നമ്മുടെ കഥാനായകൻ വളരെ വൈകീട്ടാണു് സ്കൂളിൽ ചേർന്നതെന്ന കാര്യം വിസ്മരിക്കരുതു്. മാത്രമല്ല, ഈ വൈകിയ വേളയിലും അദ്ദേഹത്തിൻെറ വിദ്യാഭ്യാസത്തിനു പ്രതിബന്ധം നേരിട്ടു. അമ്മയുടെ മരണം നിമിത്തം ഒരു കൊല്ലത്തെ 'ദീക്ഷ' വേണ്ടിവന്നു. ഭാഗ്യവശാൽ, വിശാഖം തിരുനാളിൻെറ പുത്രനോടൊന്നിച്ചു വീട്ടിലിരുന്നു പഠിച്ചു സവ്വകലാശാലക്കാരുടെ പരീക്ഷയ്ക്കിരിക്കാൻ അനുവാദം കിട്ടിയതിനാൽ ഈ പ്രതിബന്ധം നീങ്ങി. എന്നാൽ വിശാഖം തിരുനാരം പെട്ടെന്നു നാടു നീങ്ങുകയാൽ അക്കൊല്ലം പരീക്ഷയ്ക്കു ചേരാൻ രാജരാജവമ്മയ്ക്കു സാധിച്ചില്ല. അടുത്തകൊല്ലം കോളേജിൽ ചേരുകയും എഫ്. ഏ. പരീക്ഷയിൽ ജയിക്കുകയും ചെയ്തു അദ്ദേഹം.

കോളേജിൽ പഠിക്കുന്ന കാലത്തു് ഒരു 'പുസ്തകപ്പുഴ'വായിട്ടല്ല രാജരാജവമ്മ കഴിഞ്ഞുപോന്നതു്. ചതുരംഗം കളിക്കുക, നേരമ്പോക്കു പറയുക, കൂട്ടരൊന്നിച്ചു സായാഹ്ന സഞ്ചാരത്തിനുപോകുക, അക്ഷരശ്ലോകം ചൊല്ലുക മുതലായി പുസ്തകപാരായണമൊഴികെയുള്ള എല്ലാ പരിപാടികളിലും ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം. ഈ കളി തെല്ലു അതിരുകടന്നതിൻെറ ഫലമായി ബി. എ. പരീക്ഷയ്ക്കു കെമിസ്ട്രിയിൽ തോററു. അടുത്ത കൊല്ലം മനസ്സിരുത്തി വായിച്ചു; അതിൻെറ ഫലമായി അദ്ദേഹം ജയിക്കുകയും ചെയ്തു.



ബി. എ. ജയിച്ചശേഷം രാജരാജവൎമ്മ സംസ്കൃത പാഠശാലയുടെ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടു. സംസ്കൃതശിക്ഷണം പാശ്ചാത്യ രീതിയിലാക്കി പരിഷ്കരിച്ചു പൂൎവ്വാധികം വിദ്യാൎത്ഥികളെ അങ്ങോട്ടാകർഷിക്കുവാൻ സാധിച്ചതാണു് ഈ ഉദ്യോഗത്തിലിരുന്നുകൊണ്ടു് അദ്ദേഹത്തിനു സാധിച്ച നേട്ടം. ഇംഗ്ലീഷ്‌രീതിയിലല്ലാത്ത യാതൊന്നിനും വേണ്ടത്ര മതിപ്പില്ലാതിരുന്ന അക്കാലത്തു് ഈ പരിവൎത്തനം ആവശ്യവുമായിരുന്നു.

ഉദ്യോഗത്തിലിരിക്കുമ്പോൾത്തന്നെ സംസ്കൃതത്തിൽ എം. എ. പരീക്ഷയ്ക്കു ചേരാനും രാജരാജവൎമ്മ ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നു. രണ്ടു കൊല്ലംകൊണ്ടു് എല്ലാം പഠിച്ചു; പരീക്ഷയ്ക്കു ചേൎന്നു; മദ്രാസ് പ്രസിഡെൻസിയിൽ ഒന്നാമനായി എം. എ. ജയിക്കുകയും ചെയ്തു.

രണ്ടു കൊല്ലവുംകൂടി കഴിഞ്ഞപ്പോൾ രാജരാജവൎമ്മ സംസ്കൃത മഹാപാഠശാലയിലെ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. ഈ ഉദ്യോഗത്തിലിരിക്കുമ്പോഴും സംസ്കൃതശിക്ഷണം മെച്ചപ്പെടുത്താനുള്ള പല നിർദ്ദേശങ്ങളും അദ്ദേഹം സമർപ്പിക്കുകയുണ്ടായി.

നമ്മുടെ കഥാനായകൻ ഉദ്യോഗജീവിതത്തിൽ ഉപൎയ്യുപരി ഉയൎന്നുകൊണ്ടിരുന്നു. 1074-ൽ അദ്ദേഹം തിരുവനന്തപുരം മഹാരാജാസ്

കോളേജിലെ നാട്ടഭാഷാസൂപ്രണ്ടായും പിന്നീട്ട് പ്രൊഫസറായും നിയമിക്കപ്പെട്ടു. മലയാളത്തിൻെറ ഭാഗ്യമെന്നുപറയട്ടെ, ഈ ഉദ്യോഗത്തിലിരിക്കുമ്പോഴാണ്ട് കേരളഭാഷയ്ക്കും സാഹിത്യത്തിനും ചില വലിയ നേട്ടങ്ങളുണ്ടായതു്. ക്ലാസ്സിൽ പഠിപ്പിക്കാൻ വേണ്ടിതയ്യാറാക്കിയ അദ്ദേഹത്തിൻെറ നോട്ടുകളാണ്ട് സാഹിത്യസാഹ്യം, ഭാഷാഭൂഷണം, വൃത്തമഞ്ജരി എന്നീ പേരുകളിൽ കേരളഭാഷാഭണ്ഡാരത്തിലെ അമൂല്യരത്നങ്ങളായിത്തീൎന്നതു്. ഒരദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിൻെറ സേവനം സ്തുത്യർഹമായിരുന്നു. ഏതൊരു വിദ്യാൎത്ഥിയും രാജരാജവൎമ്മയുടെ ശിഷ്യത്വം വലിയ അഭിമാനമായിട്ടാണ്ട് കരുതിയിരുന്നതു്. ആ പദവി കൊതിക്കാത്ത ഒരൊററ വിദ്യാൎത്ഥിപോലും അന്നുണ്ടായിരുന്നില്ല.

GOVT. HIGH SCHOOL
Date.........
KOTTAYAM.

പാഠപുസ്തകസമിതി, പ്രസംഗസമിതി, ആദിയായി പലതിലും മലയാളത്തിൻെറ നിലയും വിലയും ഉയൎത്തുവാൻ വേണ്ടി അദ്ദേഹം പരിശ്രമിച്ചു. തികഞ്ഞ ഉത്തരവാദിത്വബോധത്തോടുകൂടിയല്ലാതെ ഒരു കാര്യവും അദ്ദേഹം ചെയ്തിരുന്നില്ല. ബ്രിട്ടീഷുകാരുടെ ഭരണമായിരുന്നതുകൊണ്ടു മലയാളത്തോടു തെല്ലൊരനാദരവു കാണിക്കുന്നതു ഭൂഷണമാണെന്നുപോലും കരുതിയിരുന്ന കേരളീയരുണ്ടായിരുന്നു. എന്നാൽ, പ്രൊഫസർ രാജരാജവൎമ്മ ഈ അനാദരവിനു് അറുതിവരുത്തുവാൻവേണ്ടി ആത്മാൎത്ഥമായി പരിശ്രമിക്കുകയും മലയാളത്തിൻെറ പദവി ഉയൎത്തുകയും ചെയ്തു.

ഭാഷയ്ക്കും സാഹിത്യത്തിനുംവേണ്ടി രാജരാജവൎമ്മ സമർപ്പിച്ച സംഭാവനകളാണ്ട് അദ്ദേഹത്തിൻെറ യശസ്സു അനശ്വരമാക്കിയതു്. സ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്തു മലയാളവുമായിയാതൊരു ബന്ധവും പുലർത്താതെയാണ്ട് കഴിഞ്ഞുപോന്നതെങ്കിലും ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം അദ്ദേഹത്തിനു മലയാളത്തോടുള്ള മതിപ്പു് ഉപര്യുപരി വൎദ്ധിച്ചുവന്നു. കേരളവൎമ്മ വലിയ കോയിത്തമ്പുരാനാണ്ട് ഈ രംഗത്തിലും അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചതു്. സംസ്കൃതകവിസാൎവ്വഭൗമനായ കാളിദാസൻെറ 'മേഘദൂതു്' എന്ന കാവ്യത്തിൻെറ മലയാളം തൎജ്ജമയാണ്ട് അദ്ദേഹം ആദ്യം പ്രസിദ്ധപ്പെടുത്തിയതു്. അടുത്തകൊല്ലം കേരളപാണിനീയം കൂടി പുറത്തു വന്നതോടെ രാജരാജവൎമ്മയുടെ ബുദ്ധിശക്തിയും പാണ്ഡിത്യവും മലയാളികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു വിധേയമായി. സാഹിത്യസാഹ്യം, ഭാഷാഭൂഷണം, വൃത്തമഞ്ജരി എന്നീ ഗ്രന്ഥങ്ങളും കൂടി പ്രസിദ്ധപ്പെടുത്തിയതോടെ ശാസ്ത്രരംഗത്തു മലയാളത്തിനുണ്ടായിരുന്ന ദാരിദ്ര്യം പരിഹരിക്കപ്പെട്ടു. കേരളപാണിനീയത്തേക്കാരം മെച്ചപ്പെട്ട ഒരു വ്യാകരണഗ്രന്ഥം ഇതുവരെ മലയാളത്തിലുണ്ടായിട്ടില്ല. വിദ്യാൎത്ഥികളെസ്സംബന്ധിച്ചിടത്തോളം ഭാഷാ

ഭൂഷണവും, വൃത്തമഞ്ജരിയും അന്നുമുതൽ ഇന്നുവരെ മുൻപന്തിയിൽ തന്നെ നില്ക്കുന്നു.

സംസ്കൃതഭാഷാഭിജ്ഞന്മാൎക്ക് ഗൈൎവ്വാണീഭണ്ഡാഗാരത്തിലെ അമൂല്യരത്നങ്ങളുടെ തിളക്കം കാണിച്ചുകൊടുക്കുകയായിരുന്നു കഥാപുരുഷന്റെ സാഹിത്യസേവനത്തിന്റെ മറെറാരു വശം. മേഘദൂതിനു പുറമെ, കാളിദാസന്റെ ഇതരകൃതികളായ ശാകുന്തളം, മാളവികാഗ്നിമിത്രം, കുമാരസംഭവം എന്നിവയും ഭാസന്റെ കൃതികളായ ചാരുദത്തൻ, സ്വപ്നവാസവദത്തം എന്നിവയും രാജരാജവൎമ്മ മലയാളത്തിലേക്കു വിവൎത്തനം ചെയ്തു. ആംഗലസാമ്രാജ്യം എന്ന മഹാകാവ്യമുൾപ്പെടെ ഏതാനും കൃതികൾ സംസ്കൃതത്തിലും അദ്ദേഹം രചിച്ചു. ഈ തൎജ്ജമകളും സംസ്കൃതകൃതികളും മുഴവൻ മറന്നാലും കേരളപാണിനീയം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം മുതലായ ശാസ്ത്രഗ്രന്ഥങ്ങൾ ഒരു കാലത്തും മലയാളികൾ മറക്കുമെന്നു തോന്നുന്നില്ല.

അഗാധപണ്ഡിതനും, വിശാലഹൃദയനും ഭാഷാഭിമാനിയുമായിരുന്ന അദ്ദേഹത്തിനു ദീൎഘായുസ്സു നേരാത്ത ഭാഷാഭിമാനികൾ അന്നു കേരളത്തിലുണ്ടായിരുന്നില്ല. എന്നാൽ, അമ്പത്താറാമത്തെ വയസ്സിൽ സന്നിപാതജ്വരം പിടിപെട്ട് ആ മഹാശയൻ ഇഹലോകവാസം വെടിഞ്ഞു. ഈ ദുഃഖവാൎത്ത ഭാഷാസ്നേഹികൾക്കു ദുസ്സഹമായിരുന്നു. മഹാകവി കുമാരനാശന്റെ 'പ്രരോദനം' എന്ന വിലാപകാവ്യത്തിന്റെ വിഷയം ഈ മഹച്ചരമമാണ്.

അമ്പത്താറു വയസ്സുകൊണ്ടവസാനിച്ച ധന്യമായ ആ ജീവിതത്തിനിടയിൽ കൈരളിക്കു കൈവിടാൻ വയ്യാത്ത പല ഗ്രന്ഥങ്ങളും ലഭിച്ചു. പണ്ഡിതനും അദ്ധ്വാനശീലനുമായ അദ്ദേഹം കുറെക്കാലം കൂടി ജീവിച്ചിരിക്കത്തക്ക ഭാഗ്യം മലയാളഭാഷയ്ക്കോ അദ്ദേഹത്തിന്റെ കുടുംബത്തിനോ ഉണ്ടായില്ല. പത്നിയായ സ്വാതി തിരുനാൾ തമ്പുരാട്ടിയും മക്കളായ ഭാഗീരഥിത്തമ്പുരാട്ടിയും രാഘവവൎമ്മ രാജാവും വിദ്യാസമ്പന്നരാണ്.

### അഭ്യാസം

1. താഴെ പറയുന്ന വാക്യം അപോദ്ധരിക്കുക:—

മഹാരാജാവ് സ്ഥലം സന്ദൎശിക്കുവാൻ വന്നു.

2. അടുത്ത കൊല്ലം കോളേജിൽ ചേരുകയും പരീക്ഷയിൽ ജയിക്കുകയും ചെയ്തു അദ്ദേഹം.

ഈ വാക്യം ശ്രദ്ധിക്കുക. അദ്ദേഹം കോളേജിൽ ചേൎന്നു. അദ്ദേഹം പരീക്ഷയിൽ ജയിച്ചു. എന്നിങ്ങനെ തുല്യപ്രധാനമായ രണ്ടു വാക്യങ്ങൾ

കൂട്ടിയിണക്കിയിരിക്കയാണു്. ഇങ്ങനെ ഒന്നിലധികം പ്രധാന വാക്യങ്ങൾ ചേൎന്നുണ്ടാകുന്ന വാക്യത്തിനു 'മഹാവാക്യം' എന്നു പേർ. 'അടുത്ത കൊല്ലം കോളേജിൽ ചേൎന്നു് പരീക്ഷയിൽ ജയിച്ച അദ്ദേഹം' എന്നാക്കി പരിഷ്കരിച്ചാൽ ഇതു് ചൂൎണ്ണികാ വാക്യമായി. ഇങ്ങനെ ചൂൎണ്ണികയെ മഹാവാക്യമായും മഹാ വാക്യത്തെ ചൂൎണ്ണികയായും വിവൎത്തനം ചെയ്തു ശീലിക്കുക.

3. ബി. ഏ. ജയിച്ചശേഷം രാജരാജവൎമ്മ സംസ്കൃതപാഠശാലയുടെ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടു. (ഈ സങ്കീൎണ്ണകത്തെ രണ്ടു ചൂൎണ്ണികകളാക്കുക).

4. രാജരാജവൎമ്മ മലയാളഭാഷയെ സേവിച്ചതെങ്ങനെ എന്നു വിവരിക്കുക.

---

## പാഠം 11

# ജാതി ചോദിച്ചില്ല

[മഹാകവി കുമാരനാശന്റെ ഖണ്ഡകൃതികളിൽ പ്രാധാന്യമൎഹിക്കുന്ന ഒന്നാണു് "ചണ്ഡാലഭിക്ഷുകി". അതിൽ നിന്നെടുത്ത ഒരു ഭാഗമാണു് താഴെ കൊടുത്തിരിക്കുന്ന വരികൾ. ഒരു നട്ടുച്ചക്കു് ആനന്ദൻ എന്ന ബുദ്ധഭിക്ഷു ദാഹിച്ചു വലഞ്ഞു് ഒരു കിണററിൻകരെ എത്തി. അപ്പോഴേയ്ക്കും മാതംഗി വെള്ളം കോരാൻ അവിടെച്ചെന്നു. ഭിക്ഷു വെള്ളം ചോദിച്ചപ്പോൾ നീചജാതിയിൽ ജനിച്ച മാതംഗി കൊടുക്കാൻ മടിച്ചു. ഭിക്ഷുവും മാതംഗിയും തമ്മിൽ നടന്ന സംഭാഷണമാണു് ഇവിടെ വിവരിക്കുന്നതു്.]

"ദാഹിക്കുന്നു ഭഗിനീ, കൃപാരസ—
മോഹനം കുളർ തണ്ണീരിതാശു നീ
ഓമലേ, തരു തെല്ലെ"ന്നതു കേട്ടൊ—
രാമനോഹരിയമ്പരന്നോതിനാൾ:—
"അല്ലല്ലെന്തുകഥയിതുകഷ്ടമേ!
അല്ലലാലങ്ങു ജാതിമറന്നിതോ?
നീചനാരിതൻ കൈയാൽ ജലംവാങ്ങി
യാചമിക്കുമോ ചൊല്ലെഴമാര്യന്മാർ?
കോപമേലരുതേ, ജലംതന്നാല്പം
പാപമുണ്ടാ, മിവളൊരു ചണ്ഡാലി
ഗ്രാമത്തിൻ പുറത്തിങ്ങുവസിക്കുന്ന
'ചാമർ' നായകൻ തന്റെ കിടാത്തി ഞാൻ."

ഓതിനാൻ ഭിക്ഷുവേററം വിലക്ഷനായ്:—
''ജാതിചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ!
ഭീതിവേണ്ടാ, തരികതെനിക്കു നീ.''

ചണ്ഡാലഭിക്ഷുകി] [കുമാരനാശാൻ

അഭ്യാസം

1. മാതംഗി അമ്പരക്കാൻ എന്താണ് കാരണം?

2. ദാഹിച്ചു വലഞ്ഞ ഭിക്ഷുവിനു വെള്ളം കൊടുക്കാതിരിക്കാൻ മാതംഗി പറഞ്ഞ ന്യായം എന്താണ്?

3. (a) ''തരികതെനിക്കു നീ''—ആരാണ് കൊടുക്കേണ്ടതു്? എന്തു്? ആർക്ക്? എന്തിനു്?

(b) ''ആ മനോഹരിയമ്പരന്നോതിനാൾ''—ആരോട്? അമ്പരപ്പിനു കാരണമെന്തു്? പറഞ്ഞതെന്താണ്?

4. (a) പര്യായം പറയുക:—
വെള്ളം; നാവു്; സ്ത്രീ.

(b) പിരിച്ചെഴുതുക:—
കൈയാൽ; ചൊല്ലെഴമാര്യന്മാർ.

---

പാഠം 12

## എഴുത്തു്

എറണാകുളം,
24–11–1963.

പ്രിയപ്പെട്ട അച്ഛാ,

ഇവിടെ വന്നശേഷം ഇതുവരെ ഒന്നു വിശ്രമിക്കാൻ സമയം കിട്ടീട്ടില്ല. എന്തൊരു ബദ്ധപ്പാടാണ്! ധാരാളം കാഴ്ചകളുണ്ടു് കാണാൻ. ഇന്നലെ ഒരു കോഴിവളർത്തൽ കേന്ദ്രം സന്ദർശിക്കുകയുണ്ടായി. അദ്ധ്വാനശീലനായ ഒരു വ്യാപാരി സ്വന്തമായി നടത്തിവരുന്ന ഒരു സ്ഥാപനമാണതു്. വളരെ കാര്യങ്ങൾ ഈ കോഴിവളർത്തൽ സംബന്ധിച്ചു് നമുക്കു് പഠിക്കാനുണ്ടു്.

കോഴികളെ ഇനം തിരിച്ചു് കൊച്ചുകൊച്ചു വീടുകളിൽ പാർപ്പിച്ചിരിക്കയാണു്. ഇരുമ്പുവലകൊണ്ടു പ്രത്യേകം വേലികെട്ടി തിരിച്ചിട്ടുള്ള കുടിയിരുപ്പുപറമ്പുകളുണ്ടു് ഈ ഓരോ വർഗ്ഗത്തിനും,

അതിനകത്തു് ഒത്ത നടുവിലായി രാത്രി ഉറങ്ങാനും മഴ വരുമ്പോൾ കയറി നില്ക്കാനും പററിയ വിധം മേൽക്കൂടുള്ള കൊച്ചുപുരകൾ പണിതിട്ടുണ്ടു്. ഞാൻ പകലാണു് ചെന്നതു്. അപ്പോൾ മഴയുടെ ശല്യമൊന്നും ഉണ്ടായിരുന്നില്ല. ഓരോ വീട്ടുകാരുടേയും പടിക്കൽ ചെന്നപ്പോൾ അവരിൽ ചിലർ തലയുയർത്തി എന്നെ അഭിവാദനം ചെയ്തു.

ലെഗോൺ, മൈനോർക്ക, അങ്കോണ, കാമ്പൈൻ, ഹൗഡാൻ എന്നൊക്കെയാണു് ഈ വർഗ്ഗക്കാരുടെ പേരുകൾ. ഇവയെല്ലാം ധാരാളം മുട്ടയിടുന്ന വർഗ്ഗത്തിൽപ്പെട്ട കോഴികളാണു്. പല നിറത്തിലും കോഴികളെക്കണ്ടു. എന്നാൽ, ഒരു പ്രത്യേകത ശ്രദ്ധേയമായിരുന്നു. 'അങ്കോണ' എന്ന വർഗ്ഗത്തിൽ കറുത്തവ മാത്രമേ കാണപ്പെട്ടുള്ളു. സ്വർണ്ണത്തിന്റെയും വെള്ളിയുടേയും നിറമാണു് കാമ്പൈൻ വർഗ്ഗക്കാർക്കു്. അസീൽ, സസ്സെക്സു്, റോഡു് ഐലൻറു്, പ്ലിമത്തു് റാക്കു്, ആസ്ത്രേലിയൻ, ആർപ്പിംഗ്ടൺ എന്നീ പേരുകളിൽ ചില കൂട്ടരെക്കണ്ടു. ഓരോന്നും ആണ്ടിൽ 200 മുട്ട വരെ ഇടും, കാഴ്ചയ്ക്കു നല്ല വലുപ്പവുമുണ്ടു്. എന്റെ അച്ഛാ! ഇവിടെ വന്നു കാണേണ്ടതാണു്! നാം ഈ നാടൻ കോഴികളെയല്ലാതെ എന്താണു് കണ്ടിട്ടുള്ളതു്? എന്തു കാര്യമുണ്ടു് അവയെ വളർത്തീട്ടു്? ഒരാണ്ടിൽ പരമാവധി അമ്പതു മുട്ട തരും, അത്രമാത്രം.

ഇതു കൂടാതെയും ചില വർഗ്ഗങ്ങളെക്കണ്ടു. ഓരോന്നിന്റേയും പേരു പറഞ്ഞു ഞാൻ അച്ഛനെ കൂടുതൽ ജിജ്ഞാസുവാക്കുന്നില്ല. ഈ പറയപ്പെട്ട ഇനങ്ങളെക്കുറിച്ചുതന്നെ പലതും വിവരിക്കാനുണ്ടു്. വൈററു് ലെഗോൺ വർഗ്ഗമാണത്രെ നമ്മുടെ നാട്ടിൽ വളർത്താൻ ഏററവും പററിയതു്. അതിന്റെ മാതൃഭൂമി ഇററലിയാണു്. അതിന്റെ കിടപ്പിൽ ഒരു പ്രത്യേകതയുണ്ടു്. ഇടത്തോട്ടോ വലത്തോട്ടോ ചരിഞ്ഞാണു് കിടക്കുക. നല്ല തീററ കൊടുത്താൽ കൊല്ലത്തിൽ മുന്നൂറു മുട്ടവരെ കിട്ടും. മൈനോർക്കായുടെ ജന്മദേശം സ്പെയിൻ ആണു്. അതും ധാരാളം മുട്ടയിടുന്ന വർഗ്ഗമാണു്. റോഡു് ഐലൻറിന്റെ ജന്മദേശം അമേരിക്കയും ആർപ്പിംഗ്ടന്റേതു് ഇംഗ്ലണ്ടുമാണു്.

ഒരു സ്ഥലത്തു ചെന്നപ്പോൾ നമ്മുടെ നാടൻ പിടക്കോഴികളുടെ ഇടയിൽ ലെഗോൺ വർഗ്ഗത്തിൽപ്പെട്ട ഒരു ചാത്തൻ കോഴിയെ കണ്ടു. ആ വെള്ളക്കാരനെ ഒററതിരിച്ചു നമ്മുടെ നാട്ടുകാരുടെ നേതാവാക്കി നിർത്തിയിരിക്കുന്നതു് എനിക്കത്ര രസിച്ചില്ല. വെള്ളക്കാരുടെ ഭരണം അവസാനിച്ചിട്ടും ഈ കോഴിക്കൂട്ടത്തിൽ

മാത്രം എന്തിനുവേണ്ടി വെള്ളക്കാരുടെ മേധാവിത്വം? എൻെറ ചോദ്യത്തിന്ന് ആ കേന്ദ്രത്തിൻെറ ഉടമസ്ഥൻ പറഞ്ഞ സമാധാനം കേട്ടുകൊള്ളൂ.

ലെഗോൺ വളരെ വിലപിടിച്ച കോഴിയാണ്. കൊല്ലത്തിൽ മുന്നൂറോളം മുട്ടയിടും. മുട്ടയ്ക്കു തൂക്കവും വിലയും കൂടും. അതുകൊണ്ട് നാട്ടുകോഴികളെ വളർത്തുന്നതിനേക്കാൾ വളരെ കൂടുതൽ ആദായമുണ്ടാക്കാം ലെഗോണെ വളർത്തിയാൽ. പക്ഷേ, സാധാരണക്കാർക്ക് അതിൻെറ വില താങ്ങാൻ പ്രയാസമാണ്. മാത്രമല്ല, നാട്ടുകോഴികളോളം നമ്മുടെ കാലാവസ്ഥയോട് ഇണങ്ങി ജീവിക്കാനുള്ള സാമർത്ഥ്യവും ഈ വെള്ളക്കാർക്കില്ല. വളരെ ശ്രദ്ധിച്ചു വളർത്തിയാൽ കുഴപ്പം കൂടാതെ കഴിഞ്ഞുകൂടുമെന്നുമാത്രം. അപ്പോൾ കോഴിവളർത്തൽ കൂടുതൽ ആദായപ്രദമാക്കാൻ എന്താണ് ഉപായം? നാടൻ പിടക്കോഴികൾക്ക് ലെഗോൺ ചാത്തനുമായി കൂടിക്കഴിയുവാൻ അവസരം കൊടുക്കുക. ഇങ്ങനെ ലെഗോണുമായി ബന്ധം പുലർത്തുന്ന നമ്മുടെ പിടക്കോഴികൾ കൂടുതൽ മുട്ടയിടും; മുട്ടയ്ക്കു തൂക്കവും കൂടിക്കിട്ടും ഈ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞുങ്ങൾക്കു പ്രായം തികയുമ്പോൾ അവരും ലെഗോണുമായി ബന്ധംപുലർത്തട്ടെ. ആദ്യത്തെ തലമുറയിലെ പിടക്കോഴികളേക്കാൾ കൂടുതൽ മുട്ടയിടും രണ്ടാം തലമുറക്കാർ. ഈ മട്ടിൽ നാലഞ്ചു തലമുറ കഴിഞ്ഞാൽ നമ്മുടെ നാടൻ കോഴികൾക്കും ലെഗോൺ വർഗ്ഗത്തിനുള്ളത്ര കഴിവു സിദ്ധിക്കും.

കോഴി 'വർഗ്ഗങ്ങളെ നന്നാക്കാൻ പ്രയോഗിക്കുന്ന ഈ വിദ്യ കേട്ടപ്പോൾ എനിക്കു വളരെ കൗതുകം തോന്നി. ഇതു കോഴിക്കു മാത്രമല്ല, പശു, എരുമ മുതലായ മൃഗങ്ങൾക്കും സാധിക്കുമത്രേ. ഒരിടങ്ങഴി പാൽ കറക്കുന്ന നാടൻ പശുക്കളെ മേത്തരം കാളകളുമായി ബന്ധപ്പെടുത്തി രണ്ടുമൂന്നു തലമുറകൾകൊണ്ടു അഞ്ചിടങ്ങഴി പാൽ കറക്കാവുന്ന പദവിയിലേക്കുയർത്താൻ കഴിയുമത്രേ! മനുഷ്യൻ കണ്ടുപിടിക്കുന്ന ഓരോ വിദ്യ നോക്കൂ. അണ്ടി കുഴിച്ചിട്ടാലുണ്ടാകുന്ന മാവിലെ മാങ്ങയേക്കാൾ ഒട്ടിച്ചെടുത്ത മാവിലെ മാങ്ങ വലുതായിരിക്കുന്നില്ലേ? നമ്മുടെ വളപ്പിലെ മാവുകളിൽത്തന്നെ ഈ വ്യത്യാസം കണ്ടിട്ടുണ്ടല്ലോ? മാവിനെന്നപോലെ പക്ഷികൾക്കും മൃഗങ്ങൾക്കും ഇതു ബാധകമാണെന്ന് ഈ കോഴിവളർത്തൽകേന്ദ്രത്തിലെ കാഴ്ചയിൽ നിന്ന് എനിക്കു ബോദ്ധ്യപ്പെട്ടു.

ഇങ്ങനെ വർഗ്ഗോന്നമനത്തിനുവേണ്ടി തിരിച്ചുനിർത്തുന്ന നാടൻ പിടക്കോഴികൾ ലക്ഷണയുക്തകളായാൽ കൂടുതൽ നന്നത്രേ. ഏതാണ് ലക്ഷണയുക്തയായ പിട. അതു കണ്ടുപിടിക്കാം.

നേരത്തെ ഉണരുകയും നേരം വൈകി ഉറങ്ങുകയും ചെയ്യുന്നതാണ് പിടയുടെ ആരോഗ്യത്തിൻെറ ലക്ഷണം. കൂടവിട്ട് ആദ്യം പുറത്തുവരികയും ഒടുവിൽ കൂട്ടിലേക്കു പോകുകയും ചെയ്യുന്ന പിട യേതെന്നു നോക്കി കണ്ടുപിടിക്കണം. മാത്രമല്ല, ഓടി നടന്നു് ഭക്ഷണം ചികഞ്ഞു മാന്തിത്തിന്നുന്നതിൽ ഇക്കൂട്ടർക്ക് ഉത്സാഹം കൂടുതൽ കാണാം.

പിടയെപ്പോലെ പൂവനും നന്നായിരിക്കണം. പിടയെപ്പററി പ്പറഞ്ഞ ലക്ഷണങ്ങളൊക്കെ പൂവനും വേണം. ശരീരപ്രകൃതിയിൽ മാത്രം രണ്ടും തമ്മിൽ ഒരു വ്യത്യാസം കാണും. ആരോഗ്യമുള്ള പിട ക്കോഴിയുടെ വണ്ണം വാലിനോടടുത്ത ഭാഗത്താണ് കൂടിക്കാണുക. എന്നാൽ പൂവനു നേരെ മറിച്ചാണ്. അവനു ഉടലിൻെറ വിസ്താരം മുമ്പിലാണ്, പിന്നിലല്ല. ഉച്ചത്തിൽ കൂകുന്ന കുക്കടങ്ങൾ ചുണയും ചൊടിയുമുള്ളവയാണ്. തൻെറ കൂട്ടുകാരിയെ മററു ചാത്തന്മാർ സമീപിക്കുമ്പോഴെല്ലാം കോപത്തോടെ എതിർത്തു ദൂരെയോടിക്കുന്ന ചില പൂവൻ കോഴികളെ കാണാറില്ലേ ? അതു് നല്ല പൂവൻെറ ലക്ഷണമാണ്.

ഇങ്ങനെയെല്ലാമാണെങ്കിലും നാടൻ കോഴികളെ നിശ്ശേഷം പുറംതള്ളുന്നതും തെററാണ്. ഈ വെള്ളക്കാരും അവരെപ്പോലെ ആയിത്തീരുന്ന നാടൻ കോഴികളും മുട്ടയിടാൻ മാത്രമേ ഉപകരി ക്കുന്നുള്ളു. കൊല്ലത്തിൽ മുന്നൂറുദിവസം മുട്ടയിടുന്ന കോഴിക്കു് മുട്ട വിരിപ്പിക്കാൻ സമയം കിട്ടുമോ ? അവയ്ക്കു മുട്ടയിടാൻ മാത്രമേ സമയമുള്ളു. മുട്ട വിരിപ്പിക്കുന്ന ജോലി നാടൻ പിടകൾക്കു വിട്ടു കൊടുക്കണം.

കോഴിവളർത്തലിൽ നാം സ്വീകരിക്കുന്ന ഈ മിശ്രണ പരി പാടിയെസ്സംബന്ധിച്ച് ഒരു കാര്യംകൂടി ഞാൻ ധരിച്ചു. മിശ്രണത്തിനുപയോഗിക്കുന്ന പൂവൻ കോഴി ഏതു ഘട്ടത്തിലും തനി വിദേശിയായിരിക്കണം. രണ്ടാം തലമുറയിലും മൂന്നാം തല മുറയിലും കുറെ മെച്ചപ്പെട്ട പൂവൻ കോഴികളെ കണ്ടെന്നു വരും. പക്ഷേ, അവയ്ക്കു നമ്മുടെ നാടൻ പിടകളെ നന്നാക്കാൻ കഴിവില്ല.

ആ വെള്ളക്കാരൻ പൂവൻെറ കീഴിൽ പത്തു നാടൻ പിടകളെ യാണ് ഞാൻ കണ്ടതു്. എന്താണ് പത്തിൻെറ കണക്കെന്നു ഞാൻ ചോദിച്ചു. നല്ല ഒരു പൂവനു് പത്തിലധികം പിടകളെ ഭരിക്കാൻ കഴിയില്ലത്രേ. ഒരു വയസ്സെങ്കിലും പ്രായമാകാതെ ഈ സങ്കലന ത്തിനു ശ്രമിക്കരുതെന്നും കേന്ദ്രത്തിലുള്ളവർ പറഞ്ഞു. അതുപോലെ തന്നെ, മൂന്നു വയസ്സു കഴിഞ്ഞ പിടകളും സാധാരണഗതിയിൽ മിശ്രണത്തിനു കൊള്ളുന്നവയല്ല.

ഈ കോഴിവളർത്തൽകേന്ദ്രം സന്ദർശിച്ചതിൻെറ ഫലമായി എന്തെല്ലാം കാര്യങ്ങളാണ് ഞാൻ പഠിച്ചതു്! നാട്ടിൽ തിരിച്ചെത്തിയാൽ നമ്മുടെ ചുററുപാടുമുള്ള എല്ലാ വീട്ടുകാരോടും കോഴിവളർത്തലിനെപ്പററി ധാരാളം കാര്യങ്ങൾ പറയാനുണ്ടു്. പക്ഷേ, ലെഗോൺ വർഗ്ഗത്തിൽപ്പെട്ട ഒരു പൂവൻെറ വില കേട്ടപ്പോൾ ഞാൻ അമ്പരന്നുപോയി. പതിനഞ്ചു രൂപ, ഇരുപതു രൂപ എന്നൊക്കെ വിലപറയുന്നു. നാട്ടുമ്പുറത്തു ജീവിക്കുന്ന പാവപ്പെട്ട ജനങ്ങൾക്കുണ്ടോ ഇത്തരം കോഴികളെ വാങ്ങാൻ സാധിക്കുന്നു? അവക്കും അതു സാധിക്കുവാൻ പററിയ ഒരു ഉപായം കണ്ടു. നാലഞ്ചു വീട്ടുകാർ പണം പങ്കിട്ടെടുത്തു് നല്ല ഒരു പൂവനെ വാങ്ങട്ടെ. അങ്ങനെ അഞ്ചു വീട്ടുകാർ യോജിച്ചാൽ വീടൊന്നിനു് മൂന്നോ നാലോ രൂപ ചെലവാക്കിയാൽ മതിയല്ലോ! ഈരണ്ടു പിടയെവീതം നന്നാക്കിയെടുക്കാൻ ഈ ഒത്തുചേർന്നുള്ള സംരംഭംകൊണ്ടു സാധിക്കും. ഏതെങ്കിലുമൊരു സ്ഥലത്തു പത്തു പിടക്കോഴികളേയും ഒരു ലെഗോൺ പൂവനേയും ഒന്നിച്ചു വളർത്താൻ എല്ലാവരുംകൂടി യോജിച്ചു തീരുമാനിക്കണം. രണ്ടുമൂന്നു കൊല്ലം കഴിഞ്ഞാൽ പിന്നെ ഓരോ വീട്ടിലും ഇത്തരം കേന്ദ്രങ്ങളുണ്ടാക്കാൻ നമ്മുടെ നാട്ടുകാക്കും സാധിക്കും.

എൻെറ അച്ഛാ! ഞാൻ സങ്കല്പത്തിൽ വലിയൊരു കോട്ടകെട്ടിയുണ്ടാക്കുകയാണെന്നു കരുതരുതു്. നമ്മുടെ നാട്ടുകാക്കു സാധിക്കാവുന്ന ഒരു കാര്യമാണിതു്. നാം തന്നെ മുൻകൈയെടുത്താൽ അവരെല്ലാവരും ചേർന്നുകൊള്ളും. ചെറിയ തോതിലുള്ള ഒരുതരം സഹകരണപ്രസ്ഥാനമാണിതു്. പണമില്ലാത്തവക്കു പ്രയാസം കൂടാതെ ജീവിക്കാൻ ഇത്തരം മാർഗ്ഗങ്ങളേ ഉള്ളു. പരസ്പരം വിശ്വസിക്കുവാനും യോജിക്കുവാനും സാധിക്കുന്ന മട്ടിൽ നാം പെരുമാറിയാൽ ഇതിലും വലിയ കാര്യങ്ങൾ നമുക്കു നേടാം.

ഈ കത്തു് വളരെ നീണ്ടുപോയി. എന്നാൽ, വളരെയേറെ കാര്യങ്ങൾ ഇനിയും പറയാനുണ്ടു്. അവിടെ വന്നശേഷം എല്ലാം വിസ്തരിക്കാം.

എന്നു്,

തങ്കപ്പൻ.

അഭ്യാസം

1. താഴെ പറയുന്ന വാക്യങ്ങൾക്കു് അർത്ഥഭേദം വരാത്തമട്ടിൽ നിഷേധരൂപമുണ്ടാക്കുക:—

(i) നാടനേക്കാൾ വലുതാണു് ലെഗോൺ.

('ലെഗോണോളം വലുതല്ല നാടൻ' എന്നാക്കിയാൽ മതി.)

(ii) ഉപ്പിലിട്ടതിനേക്കാം നന്നു് ഉപ്പു്.

(iii) അണ്ടി കഴിച്ചിട്ടാലുണ്ടാകുന്ന മാവിലെ മാങ്ങയേക്കാം ഒട്ടിച്ചെട്ടത്ത മാവിലെ മാങ്ങ വലുതാണു്.

2. നാടൻ കോഴികാംക്ക ലെഗോണിൻെറ കഴിവുണ്ടാക്കാൻ മാഗ്ഗമെന്തു് ?

3. ആരോഗ്യമുള്ള കോഴിയെ തിരിച്ചറിയുന്നതെങ്ങനെ ?

4. നിങ്ങാം കണ്ട ഏതെങ്കിലും കാഴ്ചയെ വിവരിച്ചുകൊണ്ടു് ഒരു സ്നേഹിതനു കത്തെഴുതുക.

---

പാഠം 13

## സ്നേഹം

(ഗദ്യകവിത)

[സെയിൻറ് പോാം കൊറിന്ത്യക്ക് എഴുതിയ ഒന്നാം ലേഖനത്തിലെ പതിമൂന്നാമദ്ധ്യായത്തിൽനിന്നെടുത്ത വാക്യങ്ങളാണു് താഴെ ചേത്തിരിക്കുന്നതു്.

സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും സന്ദേശവുമായി ലോകത്തിലവതരിച്ച ക്രിസ്തുദേവൻെറ പ്രബോധനത്താൽ ആകൃഷ്ടനായ വിശുദ്ധ പൌലോസ് ഒരു ക്രിസ്തുശിഷ്യനായി. ക്രിസ്തുദേവനിൽ സവിശേഷമായി പ്രശോഭിച്ചിരുന്ന സ്നേഹത്തിൻെറ സുന്ദരവശം അദ്ദേഹത്തിനു പുതിയ ഒരു കാഴ്ചപ്പാടേകി. പ്രായോഗിക ജീവിതത്തിൽ ധാമ്മികമൂല്യങ്ങാംക്ക പ്രാധാന്യം നൽകാത്ത ജീവിതരീതിയാണു് കൊറന്തോസിലെ നല്ലൊരു ഭാഗം ജനങ്ങാം അവലംബിച്ചിരുന്നതു്. അവരെ സ്നേഹത്തിൻെറ മനോജ്ഞ ചൈതന്യത്തിലേയ്ക്കു് ആകഷിക്കുന്നതിനാണു് സ്നേഹത്തെ പുരസ്കരിച്ചുള്ള ഈ ലേഖനഭാഗം.

എ. ഡി. 55–നോട് അടുത്താണു് ഗ്രീക്കിൽ അദ്ദേഹം ഈ ലേഖനം എഴുതിയതു്.

ഉപവി, അഥവാ ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ പരസ്നേഹ (charity) മാണു് 'സ്നേഹം' എന്ന പദംകൊണ്ടുദ്ദേശിച്ചിരിക്കുന്നതു്.]

**ഞാൻ മനുഷ്യരുടേയും ദേവദൂതന്മാരുടേയും സകല ഭാഷകളിലും സരസഭാഷണം ചെയ്താലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ ആയിപ്പോകും.**

**എനിക്കു പ്രവചനസിദ്ധിയും, സവ്വരഹസ്യങ്ങളും സവ്വജ്ഞാനവും ഗ്രഹിക്കുവാനുള്ള ശക്തിയും, മലകളെ മാററുവാൻപോരുന്ന**

വിശ്വാസവും ഉണ്ടായിരുന്നാൽപ്പോലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ശൂന്യനാണു്.

എനിക്കുള്ളതെല്ലാം പാവങ്ങൾക്കു ദാനംചെയ്താലും, എൻെറ ശരീരംതന്നെ ദഹിപ്പിക്കുവാൻ ഏല്പിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ അവകൊണ്ടു് എനിക്കു യാതൊരു പ്രയോജനവുമില്ല.

സ്നേഹം ക്ഷമയുള്ളതും ആർദ്രത നിറഞ്ഞതുമാണു്. സ്നേഹം അസൂയപ്പെടുന്നില്ല, കലഹിക്കുന്നില്ല. അതു് അഹങ്കാരത്തിനു് അതീതമാണു്.

സ്നേഹം ലജ്ജാവഹമായതു പ്രവർത്തിക്കുന്നില്ല, സ്വാർത്ഥത തേടുന്നുമില്ല. സ്നേഹം കോപിക്കുന്നില്ല. തിന്മയായിട്ടുള്ളതു ചിന്തിക്കുന്നുമില്ല. അതു് അധർമ്മത്തിൽ സന്തോഷിക്കാതെ സത്യത്തിൽ ആഹ്ലാദിക്കുന്നു.

സ്നേഹം, എല്ലാം സഹിക്കും; എല്ലാം വിശ്വസിക്കും, എല്ലാം പ്രത്യാശിക്കുകയും ചെയ്യും. അതു സർവ്വവും അനുഭവിക്കുകയും ചെയ്യുന്നു.

സ്നേഹം അനശ്വരമാണു്. പ്രവചനങ്ങൾ ഇല്ലാതാകും, ഭാഷകൾ അപ്രത്യക്ഷമാകും, ജ്ഞാനം ക്ഷയവിധേയവുമാകും.

## അഭ്യാസം

1. എപ്പോഴാണു് മനുഷ്യൻ മുഴങ്ങുന്ന ചെമ്പിനും ചിലമ്പുന്ന കൈത്താളത്തിനും തുല്യനാകുന്നതു് ?

2. മനുഷ്യനിൽ 'സ്നേഹ'മില്ലെങ്കിൽ എന്താണു് ദോഷം ?

3. 'സ്നേഹ'ത്തിൻെറ പ്രത്യേകതകൾ എന്തെല്ലാം ?

4. സ്നേഹത്തെക്കുറിച്ചു് കുമാരനാശാൻ എഴുതിയ വരികളിലെ ആശയവും മുകളിൽ കൊടുത്ത ആശയവും ഒത്തുനോക്കുക.

പാഠം 14

## ധ്രുവകുമാരൻ

### രംഗം 1

[ഉത്താനപാദ മഹാരാജാവിൻെറ ഇഷ്ടപത്നിയായ സുരുചിയുടെ അന്ത:പുരം. മഹാരാജാവും സുരുചിയും ഇരിക്കുന്നു. സുരുചിയുടെ മടിയിൽ ഒരു പൂച്ചക്കുട്ടിയും ഉണ്ടു്.]

ഉത്താനപാദൻ:—പ്രിയേ, സുരുചി! നിൻെറ അഴകിനു് അനുരൂപമായിരിക്കുന്നു ഈ പൂച്ചക്കുട്ടി.

സുരുചി:— [പൂച്ചക്കുഞ്ഞിനെ തടവിക്കൊണ്ടു്] എന്തൊരു മാർദ്ദവം! ഒന്നു തടവിനോക്കു, നാഥ! [മഹാരാജാവിൻെറ മടിയിൽ വെച്ചുകൊടുക്കുന്നു.]

ഉത്താ:— [പൂച്ചക്കുഞ്ഞിനെ തടവീട്ടു്, തൃപ്തിയില്ലാത്ത മട്ടിൽ.] ഈ മാർദ്ദവം എനിക്കത്ര സമ്മതമായില്ല, പ്രിയെ! ഇതിനെ തടവിയ നിൻെറ കൈയിനു പരുക്കേററുകാണും.

സുരു:— [സൗന്ദര്യത്തെക്കുറിച്ചു സ്വയം അഭിമാനം നടിച്ചു്] മഹാരാജാവു മുഖസ്തുതി പറയുകയാണു്.

ഉത്താ:—മുഖസ്തുതിയല്ല, വാസ്തവമാണു്, പ്രിയേ, ഞാൻ പറഞ്ഞതു്. പുഷ്പപേലവമായ നിൻെറ കളേബരത്തിൻെറ മൃദുലതയും ലാവണ്യവും അന്യാദൃശമാണു്. അറിഞ്ഞുംകൊണ്ടു തന്നെയാണു് നിൻെറ അച്ഛൻ 'സുരുചി' എന്നു നിനക്കു പേരിട്ടതു്. പൂച്ചക്കുഞ്ഞിനെ ഇനി മേൽ നീ തടവരുതു്. നിൻെറ കൈ മുറിയും. നിനക്കുവേണ്ടി ആ ലാളന ഞാൻ നിർവ്വഹിച്ചുകൊള്ളാം.

[രാജാവു വീണ്ടും പൂച്ചക്കുഞ്ഞിനെ തടവുന്നു. സുരുചിയുടെ പുത്രൻ ഉത്തമൻ ഓടിച്ചാടിവരുന്നു.]

ഉത്ത:— [പൂച്ചക്കുഞ്ഞിനെ നോക്കീട്ടു്] മണിയ! നീ ഇവിടെ എത്തിയോ ? എട മിട്ടക്കാ, എത്ര നേരമായി നിന്നെ ഞാൻ അന്വേഷിക്കുന്നു!

ഉത്താ:— മകനെ, ഉത്തമാ! വരു. ഇതാ എടുത്തുകൊള്ളു നിൻെറ കൂട്ടുകാരനെ.

[ഉത്തമൻ രാജാവിൻെറ മടിയിൽ ചെന്നിരുന്നു പൂച്ചയെ ലാളിക്കുന്നു.]

സുരു:— ഇപ്പോഴെ ശരിയായുള്ളു. അച്ഛനും രണ്ടു മക്കളും ഒന്നിച്ചിരിക്കുന്ന കാഴ്ച. എന്റെ കണ്ണുകളെ കുളൎപ്പിക്കുന്ന കമനീയമായ കാഴ്ച.

ഉത്താ:—അപ്പോഠം ഈ പൂച്ചക്കുഞ്ഞും എന്റെ മകനായോ ?

സുരു:—ഒരു തരക്കേടുമില്ല. മണിയൻ എന്റെ ഓമനക്കുട്ടനാണു്. ഉത്തമനെ കഴിഞ്ഞാൽ എനിക്കിഷ്ടം ഇവനെയാണു്.

ഉത്ത:—അപ്പോഠം അച്ഛനെ ഇഷ്ടമില്ലെന്നോ ?

ഉത്താ:—ഒന്നാംതരം ചോദ്യം. ഒരു പ്രാവശ്യം കൂടി ചോദിക്കു.

സുരു:—ഓ—വളരെ രസിച്ചു, അല്ലേ ? ഒരച്ഛനും അതിനൊത്ത ഒരു മകനും.

[സുനീതിയുടെ മകനായ ധ്രുവൻ ഉത്തമനെ തേടിവരുന്നു.]

ധ്രുവൻ:—[രാജാവിന്റെ മടിയിലിരിക്കുന്ന ഉത്തമനെ നോക്കീട്ടു്] ഉത്തമാ, നീ ഇവിടെയായിരുന്നോ ? ഞാൻ എത്ര വിളിച്ചു ! [അടുത്തു ചെന്നു് രാജാവിനെ ചാരി നില്ക്കുന്നു.]

സുരു:—[കോപത്തോടെ] കാര്യമൊക്കെ ശരി; തെല്ലു മാറിനിന്നിട്ടു് സംസാരിക്കു. ഓ........ഒരു ധിക്കാരം കണ്ടില്ലേ ? മനുഷ്യനെ ചാരാതെ നിന്നുകൂടാ, അല്ലേ ? [ധ്രുവൻ അമ്പരന്നു് മാറിനില്ക്കുന്നു.]

ഉത്ത:—എന്താണമ്മേ ധ്രുവൻചേട്ടൻ ധിക്കാരം കാണിച്ചതു് ?

സുരു:—കണ്ണിൽക്കണ്ട തെണ്ടിച്ചെറുക്കന്മാൎക്കു് ചാരാനുള്ളതല്ല ഉത്താനപാദമഹാരാജാവിന്റെ ശരീരം.

ഉത്താ:—സുരുചി! നീ പറഞ്ഞതു വളരെ കഠിനമായിപ്പോയി.

സുരു:—നിങ്ങഠംക്കു രസിച്ചില്ല; അല്ലേ ? ശരി; ഞാൻ ഒന്നും പറയുന്നില്ല. നിങ്ങളായി; നിങ്ങളുടെ പാടായി. സുനീതിയുടെ അന്തഃപുരത്തിലേക്കു പൊയ്ക്കൊള്ളൂ. ഞാനിനി ഒരു നിമിഷം പോലും ഇവിടെ താമസിക്കില്ല. ഇപ്പോഠംത്തന്നെ എന്നെ എന്റെ അച്ഛന്റെ കൊട്ടാരത്തിൽ കൊണ്ടുവിട്ടേക്കു.

ധ്രുവ:—സുരുചിയമ്മേ! ഞാൻ നിമിത്തം അമ്മ എങ്ങോട്ടും പോകണ്ട. അച്ഛനെ തൊടാൻ പാടില്ലെന്നു ഞാൻ അറിഞ്ഞില്ല. തെററി അമ്മേ! ക്ഷമിക്കണം. ഞാൻ പൊയ്ക്കൊള്ളാം.

[കണ്ണീർ വാൎത്തുകൊണ്ടു പതുക്കെപ്പതുക്കെ നടന്നുപോകുന്നു. സുരുചി ഒരു കൂസലും കൂടാതെ ഇരിക്കുന്നു. ഉത്താനപാദനും ഉത്തമനും താപമൂകരായി സ്തംഭിച്ച മട്ടിൽ ഇരിക്കുന്നു.]

ഉത്ത:—[പെട്ടന്നു് അച്ഛൻെറ മടിയിൽ നിന്നെഴുന്നേററു്] ധ്രുവൻചേട്ടനു തൊടാൻ വയ്യാത്ത അച്ഛനെ എനിക്കും തൊട്ടുകൂടാ. ഞാനും മാറിനിന്നുകൊള്ളാം.

സുരു:—നീയും അവനും ഒരുപോലെയാണോ? നല്ല കാര്യമായി. എന്നാൽ പിന്നെ കുയിലും കാക്കയും തമ്മിൽ എന്താണു് വ്യത്യാസം? കലമാനും കുറുക്കനും തമ്മിൽ എന്താണു് വ്യത്യാസം? താമരയും തൊട്ടാവാടിയും തമ്മിൽ എന്താണു് വ്യത്യാസം? നീ എൻെറ മകൻ; അവൻ ആ അസത്തു സുനീതിയുടെ മകൻ. രണ്ടാളും എങ്ങനെ ഒപ്പമാകും?

ഉത്ത:—ഈ കൊള്ളരുതായ്മ എനിക്കു സഹിക്കാൻ വയ്യ അമ്മേ! അച്ഛൻെറ മേൽ എനിക്കുള്ള അവകാശം ധ്രുവൻചേട്ടനുമുണ്ടു്, അമ്മയ്ക്കുള്ള അവകാശം സുനീതിയമ്മയ്ക്കും ഉണ്ടു്.

സുരു:—അവകാശം തീരുമാനിക്കേണ്ടതു നീയല്ലാ, മഹാരാജാവാണു്.

ഉത്താ:—എനിക്കു് ഒന്നും തീരുമാനിക്കാൻ ശേഷിയില്ല.

ഉത്ത:—മഹാരാജാവു് എനിക്കും അമ്മയ്ക്കും മാത്രം അവകാശപ്പെട്ട ആളല്ല. ഈ നാട്ടിലെ എല്ലാവൎക്കും മഹാരാജാവിൻെറ മേൽ അവകാശമുണ്ടു്.

സുരു:—നിലത്തുനിന്നു പൊങ്ങീട്ടില്ല ചെക്കൻ; അപ്പോഴേയ്ക്കും തുടങ്ങി അവകാശവാദം.

ഉത്ത:—കണ്ണിൽ ചോരയില്ലാതെ കഠിനത കാണിക്കുമ്പോൾ ആരാണു് അവകാശവാദം പറയാത്തതു്?

ഉത്താ:—അങ്ങനെ ചോദിക്കു മകനേ!

ഉത്ത:—ഒരു പൂച്ചക്കുട്ടിക്കുള്ള സ്വാതന്ത്ര്യം പോലും സ്വന്തം മകനു വയ്യെന്നോ?

ഉത്താ:—ചോദിക്കു; ചോദിക്കു; മറുപടി പറയട്ടെ.

സുരു:—പൂച്ചക്കുട്ടിയെ ഞാൻ ലാളിച്ചു വളൎത്തുന്നതാണു്. ആ തെണ്ടിച്ചെറുക്കനെങ്ങനെ പൂച്ചക്കുട്ടിയുടെ പദവി ലഭിക്കും?

ഉത്ത:—തെണ്ടിച്ചെറുക്കനായാലും മഹാരാജാവിൻെറ പ്രജയാണു്.

സുരു:—എന്നാൽ, വന്നുകയറിക്കൊള്ളട്ടെ എല്ലാ തെണ്ടിപ്പുരിഷകളും.

ഉത്ത:—അമ്മയ്ക്കോ എനിക്കോ ഇല്ലാത്ത ചില കടപ്പാടുകൾ അച്ഛനുണ്ടു്.

സുരു:—[ഉറക്കെ] നിറുത്തു നിൻെറ പ്രസംഗം.

ഉത്ത:—[ആ സ്വരത്തിൽത്തന്നെ] തെററു കണ്ടാൽ ആരായാലും ഞാൻ പറയും.

സുരു:—തെററും ശരിയും നീയല്ല നിശ്ചയിക്കാൻ.

ഉത്ത:—എന്നെക്കാരം പ്രായം ചെന്നവർ മൌനം കൊള്ളുമ്പോരം ഞാൻ തന്നെ അതു നിശ്ചയിക്കേണ്ടിവരും.

സുരു:—എന്തു്? ഇത്രമേൽ പറയാറായോ?

ഉത്ത:—ഞാൻ പറയുകയല്ല, അമ്മ പറയിക്കുകയാണു്.

സുരു:—എൻെറ കാര്യം ഞാൻ ആലോചിച്ചുകൊള്ളാം.

ഉത്ത:—എന്നാൽ, അച്ഛൻെറ കാര്യം അച്ഛനും ആലോചിക്കട്ടെ. അമ്മ എന്തിനു് ഇടങ്കോലിടുന്നു?

സുരു:—ഇത്രക്കായോ ധിക്കാരം?

ഉത്ത:—ധിക്കാരമല്ല, മര്യാദയാണു് സംസാരിച്ചതു്.

സുരു:—മര്യാദ പഠിപ്പിക്കാൻ കുട്ടികളല്ല. മഹാരാജാവുണ്ടു് ഇവിടെ.

ഉത്ത:—മഹാരാജാവല്ല മഹാറാണിയാണു് ഇവിടെ അധികാരം ഉപയോഗിക്കാൻ മുതിന്നതു്.

ഉത്താ:—ശരിയാണു് മകനെ! മഹാരാജാവു് ദുർബ്ബലനായിപ്പോയി. ഇവിടെ പെൺനായകത്വമാണിപ്പോരം. എൻെറ വിവേകമെല്ലാം നശിച്ചിരിക്കുന്നു.

സുരു:—വിവേകം നശിച്ചവർ രാജ്യം ഭരിക്കരുതു്. അവക്കുള്ള താവളം നാടല്ല, കാടാണു്.

ഉത്ത:—വാസ്തവമാണു്; കാട്ടിലെ ജീവിതം ഇതിനേക്കാരം ശാന്തമാണു്. കാട്ടുമൃഗങ്ങളുടെ ഹൃദയം ഇത്രത്തോളം കഠിനമല്ല.

സുരു:—[ഉറക്കെ] നിറുത്താനല്ലേ പറഞ്ഞേ.

ഉത്ത:—[ഉറക്കെ] ഞാൻ നിറുത്തില്ല.

സുരു:—നിനക്കിതു നന്നല്ല.

ഉത്ത:—ഞാൻ ഒരു തെററും ചെയ്തിട്ടില്ല.

സുരു:—[ഉറക്കെ] എനിക്കിവിടെ സ്വൈരമില്ലല്ലൊ!

ഉത്ത:—തെററു ചെയ്യുന്നവക്കു ഒരിടത്തും സ്വൈരമുണ്ടാവില്ല.

സുരു:—ഇവനോടു ചോദിക്കാൻ ആരുമില്ലേ?

ഉത്ത:—ആരും ചോദിക്കണ്ട, ആരും ശാസിക്കണ്ട. ഞാനിതാ പോകുന്നു, നീതിക്കും മനുഷ്യത്വത്തിനും ഇടമില്ലാത്ത ഈ

രാജധാനിയിൽ നിങ്ങളൊക്കെത്തന്നെ താമസിച്ചാൽ മതി. [അച്ഛനോട്] അച്ഛാ! ഞാനിതാ പോകുന്നു. അച്ഛനും അമ്മയും സുഖമായി താമസിക്കൂ. [വേഗം നടന്നു മറയുന്നു]

സുരു:—ചെല്ലട്ടെ; ചെല്ലട്ടെ. എനിക്കൊന്നു കാണണം എത്രത്തോളം പോകുമെന്ന്.

ഉത്താ:—[ശരീരവും മനസ്സും തളർന്ന മട്ടിൽ] ഈശ്വര! എന്തെല്ലാം ഞാൻ കാണണം!

[ഒരു വശത്തേയ്ക്കു ചായുന്നു]

[കർട്ടൻ]

## രംഗം 2

[സുനീതിയുടെ അന്ത:പുരം. സുനീതി ധ്രുവനെ മടിയിലിരുത്തി തലയിൽ തടവുന്നു.]

സുനീ:—സാരമില്ല മകനേ! നമുക്കും ഒരു നല്ല കാലം വരും.

ധ്രുവ:—അതു് എന്നാണു് അമ്മേ?

സുനീ:—നീ ഈശ്വരനോടു് ചോദിക്കു്.

ധ്രുവ:—ഈശ്വരൻ എവിടെയാണു് ഇപ്പോൾ?

സുനീ:—ഈശ്വരൻ എല്ലായിടത്തും ഉണ്ടു്.

ധ്രുവ:—ഞാൻ കാണുന്നില്ലല്ലൊ!

സുനീ:—അങ്ങനെ പെട്ടന്നു കാണാൻ സാധിക്കില്ല മകനേ!

ധ്രുവ:—കാണാതെ ഞാനെങ്ങനെ ചോദിക്കും?

സുനീ:—കുറെ വിളിച്ചുനോക്കുമ്പോൾ കാണാം.

ധ്രുവ:—ശരി; ഞാൻ വിളിച്ചുനോക്കാം അമ്മേ! ഒരുപക്ഷേ ഇവിടെ ഇല്ലായിരിക്കാം ഈശ്വരൻ.

സുനീ:—ആവൊ. ആർക്കറിയാം?

ധ്രുവ:—സുരുചിയമ്മയെ പേടിച്ചു് ഈശ്വരൻ ഇങ്ങോട്ടു വരില്ല.

സുനീ:—ഈശ്വരനു് ആരേയും ഭയമില്ല മകനേ!

ധ്രുവ:—എന്നാൽ പിന്നെ ഞാനെന്താണു് കാണാത്തതു്?

സുനീ:—ഞാനെന്തു സമാധാനം പറയട്ടെ! എന്റെ പൊന്നുമകനേ! എത്രയോ മഹർഷിമാർ വീടും നാടും വിട്ടു് കാട്ടിലിരുന്നു തപസ്സനുഷ്ഠിക്കുന്നു ഈശ്വരനെ കാണാൻ. എന്നിട്ടും അവരിൽ പലക്കും ഈശ്വരൻ പ്രത്യക്ഷപ്പെടുന്നില്ല.

ധ്രുവ:—ഞാനും കാട്ടിലേക്കുതന്നെ പോകട്ടെ. എനിക്കു് ഈശ്വരനെ കാണണം. സുരുചിയമ്മയ്ക്കു് എന്നോടു ദേഷ്യം തോന്നാൻ കാരണമെന്തെന്നു ചോദിക്കണം. ഈശ്വരൻ പറയാതിരിക്കില്ല.

സുനീ:—കാട്ടിൽ ക്രൂരമൃഗങ്ങളുണ്ടു്, മകനേ.

ധ്രുവ:—സാരമില്ല; ക്രൂരമൃഗങ്ങളിൽനിന്നു് ഈശ്വരൻ രക്ഷിച്ചുകൊള്ളും.

സുനീ:—നിനക്കു വിശക്കില്ലേ ?

ധ്രുവ:—മഹർഷിമാരെപ്പോലെ ഞാനും ജീവിച്ചുകൊള്ളാം.

സുനീ:—നീ കുട്ടിയല്ലേ ?

ധ്രുവ:—കുട്ടികൾക്കു് ഏതു ജീവിതത്തോടും വേഗം ഇണങ്ങിച്ചേരാം. വലിയവക്കാണു് പ്രയാസം.

സുനീ:—സാഹസമാണു് നീ പ്രവർത്തിക്കാൻ പോകുന്നതു്.

ധ്രുവ:—അമ്മ സമാധാനിക്കൂ. സുരുചിയമ്മ എന്നെ വെറുക്കാനുള്ള കാരണം എനിക്കറിയണം. അച്ഛനെ തൊടാൻ സ്വാതന്ത്ര്യമില്ലാത്ത ഈ നാട്ടിൽ ഞാനെന്തിനു ജീവിക്കണം ? ഞാൻ കാട്ടിൽ പോകും; തപസ്സുചെയ്യും; ഈശ്വരനെ കാണും; ഈ അസ്വാതന്ത്ര്യത്തിന്റെ കാരണം ചോദിക്കും.

സുനീ:—ഉറച്ചുകഴിഞ്ഞോ മകനേ !

ധ്രുവ:—ഉവ്വു്; ഞാൻ പോകട്ടെ അമ്മേ ?

സുനീ:—[ഗദ്ഗദത്തോടെ വിചാരം] ഞാൻ എന്തിനു തടയുന്നു ? സ്വന്തം പിതാവിനെ ഒന്നു തൊടാൻപോലും അനുവാദമില്ലാത്ത ഒരു കുട്ടി എങ്ങനെ ഇവിടെ കഴിച്ചുകൂട്ടും ? [പ്രകാശം] മകനേ! നിന്നെ ഞാൻ തടയുന്നില്ല.

ധ്രുവ:—അമ്മ സമാധാനിക്കണം.

സുനീ:—എന്തു സമാധാനം, മകനേ! നിനക്കറിഞ്ഞുകൂടേ ഈ രാജധാനിയിൽ ഞാൻ അനുഭവിക്കുന്ന ക്ലേശം ? [കരയുന്നു]

ധ്രുവ:—[കണ്ണുനീർ തുടച്ചുകൊണ്ടു്] അമ്മ കരയാതിരിക്കൂ. ഞാൻ ഈശ്വരനെ കാണട്ടെ. എല്ലാററിനും സമാധാനമുണ്ടാക്കാം. [ഉറച്ച സ്വരത്തിൽ] ഈശ്വരൻ ദയാനിധിയാണു്; സർവ്വശക്തനാണു്; അധർമ്മവിദ്വേഷിയാണു്. ഞാൻ വിളിച്ചാൽ അടുത്തു വരാതിരിക്കയില്ല. ഈശ്വരനെ ഞാൻ കാണും; തീർച്ചയായും കാണും. കാണുന്നതുവരെ എല്ലായിടത്തും നടന്നു് ഉറക്കെ വിളിക്കും.

[ഇങ്ങനെ പറഞ്ഞുകൊണ്ടു് പോകുന്നു. സുനീതി ആ യാത്ര നോക്കിക്കൊണ്ടു നിശ്ചേഷ്ടയായി നില്ക്കുന്നു.]

[കർട്ടൻ]

രംഗം 3

[ഉത്താനപാദൻെറ രാജധാനി. സുരുചി വിഷാദഗ്രസ്തയായിട്ടിരിക്കുന്നു]

സുരുചി:—[ആത്മഗതം] കഷ്ടം! എത്ര കാലമായി ഞാൻ ഈ പുത്രദുഃഖം പൊറുക്കുന്നു! ഈശ്വര! അഹന്തകൊണ്ടും അറിവില്ലായ്മകൊണ്ടും ഞാൻ ചെയ്ത തെററു് അവിടുന്നു പൊറുക്കില്ലേ? എൻെറ കുട്ടികഠം തിരിച്ചു വരില്ലേ? മകനെ ധ്രുവാ! മകനേ, ഉത്തമാ! നിങ്ങഠം രണ്ടുപേരും എനിക്കു വ്യത്യാസമില്ല. ഓടിവരിൻ മക്കളേ! ഞാനൊന്നു കൺകുളുർക്കെ കാണട്ടെ.

[ഉത്താനപാദനും സുനീതിയും പ്രവേശിക്കുന്നു]

സുരു:— [ആദരവോടെ എഴുന്നേല്ക്കുന്നു] വല്ല തുമ്പും കിട്ടിയോ സുനീതി?

സുനീ:—എവിടെ കിട്ടാനാണു് സുരുചി? അവർ രണ്ടുപേരും വലിയ വാശിക്കാരല്ലേ? ധൈര്യത്തിനും കുറവില്ല.

സുരു:—അതു രണ്ടും മാത്രമല്ല വലിയ അഭിമാനവും.

ഉത്താ:—പോയവർ പോയതുതന്നെ. ഇനി പറഞ്ഞിട്ടെന്തു പ്രയോജനം? എല്ലാം നീ തന്നെ വരുത്തിവെച്ചു. ഈശ്വര! എത്ര കൊല്ലങ്ങളായി എൻെറ കുട്ടികഠം പോയിട്ടു്.

സുനീ:—തിരുമേനി! ആളിക്കത്തുന്ന തീയിൽ നെയ്യുപകരുന്നതെന്തിനു്? സുരുചി അല്ലെങ്കിൽത്തന്നെ വല്ലാതെ ക്ഷീണിച്ചു, അതിനുമീതെ കൊള്ളിവാക്കും വേണോ?

സുരു:—എത്ര കേട്ടാലും എനിക്കധികമാകയില്ല. അതിനു മാത്രം തെററു ഞാൻ ചെയ്തിട്ടുണ്ടു്.

[ഒരു പരിചാരകൻ ഓടിവരുന്നു]

പരി:—തിരുമേനി [കിതപ്പുകൊണ്ടു് അയാഠംക്കു വാക്കു പുറപ്പെടുന്നില്ല]

സുനീ:—തെല്ലുനേരം ആശ്വസിക്കു; എന്നിട്ടു പറഞ്ഞാൽ മതി.

പരി:—അമ്മേ! അതാ വരുന്നു.

സുരു:—ആരു്? എൻെറ കുട്ടികളോ? എവിടെ? വന്നെത്തിയോ? നടന്നിട്ടോ വണ്ടിയിലോ? അവരുടെ ദേഹം മെലിഞ്ഞിട്ടുണ്ടോ?

ഉത്താ:—എൻെറ കുട്ടികഠം വന്നെത്തിയോ?

സുനീ:—നമ്മുടെ കഷ്ടകാലം തീൎന്നു,

[താപസവേഷത്തിൽ ധ്രുവനും ഉത്തമനും വരുന്നു. അവർ അച്ഛനമ്മമാരുടെ കാല്ക്കൽ വീഴുന്നു.]

സുരു:—[രണ്ടുപേരെയും ഒന്നിച്ചു് ആലിംഗനം ചെയ്തിട്ടു്] മക്കളെ!

ധ്രുവ:—അമ്മേ! ഞങ്ങഠം മഹാവിഷ്ണുവിനെ കണ്ടു,

ഉത്ത :—എന്തൊരു ഭംഗി !

സുരു :—മഹാവിഷ്ണു എന്തു പറഞ്ഞു എന്റെ മക്കളോട് ?

ഉത്ത :—നാട്ടിൽ പോയി സുഖമായി താമസിക്കാൻ പറഞ്ഞു.

സുനീ :—എന്റെ മക്കൾക്ക് എങ്ങനെ സാധിച്ചു ഈ ഭാഗ്യം ?

ധ്രുവ :—ഞങ്ങൾ തപസ്സുചെയ്തു അമ്മേ !

ഉത്ത :—നിങ്ങളുടെ ഭാഗ്യം.

സുരു :—എന്റെ ഭാഗ്യം എന്നു പറയൂ മക്കളേ ! ഈ അമ്മ ചെയ്ത തെററ് നിങ്ങൾ രണ്ടുപേരും പൊറുക്കില്ലേ ?

ധ്രുവ :—അറിവോടെ ആരും തെററു ചെയ്യില്ല അമ്മേ !

ഉത്താ :—ഹാ ! എന്തൊരു സമാധാനം ! ഈ വിവേകം എല്ലാവർക്കും ഉണ്ടാകട്ടെ.

[കർട്ടൻ]

അഭ്യാസം

1. സുനീതി:—"എത്രയോ മഹർഷിമാർ വീടും നാടും വിട്ട് കാട്ടിലിരുന്നു തപസ്സനുഷ്ഠിക്കുന്നു ഈശ്വരനെ കാണാൻ! എന്നിട്ടും അവരിൽ പലർക്കും ഈശ്വരൻ പ്രത്യക്ഷപ്പെടുന്നില്ല."

ഇതിനു സാക്ഷാൽ സംഭാഷണമെന്നു പേർ. ഈ ആശയംതന്നെ നിങ്ങൾ പറയുന്ന മട്ടിലാക്കിയാൽ അന്വാഖ്യാന സംഭാഷണമായി. അതൊന്നു പരീക്ഷിച്ചുനോക്കുക.

2. ഞാൻ കാട്ടിൽ പോകും; തപസ്സുചെയ്യും; ഈശ്വരനെ കാണും; ഈ അസ്വാതന്ത്ര്യത്തിന്റെ കാരണം ചോദിക്കും—(ഒരു ചൂർണ്ണികയാക്കി മാററുക):— പോകും, ചെയ്യും, കാണും എന്നീ ക്രിയകളെ പററുവിനകളാക്കിയാൽ ചൂർണ്ണികയാക്കാം.

3. ഈ പാഠത്തിലെ സാക്ഷാൽ സംഭാഷണങ്ങളിൽ ചിലതെടുത്തു അന്വാഖ്യാന രീതിയിലാക്കുക.

# വിദുരവാക്യം

[ഭാരതം ഉദ്യോഗപൎവ്വത്തിൽനിന്നെടുത്ത ചില വരികളാണു് താഴെക്കൊടുത്തിരിക്കുന്നതു്. പാണ്ഡവന്മാരും കൗരവന്മാരും യുദ്ധത്തിനൊരുങ്ങിയപ്പോൾ ധൃതരാഷ്ട്രർ മനസ്സിനു തീരെ സമാധാനമില്ലാതായിട്ടു വിദുരരോടു 'നല്ലതു്' പറഞ്ഞു ദുഃഖം അകററണം എന്നു് ആവശ്യപ്പെട്ടു. അതനുസരിച്ചു വിദുരർ നൽകുന്ന ഉപദേശമാണു് വിദുരവാക്യത്തിലെ പ്രതിപാദ്യം.]

സ്നേഹമുണ്ടതുകൊണ്ടു കേൾക്കും ഞാൻ ചൊന്നാലെന്ന
മോഹമുണ്ടിനിക്കതുകൊണ്ടു ഞാൻ പറയുന്നു.
പ്രാപ്തമായിതു രാജ്യമെനിക്കെന്നകതാരി-
ലോൎത്തു വൎത്തിച്ചീടരുതുൎവ്വീശനസാംപ്രതം.
പിന്നെയുമവിനയം സമ്പത്തെ ഹനിച്ചീടും
നിൎണ്ണയമല്ലോ നല്ലരൂപത്തെജ്ജരപോലെ.
പാദപഫലം പഴുക്കുംമുമ്പേ ഭുജിച്ചീടിൽ
സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതെവരും.
പക്വമായതു ഭുജിച്ചാലതിരസമുണ്ടാം
വൃക്ഷവുമുണ്ടാം പിന്നെ ഫലവുമുണ്ടായ്‌വരും.
പുഷ്പങ്ങൾതോറും ചെന്നു നിത്യവുമുള്ള മധു
ഷൾപദമതുക്കൂട്ടി രക്ഷിച്ചു വൎദ്ധിപ്പിക്കും;
അപ്പോലെ നൃപവരനെപ്പോഴുമഹിംസയാ
തൽപ്രജകളിൽ നിന്നാകൎഷിക്കേണമൎത്ഥമേററം.

ഭാരതം—ഉദ്യോഗപൎവ്വം] [തുഞ്ചത്തെഴുത്തച്ഛൻ

## അഭ്യാസം

1. രാജാക്കന്മാർ ഏതുപ്രകാരമാണു് പ്രജകളെ ഭരിക്കേണ്ടതു്?

2. ജരയെ ഏതിനോടാണു് തുല്യപ്പെടുത്തിയിരിക്കുന്നതു്? സൗന്ദര്യത്തെ ജര നശിപ്പിക്കുന്നതുപോലെ എന്തു് എന്തിനെ ഇല്ലാതാക്കും?

3. പുഷ്പങ്ങളെ നശിപ്പിക്കാതെ വണ്ടു് മധു ശേഖരിക്കുന്നതുപോലെ രാജാവു് എന്താണു് ചെയ്യേണ്ടതു്? ഇവിടെ ഏതിനെ ഏതിനോടെല്ലാമാണു് സാമ്യപ്പെടുത്തിയിരിക്കുന്നതു്?

4. (a) പര്യായപദങ്ങൾ പറയുക :—
രാജാവു്; വണ്ടു്; തേൻ; വൃക്ഷം.

(b) പിരിച്ചെഴുതുക :—
അപ്പോലെ; അൎത്ഥമേററം; ചെയ്യുന്നതൊരിക്കലും.

(c) ചേൎത്തെഴുതുക :—
സ്വാദും + ഇല്ല + അല്ലോ; രൂപം + എ + ജര + പോലെ;
നിൎണ്ണയം + അല്ലോ; വൃക്ഷവും + ഉണ്ടാം.

പാഠം 16

## ശ്രീനാരായണഗുരു

നമ്മുടെ ജന്മഭൂമിയായ കേരളത്തിൽ മനുഷ്യനു ഭൂഷണമല്ലാത്ത കുറെ ചീത്ത ആചാരങ്ങൾ ഒരു കാലത്തു നടപ്പുണ്ടായിരുന്നു. ഒരേ മതം വിശ്വസിക്കുന്നവരിൽത്തന്നെ ചിലരെ തീണ്ടിക്കൂടാ, ചിലരെ



തൊട്ടുകൂടാ, ചിലർക്കു ക്ഷേത്രങ്ങളിൽ കടക്കാൻ വയ്യ എന്നൊക്കെ ചില വ്യവസ്ഥകൾ എങ്ങനെയോ കേരളത്തിൽ പുലർന്നുപോന്നു. എല്ലാ മനുഷ്യരേയും ഒന്നുപോലെ കാണാൻ കണ്ണുണ്ടായ ശ്രീ. ശങ്കരാചാര്യരാണ് ഈ ദുരാചാരങ്ങൾക്കുത്തരവാദിയെന്ന് ചിലർ പറഞ്ഞുപരത്തി, അറിവില്ലാത്ത പലരും അതു വിശ്വസിക്കുകയും ചെയ്തു.

എന്നാൽ, വിജ്ഞാനവും വിവേകവും സിദ്ധിച്ചവർ ഈ അനാചാരങ്ങളെ എതിർക്കുകയും അദ്വൈതവാദിയായ ശ്രീശങ്കരാചാര്യർ ഇത്തരം അനാചാരങ്ങൾക്ക് അരുനില്ലുവാൻ കാരണമില്ലെന്ന് യുക്തിയുക്തം സമർത്ഥിക്കുകയും ചെയ്തപ്പോൾ കള്ളപ്രചരണത്തിനു ബലം കുറഞ്ഞു. പൈശാചികമായ ഈ അനാചാരങ്ങളോടു പട വെട്ടാൻ കളമൊരുക്കിയ മഹാശയനാണ് ശ്രീ നാരായണഗുരു.

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി എന്ന ഗ്രാമത്തിലാണ് ശ്രീനാരായണൻ ജനിച്ചത്. ക്രിസ്ത്വബ്ദം 1854 ഈ കാരണത്താൽ കേരളചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു വർഷമാണ്. ജാതിയിൽ ശ്രീനാരായണൻ ഈഴവനായിരുന്നു. ബാല്യത്തിൽ തന്നെ ബുദ്ധിശക്തിയും ചിന്താശീലവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

കൗമാരം കഴിയുന്നതിനു മുമ്പുതന്നെ സംസ്കൃതത്തിൽ നല്ല വ്യുൽപ്പത്തി സമ്പാദിച്ചു ശ്രീനാരായണൻ. ഭാരതീയ വേദാന്തത്തിൽ ഉപരിപഠനം നടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ അന്നത്തെ ആഗ്രഹം. യൗവനത്തിലേക്കു കടന്നതോടെ തന്റെ ഗ്രഹത്തിനോട് അദ്ദേഹം അവസാനയാത്ര പറഞ്ഞ് ഇറങ്ങിപ്പോയി. തന്റെ നാലു പാടും ജീവിക്കുന്നവരുടെ ദുഃഖത്തെക്കുറിച്ചുള്ള ചിന്തയാണ് ഈ മാനസാന്തരത്തിനു കാരണം.

വളരെക്കാലം അദ്ദേഹം ചിന്താകുലനായി അലഞ്ഞുനടന്നു. അതിനിടയിൽ യോഗാഭ്യാസവും ശീലിച്ചു. അതിന്റെ ഫലമായി മനസ്സിനെ നിയന്ത്രിക്കാൻ അദ്ദേഹം പഠിച്ചു. വളരെ ക്ഷോഭിക്കുമുള്ള സന്ദർഭങ്ങളിൽപ്പോലും പതറാതെ നില്ക്കാൻ പില്ക്കാലത്ത് അദ്ദേഹത്തിനു സാധിച്ചത് ഈ മനോനിയന്ത്രണശീലം നിമിത്തമാണ്. അലഞ്ഞു നടന്നതുകൊണ്ട് വേറൊരു ഗുണവും ഉണ്ടായി. പലതരത്തിലുള്ള മനുഷ്യരേയും കാണാനും പരിചയപ്പെടാനും സാധിച്ചു. എന്താണ് ഇതുകൊണ്ട് പഠിച്ചത് ? എല്ലാ മനുഷ്യരും അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒരേ തരക്കാരാണ്, ഹിന്ദുവെന്നും ക്രിസ്ത്യാനിയെന്നും മുസൽമാനെന്നും പറയുന്നത് ആചാരങ്ങളേയും വിശ്വാസങ്ങളേയും മാത്രം ആസ്പദമാക്കിയാണ്. മൗലികകാര്യങ്ങളിൽ അവർ തമ്മിൽ ഒരു വ്യത്യാസവുമില്ല. എല്ലാവരും സ്നേഹിക്കാൻ കഴിയും. എല്ലാവരിലുമുണ്ട് നന്മയും തിന്മയും. ചുരുക്കിപ്പറഞ്ഞാൽ, എല്ലാവരും ഒരേ തറവാട്ടിലെ അംഗങ്ങളാണ്. ഈ മഹാസത്യം മനസ്സിലാക്കിയതുകൊണ്ടാണ് നമുക്കെല്ലാം സുപരിചിതമായ ആ മഹാസന്ദേശം പ്രഖ്യാപിക്കാൻ നാരായണഗുരുവിനു കഴിഞ്ഞത്. "ഒരുജാതി, ഒരുമതം, ഒരുദൈവം, മനുഷ്യന്!" എന്ന

സന്ദേശം ഇപ്പോഠം കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലാകെ പ്രസിദ്ധമായിത്തീർന്നിട്ടുണ്ട്.

മറെറാരു യാഥാത്ഥ്യവുംകൂടി അദ്ദേഹം കാണുകയുണ്ടായി—കേരളത്തിൽ മനുഷ്യരായി ജീവിക്കാൻ സ്വാതന്ത്ര്യം ലഭിക്കാതെ എത്രയോ ലക്ഷം ജനങ്ങഠം കഷ്ടപ്പെടുന്ന കാഴ്ച. അവക്കു സ്വാതന്ത്ര്യം ലഭിക്കണം. അതിനുള്ള മാർഗ്ഗത്തെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങി അദ്ദേഹം. ലക്ഷ്യംകൂടാതെ സഞ്ചരിച്ചതുകൊണ്ടു് പ്രയോജനമില്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു് വീണ്ടും ശ്രീനാരായണൻ ജനങ്ങഠംക്കിടയിലേക്കു തിരിച്ചുവന്നു. സുചിന്തിതമായ പദ്ധതികളോടുകൂടി അദ്ദേഹം സമുദായപ്രവത്തനമാരംഭിക്കുകയും ചെയ്തു.

1887-ൽ നെയ്യാറ്റിൻകരത്താലൂക്കിലുള്ള അരുവിപ്പുറം എന്ന സ്ഥലത്തു വെച്ചാണു് ശ്രീനാരായണൻെറ സമുദായപ്രവത്തനം ആരംഭിച്ചതു്. ആററിൽനിന്നു് ഒരു പാറക്കഷണമെടുത്തു് അദ്ദേഹം അവിടെ ഒരു ശിവപ്രതിഷ്ഠ നടത്തി. അതു് ഒരു വലിയ സംഭവമായിരുന്നു. ബ്രാഹ്മണക്കല്ലാതെ മററാക്കും ചെയ്യാൻ പാടില്ലാത്ത കാര്യമായിരുന്നു വിഗ്രഹപ്രതിഷ്ഠ. യാഥാസ്ഥിതികന്മാക്കു് ഈ കാരണത്താൽ ശ്രീനാരായണൻെറ നടപടി സമ്മതമായില്ല. എന്നാൽ, താൻ 'ഈഴവശ്ശിവ'നെയാണു് പ്രതിഷ്ഠിച്ചതെന്നു് ആ വിപ്ലവകാരി കൂസൽകൂടാതെ സമാധാനം പറഞ്ഞു. നൂററാണ്ടുകളായി നിലനിന്ന ഉറപ്പേറിയ ഒരാചാരത്തെ എത്ര സൗമ്യമായിട്ടാണു് അദ്ദേഹം ലംഘിച്ചതെന്നു നോക്കുക. എതിരാളികളെ നിരായുധരാക്കുന്ന ഈ സൗമ്യത സ്വാമിയുടെ എല്ലാ പ്രവത്തനങ്ങളിലും കാണാമായിരുന്നു. സമാധാനപൂവ്വം വിപ്ലവം സൃഷ്ടിക്കാനുള്ള അദ്ദേഹത്തിൻെറ കഴിവാണു് ഇവിടെ നാം കണ്ടതു്.

അതിരിക്കട്ടെ, നമുക്കു് അദ്ദേഹത്തിൻെറ പ്രവത്തനങ്ങളെത്തന്നെ പരിശോധിക്കാം. പ്രതിഷ്ഠ നടത്തിയ സ്ഥലത്തു് അദ്ദേഹം ഒരു ക്ഷേത്രം പണികഴിപ്പിച്ചു. അവിടെ തൻെറ ആദർശങ്ങളും എഴുതിവെപ്പിച്ചു. അതിങ്ങനെയാണു്:

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിതു്."

എത്ര ഉന്നതമായ ആദർശം! തൻെറ ജീവിതാവസാനംവരെ ഈ ആദർശത്തെ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം പ്രവർത്തിച്ചുപോന്നതു്.

അരുവിപ്പുറത്തു പണിത ക്ഷേത്രം കേന്ദ്രമാക്കി ജനങ്ങളെ സംഘടിപ്പിക്കാനാണ് ശ്രീനാരായണൻ പിന്നീടു ശ്രമിച്ചതു്. ശ്രീനാരായണധർമ്മം നടപ്പാക്കാൻ അവിടെ ഒരു കൊച്ചു സഭ സ്ഥാപിതമായി. ആ സഭയാണ്, അധികം താമസിയാതെ എസ്. എൻ. ഡി. പി. യോഗമായി വികസിച്ചതു്. ഇതിനുശേഷം കേരളത്തിൻെറ എല്ലാ ഭാഗങ്ങളിലും അദ്ദേഹം ചുററിസ്സഞ്ചരിക്കുകയും ക്ഷേത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. കേവലം ആരാധനയ്ക്കുമാത്രം വേണ്ടിയല്ല, ഇങ്ങനെ ക്ഷേത്രങ്ങൾ സ്ഥാപിച്ചതു്. ജനങ്ങളെ സംഘടിപ്പിക്കുവാനുള്ള കേന്ദ്രങ്ങളായിരുന്നു ഈ ക്ഷേത്രങ്ങൾ. "സംഘടനകൊണ്ടു ശക്തരാവുക, വിദ്യകൊണ്ടു പ്രബുദ്ധരാവുക" എന്നതായിരുന്നു അദ്ദേഹത്തിൻെറ ഒരു സന്ദേശം. വിദ്യാഭ്യാസമില്ലാത്തവരുടെ സംഘടന നല്ലവഴിക്കു പോകയില്ലെന്ന് അദ്ദേഹം സംശയിച്ചിരുന്നിരിക്കണം.

ശ്രീനാരായണഗുരുവിൻെറ ഇത്തരത്തിലുള്ള പ്രവർത്തനം ഇന്നാട്ടിലെ അവശതയനുഭവിച്ചിരുന്ന സമുദായങ്ങളെ ഉണർത്തി. അവർക്കു സ്വാതന്ത്ര്യം വേണമെന്ന് ആഗ്രഹം ജനിച്ചു. അതു സമ്പാദിക്കുവാനായി എസ്. എൻ. ഡി. പി. യോഗത്തിൻെറ പിന്നിൽ അവർ അണിനിരന്നു. കുമാരനാശാൻ, സി. കൃഷ്ണൻ, ഡാക്ടർ പല്പു, ടി. കെ. മാധവൻ, കെ. അയ്യപ്പൻ തുടങ്ങിയ മഹാന്മാരെല്ലാം ഈ പരിശ്രമത്തിനു നേതൃത്വം കൊടുത്തവരായിരുന്നു.

ഇപ്രകാരം ജനങ്ങൾ ഉണർന്നുകഴിഞ്ഞപ്പോൾ ക്ഷേത്രങ്ങൾ സ്ഥാപിക്കുന്ന രീതിയിലും സ്വാമി ചില മാററങ്ങൾ വരുത്തി. മുരുക്കുംപുഴയിൽ വിഗ്രഹത്തിൻെറ സ്ഥാനത്തു് ഒരു പ്രഭ മാത്രമാണ് പ്രതിഷ്ഠിച്ചതു്. അതിൽ "സത്യം, ധർമ്മം, ദയ, സ്നേഹം" എന്നീ നാലു വാക്കുകൾ എഴുതിവയ്ക്കുകയും ചെയ്തു. ഇതു് അർത്ഥഗർഭമാണ്. ദൈവത്തെ പ്രാർത്ഥിക്കുന്നവരല്ല, ഈ ആദർശങ്ങളനുസരിച്ചു ജീവിക്കുന്നവരാണ്, യഥാർത്ഥ ദൈവഭക്തന്മാർ എന്നാണ് ഇതിൻെറ അർത്ഥം. 'സത്യമാണ് ദൈവം' എന്നു മഹാത്മാ ഗാന്ധി പറഞ്ഞിട്ടുള്ളതോർക്കുക. അധികം താമസിയാതെ ശിവഗിരിയിൽ അദ്ദേഹം 'ശാരദാ' പ്രതിഷ്ഠ നടത്തി. 'ശാരദ' വിദ്യയുടെ പ്രതിരൂപമാണ്. വിദ്യ സമ്പാദിക്കുന്നവൻ ഈശ്വരപൂജ നടത്തുന്നു എന്നാണ് ഇതിന്റെ അർത്ഥം. അതിനുശേഷം ചേർത്തലയ്ക്കടുത്തു് ഒരു സ്ഥലത്തു് അദ്ദേഹം വെറും ഒരു കണ്ണാടി പ്രതിഷ്ഠിച്ചു. നാം നമ്മെത്തന്നെ ശരിയായി

കാണുകയും മനസ്സിലാക്കുകയും ചെയ്യണമെന്നാണ് ഈ പ്രതിഷ്ഠയുടെ അർത്ഥം. സ്വയം നന്നാവാൻ ശ്രമിക്കേണ്ടതാണ് മനുഷ്യന്റെ മുഖ്യമായ കടമയെന്നു ഈ പ്രതിഷ്ഠകൊണ്ടു് അദ്ദേഹം വ്യക്തമാക്കി. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നു് വിശാല ഹൃദയനും പ്രതിഭാശാലിയുമായ അദ്ദേഹം നല്കിയ ഉപദേശം ആക്കും ഏതുകാലത്തും സ്വീകരിക്കാവുന്നതാണ്.

1928-ൽ നാരായണഗുരുസ്വാമി സമാധിയടഞ്ഞു. ആ കാലം വരെ അദ്ദേഹം നിരന്തരമായി പ്രവർത്തിച്ചുകൊണ്ടേ ഇരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഈ നാട്ടിലെ എല്ലാ മനുഷ്യരും ഒരു പോലെ ദുഃഖിച്ചു. മനുഷ്യവർഗ്ഗത്തിനുവേണ്ടി സ്വന്തം ജീവിതം സമർപ്പിച്ച ഒരു മഹാത്മാവിന്റെ വിയോഗത്തിൽ ആരാണ് ദുഃഖിക്കാതിരിക്കുക? പക്ഷേ, നമുക്കു് ആശ്വാസത്തിനു വകയുണ്ടു്. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ആദർശങ്ങൾ നമുക്കു് സമർപ്പിച്ചിട്ടുണ്ടു്. അവ സാക്ഷാൽക്കരിക്കുന്നതിനു വേണ്ടി നമുക്കു പരിശ്രമിക്കാം. അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ ജീവിതം അതിനുള്ള പ്രചോദനം നമുക്കു നല്കട്ടെ.

## അഭ്യാസം

1. ശങ്കരാചാര്യരാണ് ദുരാചാരങ്ങൾക്കുത്തരവാദിയെന്നു ചിലർ പറഞ്ഞു പരത്തി. (അംഗവാക്യവും അംഗിവാക്യവും തിരിക്കുക.)

2. അവിടെ അദ്ദേഹത്താൽ ഒരു സഭ സ്ഥാപിതമായി. (അദ്ദേഹത്താൽ എന്നതിനു പകരം അദ്ദേഹം എന്നാക്കി ഈ വാക്യം വിവർത്തനം ചെയ്തു നോക്കുക.)

3. ശ്രീനാരായണന്റെ സന്ദേശങ്ങൾ എന്തെല്ലാം ?

4. ശ്രീനാരായണൻ നടത്തിയ ക്ഷേത്രപ്രതിഷ്ഠകളുടെ പൊരുളെന്തു് ?

## പാഠം 17

# മയിലിനോട്

[കേരള കാളിദാസനെന്ന അപരനാമത്താൽ വിഖ്യാതനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻെറ "മയൂരസന്ദേശ"ത്തിൽ നിന്നെടുത്ത ചില ശ്ലോകങ്ങളാണിവ. തൻെറ പ്രിയപത്നിയുടെ അടുത്തേയ്ക്കു് സന്ദേശവും കൊണ്ടു പോകുന്ന മയിലിനു പോകാനുള്ള വഴി വർണ്ണിച്ചുകൊടുക്കുകയാണു്.]

രണ്ടും മൂന്നും തവണ കൃഷിയേററുന്ന കണ്ടങ്ങളേയും,
വണ്ടും ഞണ്ടും വടിവൊടുകളിക്കുന്ന കച്ഛങ്ങളേയും,
തണ്ടുംകെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകൾതൻ തീരമാർഗ്ഗേണപോക.

വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുരത്തേക്കുപോകും
വഞ്ചിക്കൂട്ടംവരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാകമൂലം
വഞ്ചിത്തണ്ടു്ഭ്രാന്തെഴമരയരാം നാവികക്കൂട്ടമേ നീ.

നീലത്വം ചേർന്നെഴമിലകളാൽ നിൻെറ കണ്ഠാഭയോലും
സാലത്തിൻമേൽപരിചൊടുപറന്നെത്തിയക്കുല്യതൻെറ
കൂലത്തേവിട്ടൊരുതരണിതൻപാമരത്തിൽക്കരേറി-
ക്കോലത്തേനൽപ്പട്ടുതയിലുറപ്പിച്ചു നീ വാണുകൊൾക.

കണ്ടാലാർക്കും കൃതകപതഗംതന്നെയാണെന്നതല്ലാ-
തുണ്ടാകൊല്ലാമനമതിൽ മറിച്ചെണ്ണമപ്പൊണ്ണമായി
മിണ്ടാതേകണ്ടതിനുമുകളിൽ ചേർന്നുചേണാർന്നിന്നെ-
ക്കൊണ്ടാടും കണ്ടിരുകരയിലും നോക്കിനിൽക്കുന്ന ലോകം.

മയൂരസന്ദേശം] [കേരളവർമ്മ വലിയകോയിത്തമ്പുരാൻ

### അഭ്യാസം

1. യാത്രയിൽ മയിലിനു് എന്തെല്ലാം കാണാൻ സാധിക്കുമെന്നു് സ്വന്തവാക്യത്തിൽ വിവരിക്കുക.

2. തോട്ടുവക്കത്തെത്തുമ്പോൾ മയിൽ എന്താണു് ചെയ്യേണ്ടതു്?

3. കൃത്രിമപ്പക്ഷിയാണെന്നു ജനങ്ങളെ തെററിദ്ധരിപ്പിക്കുവാൻ മാർഗ്ഗമെന്തു്? എന്തിനാണു് തെററിദ്ധരിപ്പിക്കുന്നതു്?

4. (a) പര്യായം പറയുക:—
പക്ഷി; മയിൽ; തോടു്, തോണി; കര.

GOVT. HIGH SCHOOL Date........ KOTTAYAM

(b) പിരിച്ചെഴുതുക:—

കണ്ടാഭ; നാവികക്കയ്യർ; മനമതിൽ; ചിത്തബ്ഭ്രാന്തു്.

(c) ചേർത്തെഴുതുക:—

മറിച്ചു്+എണ്ണം+ആ+വണ്ണം+ആയി; നൽ+പടുത+ഇൽ+ഉറപ്പിച്ചു; ചേൻ+എഴം+ഇലകൾ+ആൽ; ആഭ+ഓലും.

---

പാഠം 18

## ചെറുശ്ശേരിയും എഴുത്തച്ഛനും

നിങ്ങൾ വായിച്ചിട്ടുള്ള ഓരോ പുസ്തകവും എന്തനുഭവമാണു് ഉണ്ടാക്കീട്ടുള്ളതെന്നു് ആലോചിച്ചുനോക്കുക. സാമാന്യശാസ്ത്രം, സാമൂഹ്യപാഠങ്ങൾ മുതലായവ വായിക്കുമ്പോൾ പുതിയ കുറെ കാര്യങ്ങൾ ഗ്രഹിക്കാം. പക്ഷേ, പറയത്തക്ക വല്ല രസവും തോന്നാറുണ്ടോ? സങ്കടമോ, സന്തോഷമോ, ഉത്സാഹമോ എന്തെങ്കിലും തോന്നാറുണ്ടോ? ഇല്ലെന്നായിരിക്കും സമാധാനം. വിജ്ഞാനം നൽകണമെന്നു മാത്രമേ ആ പുസ്തകങ്ങൾക്കു് ഉദ്ദേശ്യമുള്ളു. നേരെമറിച്ചു് നല്ലൊരു കഥയോ കവിതയോ വായിക്കുമ്പോൾ മനസ്സിനു സുഖം തോന്നുന്നില്ലേ? നന്മതിന്മകളെക്കുറിച്ചുള്ള ബോധവും നിങ്ങൾക്കുണ്ടാകുന്നു. അത്തരം കൃതികളെയാണു് സാഹിത്യഗ്രന്ഥങ്ങൾ എന്നു നാം പറയുന്നതു്. അത്തരം സാഹിത്യഗ്രന്ഥങ്ങൾ രചിച്ചു് ഈശ്വരവിശ്വാസവും ഉൽകൃഷ്ടാദർശങ്ങളിൽ മതിപ്പും വായനക്കാരിൽ വളർത്തിയ മഹാശയരാണു് ചെറുശ്ശേരി നമ്പൂതിരിയും തുഞ്ചത്തെഴുത്തച്ഛനും.

ഏറെക്കുറെ ഒരേ കാലഘട്ടത്തിലാണു് ചെറുശ്ശേരിയും എഴുത്തച്ഛനും ജീവിച്ചിരുന്നതു്. ചെറുശ്ശേരി ഉത്തരകേരളത്തിൽ കോലത്തിരി എന്ന രാജ്യത്തിലെ ഉദയവർമ്മരാജാവിന്റെ സദസ്യനായിരുന്നു. ഈ കാരണത്താൽ സമുദായത്തിൽ ഉന്നതമായ പദവിയും ഉറച്ച ഒരു സാമ്പത്തികനിലയും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ എഴുത്തച്ഛന്റെ സ്ഥിതി അതായിരുന്നില്ല. ഉത്തരകേരളത്തിൽത്തന്നെ തിരൂർ എന്ന സ്ഥലത്തു് ചെറിയൊരു കുടിലിൽ ജനിച്ചു വളർന്ന ആളാണു് അദ്ദേഹം. ചക്കാലനായർ എന്ന ജാതിയിൽ പിറന്നതുകൊണ്ടു് സമുദായത്തിന്റെ പിന്നണിയിലേ

സ്ഥാനം ലഭിച്ചുള്ളൂ. അത്തരക്കാർക്കല്ലേ രാജസ്ഥാനം കിട്ടുന്നു! ഉന്നതജാതിയിൽ ജനിച്ചവർക്കേ അന്നു സമുദായത്തിൽ മാന്യസ്ഥാനം ലഭിച്ചിരുന്നുള്ളൂ. എന്തിനധികം? അബ്രാഹ്മണർ സംസ്കൃതം പഠിക്കുന്നതുപോലും പാപമാണെന്നായിരുന്നു അന്നത്തെ വിശ്വാസം. എന്നാൽ, ഈ സംസ്കൃതത്തിന്റെ പദവിയോ? സംസ്കൃതത്തിൽ കവിതയെഴുതുന്നവരെ മാത്രമേ അന്നു വിദ്വാന്മാരായും കവികളായും ഉപരിമണ്ഡലം മാനിച്ചിരുന്നുള്ളൂ.

ഇങ്ങനെ, അഞ്ഞൂറുകൊല്ലത്തിനു മുമ്പത്തെ കേരളത്തിൽ പാണ്ഡിത്യത്തിന്റെ മാനദണ്ഡം സംസ്കൃതജ്ഞാനമായിരുന്നു. കവിത്വത്തിന്റെ ഉരകല്ല് സംസ്കൃതകവിതയായിരുന്നു. ഉത്കൃഷ്ടാദർശങ്ങളുൾക്കൊള്ളുന്ന കൃതികളും സംസ്കൃതത്തിലേ ഉണ്ടായിരുന്നുള്ളൂ. ആ സംസ്കൃതമാകട്ടെ, അബ്രാഹ്മണർക്ക് തീണ്ടാൻ പാടില്ലാത്ത ഭാഷയായും കണക്കാക്കപ്പെട്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ബ്രാഹ്മണരല്ലാത്തവർക്ക് നല്ല ആദർശങ്ങൾ പഠിക്കാനുള്ള അവസരങ്ങളെല്ലാം വിലക്കപ്പെട്ടിരുന്നു.

കേരളകവിത മേൽപറഞ്ഞപ്രകാരം മറക്കുടക്കുള്ളിൽ മഹാനരകമനുഭവിച്ചിരുന്ന കാലത്ത് സംസ്കൃതസാഹിത്യത്തിന്റെ ഉള്ളടക്കത്തിൽനിന്ന് അല്പം ചിലത് മലയാളികൾക്ക് പകർന്നുകൊടുത്തു മാമൂലിനെ ഭഞ്ജിക്കുവാൻ ധൈര്യപ്പെട്ടവരാണ് ചെറുശ്ശേരിയും എഴുത്തച്ഛനും. കവിത വിദ്വാന്മാരുടെ കുത്തകയാക്കാൻ പാടില്ല; സാധാരണക്കാരും അതാസ്വദിക്കണം. ഈ അഭിപ്രായമാണ് ചെറുശ്ശേരിക്കും എഴുത്തച്ഛനും തോന്നിയത്. അതുനിമിത്തം, മലയാളികൾക്ക് രുചിക്കാവുന്ന വൃത്തങ്ങളും സംസ്കൃതമറിയാത്തവർക്ക് മനസ്സിലാവുന്ന ഭാഷയും അവർ കവിതയെഴുത്തിന് അവലംബിച്ചു. അങ്ങനെ ഉൽകൃഷ്ടകവിതയെ സാധാരണക്കാരോടടുപ്പിച്ച മഹാശയന്മാരാണ് ചെറുശ്ശേരിയും എഴുത്തച്ഛനും.

ഈ മഹാശയരിൽ ആദ്യം അരങ്ങത്തു വന്നത് ചെറുശ്ശേരി നമ്പൂതിരിയാണ്. സംസ്കൃതത്തിലെ ഭാഗവതം ദശമത്തിലെ കഥ മലയാളികളായ നമുക്ക് രുചിക്കാവുന്ന മട്ടിൽ വിളമ്പിത്തന്നു ചെറുശ്ശേരി. അങ്ങനെ നമുക്ക് ലഭിച്ച കൃതിയാണ് കൃഷ്ണഗാഥ. ലളിതമായ ഭാഷ, കേൾക്കാൻ സുഖമുള്ള ശബ്ദം, ആലോചിക്കുന്തോറും ആനന്ദം തോന്നിക്കുന്ന ആശയങ്ങൾ, അലങ്കാരങ്ങളുടെ ആഡംബരം, സാധാരണക്കാരെ രസിപ്പിക്കുന്ന ഫലിതം എന്നിവ കൃഷ്ണഗാഥയുടെ പ്രത്യേകതകളാണ്. പാടികേൾക്കാൻ നല്ല സുഖമുള്ള ശീലും അദ്ദേഹം സ്വീകരിച്ചു. എന്താണ് ഇതുകൊണ്ടുണ്ടായ

നേട്ടം ? എഴുതാനും വായിക്കാനും വശമുള്ളവക്കെല്ലാം കൃഷ്ണഗാഥയിലെ പത്തു വരിയെങ്കിലും തോന്നാതിരിക്കയില്ല. അത്രമേൽ പ്രചാരം നേടി കൃഷ്ണഗാഥ.

കൃഷ്ണഗാഥയുണ്ടാക്കാൻ ചെറുശ്ശേരിയെ പ്രേരിപ്പിച്ച കഥ രസകരമാണ്. ഒരു ദിവസം ഉദയവർമ്മരാജാവും ചെറുശ്ശേരിയും കൂടി ചതുരംഗം കളിക്കയായിരുന്നു. രാജാവ് കളിയിൽ തോല്ക്കുമെന്ന നിലയായപ്പോൾ അടുത്ത മുറിയിൽ നിന്നു് ഒരു പാട്ടുകേട്ടു:

" ഉന്തുന്തു, ഉന്തുന്തു, ഉന്തുന്തു, ഉന്തുന്തു,
ഉന്തുന്തു, ഉന്തുന്തു ആളെ ഉന്തു."

എന്നായിരുന്നു പാട്ട്. രാജപത്നി കുട്ടിയെ ഉറക്കാനെന്ന ഭാവത്തിൽ പാടിയ ഈ പാട്ടിൽ രാജാവിനു കളിയിൽ ജയിക്കാൻ വേണ്ട നിർദ്ദേശമുണ്ടായിരുന്നു. രാജാവ് ഉടനെ 'ആളെ' ഉന്തി അന്നത്തെ കളിയിൽ വിജയം നേടിയത്രേ. ഈ സന്തോഷം നിമിത്തം, രാജപത്നി പാടിയ പാട്ടിന്റെ 'ശീൽ' ഉപയോഗിച്ച ഭാഗവതം ദശമത്തിലെ കഥ ലളിത ഭാഷയിലെഴുതാൻ ഉദയവർമ്മ ചെറുശ്ശേരിയോടു കല്പിച്ചുവെന്നാണ് കഥ.

ഭാഷാകൃതികളെ പുച്ഛിച്ചിരുന്ന ഒരു സംസ്കൃതപണ്ഡിതൻ "ചെറുശ്ശേരിയുടെ എരിശ്ശേരിയിൽ കഷണമില്ല" എന്നു് ആക്ഷേപിച്ചുവത്രേ. "ഇളക്കിനോക്കിയാൽ കാണാം" എന്നു് ഒരു സരസ്സൻ അതിനു മറുപടി പറഞ്ഞു. ഉരുളയ്ക്കുപ്പേരിപോലെ കൊടുത്ത ഈ സമാധാനം കൊണ്ടു സംസ്കൃതപണ്ഡിതന്റെ നാവടങ്ങി. ശബ്ദാഡംബരമല്ലാതെ അന്തസ്സാരമൊന്നും കൃഷ്ണഗാഥയ്ക്കകത്തില്ലെന്നാണ് പണ്ഡിതൻ സൂചിപ്പിച്ചതു്. അതു് ആലോചിക്കാൻ മിനക്കെടാത്തതുകൊണ്ടാണെന്നു സരസൻ പറഞ്ഞതു ശരിയാണ്. കാതിനും കരളിനും കൗതുകം ജനിപ്പിക്കുന്ന കൃതിയാണ് കൃഷ്ണഗാഥ. ഭാരതം കഥയും ചെറുശ്ശേരി ഗാഥാരൂപത്തിൽ രചിച്ചിട്ടുണ്ട്.

ഇനി എഴുത്തച്ഛനെ സമീപിക്കാം. ചെറുശ്ശേരിയേക്കാൾ, ഒരു പക്ഷേ, എഴുത്തച്ഛനോടായിരിക്കാം നിങ്ങൾക്കു കൂടുതൽ മതിപ്പു തോന്നുക. അബ്രാഹ്മണർക്കു സംസ്കൃതം വിലക്കപ്പെട്ടിരുന്ന കാലത്തു സംസ്കൃതസാഹിത്യവും, സംസ്കൃതത്തിന്റെ ശ്രീകോവിലിൽ പ്രതിഷ്ഠിക്കപ്പെട്ട വേദങ്ങളും പഠിക്കാൻ ധൈര്യപ്പെട്ട എഴുത്തച്ഛൻ. എന്തൊരു ചങ്കുറപ്പാണെന്നു നോക്കു. നമ്പൂരിമേധാവിത്വത്തിന്റെ കാലം; അവരാണ് രാജാക്കന്മാരെ നിയന്ത്രിച്ചിരുന്നതു്. ഈ രാജാക്കന്മാർക്കാകട്ടെ, ഏതു ക്രൂരകൃത്യം ചെയ്യാനും നിയമതടസ്സമുണ്ടാ

യിരുന്നില്ല. എന്നിട്ടും, എഴുത്തച്ഛൻ വേദം പഠിച്ചു. നന്മയോടു മതിപ്പ്, തിന്മയോടു വെറുപ്പ്, ഈശ്വരനെക്കുറിച്ചു ഭക്തി, അദ്വൈതസിദ്ധാന്തത്തിൽ വിശ്വാസം എന്നീ ഗുണപാഠങ്ങൾ നമ്മെ പഠിപ്പിക്കാനുള്ള അത്യാസക്തിയാണ് എഴുത്തച്ഛനെ ഇത്രമേൽ ധൈര്യപ്പെടുത്തിയതു്. ബ്രാഹ്മണേതരർക്ക് തീണ്ടാൻ വയ്യാത്ത രാജവീഥിയിൽ വിനയത്തോടുകൂടിയാണെങ്കിലും, കൂസലെന്യേ വിഹരിച്ച ഈ മഹാശയനെ നാം എത്ര ബഹുമാനിച്ചാലാണ് അധികമാകുക ?

അദ്ധ്യാത്മരാമായണം, ഭാരതം, ദേവീമാഹാത്മ്യം, ഹരിനാമകീർത്തനം മുതലായി പല കൃതികളും അദ്ദേഹം കൈരളിക്കു കാഴ്ച വെച്ചു. ആശയങ്ങളുടെ ഗാംഭീര്യം, പദങ്ങളുടെ പതറാത്ത പ്രവാഹം, ശബ്ദങ്ങളുടെ ധോരണി, ഈശ്വരഭക്തി, സന്മാർഗ്ഗോപദേശം മുതലായവ ഈ കവിതകളിൽ എവിടെ നോക്കിയാലും തെളിഞ്ഞു കാണാം.

എഴുത്തച്ഛൻെറ കവിതകൾക്കു പൊതുവെ 'കിളിപ്പാട്ട്' എന്നൊരു പേരുണ്ടു്. ഒരു തത്തയെക്കൊണ്ടു കഥ പറയിക്കുന്ന രീതി സ്വീകരിച്ചതുകൊണ്ടാണ് ഈ പേർ വന്നതു്. കിളിപ്പാട്ടു പ്രസ്ഥാനം കേരളഭാഷയ്ക്കും മലയാള സാഹിത്യത്തിനും ഉണ്ടാക്കിവെച്ച നേട്ടങ്ങൾ ഒരു കാലത്തും മറക്കാവതല്ല. ഉൾക്കാമ്പുള്ള കവിതയെഴുതാൻ മലയാളത്തിനു കഴിവുപോരെന്നു പലരും വിശ്വസിച്ചിരുന്നു. പക്ഷേ അതു് അർത്ഥശൂന്യമാണെന്നു കിളിപ്പാട്ടുകൾ വെളിപ്പെടുത്തി. മലയാളപദങ്ങളോടിണങ്ങിച്ചേരുന്ന സംസ്കൃതപദങ്ങൾ അദ്ദേഹം തിരഞ്ഞെടുത്തു പ്രയോഗിച്ചു. ആ പദങ്ങളും അവയുടെ പര്യായങ്ങളും ആവർത്തിച്ചാവർത്തിച്ചു പ്രയോഗിച്ചതിനാൽ സംസ്കൃതം പഠിക്കാത്തവർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിച്ചു. അങ്ങനെ, കിളിപ്പാട്ടുകൾ വായിക്കുന്നവർക്കു വലിയൊരു പദസമ്പത്താണ് സമാർജ്ജിക്കുവാൻ സാധിക്കുന്നതു്.

കവിതാപാരായണംകൊണ്ടു മനോവികാസം നേടാനും കിളിപ്പാട്ടുകളെപ്പോലെ സഹായിക്കുന്ന മററു കൃതികൾ മലയാളത്തിലില്ല. നന്മയോടു മതിപ്പും തിന്മയോടു വെറുപ്പും വളർത്തുവാൻ മറെറാരു മലയാളകവിയും എഴുത്തച്ഛനെപ്പോലെ ശ്രമിച്ചിട്ടില്ല. എല്ലാററിലുമുപരിയായി, മനുഷ്യനെ ഈശ്വരനോടടുപ്പിക്കുവാൻ ഈ കവിതകൾ സഹായിക്കുന്നു.

അജ്ഞതയുടെ ചളിക്കുണ്ടിൽ കിടന്നരിഷ്ടിച്ചിരുന്ന മലയാളിക്കു സൽക്കവിതയാകുന്ന അമൃതം പകർന്നുകൊടുത്തു് വിജ്ഞാനത്തി

ൻേറയും വിവേകത്തിൻേറയും വെളിച്ചം കാണിച്ച ഈ മഹാശയരെ നമുക്കു് ഒരിക്കലും മറക്കാനാവില്ല. ഇവർ തുറന്നിട്ട വഴിയിൽക്കൂടി യാണു് അനന്തര കവികൾ സഞ്ചരിച്ചിട്ടുള്ളതു്. ഈ കാരണം കൊണ്ടു തന്നെ ചെറുശ്ശേരിയും എഴുത്തച്ഛനും കടിൽതൊട്ടു കൊട്ടാരം വരെ കേരളത്തിലെവിടേയും ആദരിക്കപ്പെടുന്നു.

1. അപോദ്ധരിക്കുക:—

(i) കാതിനും കരളിനും കൗതുകം ജനിപ്പിക്കുന്ന കൃതിയാണു് കൃഷ്ണഗാഥ.

(ii) കൃഷ്ണഗാഥ കേരളത്തിലെ സാധാരണക്കാരെ ആകർഷിച്ച കവിത യാണെന്നു തർക്കംകൂടാതെ സമ്മതിക്കാം.

2. ചെറുശ്ശേരി നമ്പൂതിരി മലയാളഭാഷയ്ക്കുണ്ടാക്കിയ നേട്ടമെന്തു് ?

3. തുഞ്ചത്തെഴുത്തച്ഛൻ മലയാളഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ സംഭാവനകൾ വിവരിക്കുക.

---

പാഠം 19

## ഒരു ചെററക്കുടിൽ

[ഗൃഹനാഥൻ നാലഞ്ചു കൊല്ലത്തെ വിദൂരവാസത്തിനുശേഷം തിരിച്ചു വന്നപ്പോൾ തൻെറ ഗൃഹത്തിനു സംഭവിച്ചുകണ്ട മാററമാണു് ഇവിടെ വർണ്ണിക്കുന്നതു്. മഹാകവി വള്ളത്തോളിൻെറ "ഉണ്മാനില്ല; ഉടുപ്പാനില്ല" എന്ന കവിതയിലെ ചില വരികളാണു് ഇവ.]

കാലത്തു മേയാഞ്ഞതുകൊണ്ടു മാരിയേ—
റോലപ്പുറംതോൽ പൊരുതുൾവലിഞ്ഞഹോ,
സാലസ്യമായു്പ്പട്ടിണി പെട്ടതിൽക്കഴ—
ക്കോലസ്ഥി പേർത്തുന്തിയ ഗേഹമൊന്നിതാ!

പാരംദ്രവിക്കും പഴയോലകൾക്കെഴും
ദ്വാരത്തിലൂടേ വെയിലാപതിയ്ക്കയാൽ,
സൈ്വരം നിലത്തിങ്ങുലസിപ്പതുണ്ടതി—
ക്രൂരങ്ങൾ ദാരിദ്ര്യപിശാചദൃഷ്ടികൾ.

ഒട്ടും വിടാതേ മഴയേററു ചോർന്നൊലി—
ച്ചിട്ടുള്ള പാടല്ലിതു ശുഭ്രഭിത്തിമേൽ;
ഒട്ടുക്ക പാഴാക്കിന "ചേട്ട" കെട്ടഴി—
ച്ചിട്ടുള്ള ചെംകുന്തളമായിരിക്കണം !

അല്ലായ്കി, ലന്തസ്സിലിരുന്ന തൻ നില-
യ്ക്കെല്ലാമിതിൻമട്ടടിവേററതോക്കയാൽ
വല്ലാതെ നൊന്തിപ്പുരതൻെറ കണ്ണിൽ നി-
ന്നല്ലാഘവം ചോരയൊലിച്ചതായ് വരാം !

സ്വീയദ്വിപാർശ്വങ്ങളിലീയുരൽപ്പുറ
പ്രായങ്ങൾ മാറാലകൾ പററിനില്ക്കയാൽ
ശ്രീയററതാമുമ്മറവാതിൽ കാൺക, കാ
രീയപ്പുത്തോടകളിട്ടപോലെയായ്.

ഉണ്മാനില്ല; ഉടുപ്പാനില്ല
സാ. മ. 2-ാം ഭാഗം

[വള്ളത്തോൾ

GOVT. HIGH SCHOOL
Date............
KOTTAYAM.

## അഭ്യാസം

1. എന്തിനെയാണ് പിശാചിൻെറ ദൃഷ്ടികളായിട്ട കവി സങ്കല്പിക്കുന്നത്?

2. ചോരനൊലിച്ച അടയാളം എന്തെല്ലാമായിരിക്കാമെന്നാണ് കവി സംശയിക്കുന്നത് ?

3. ഗൃഹനാഥൻ കണ്ട കുടിൽ സ്വന്തവാക്യത്തിൽ വർണ്ണിക്കുക.

4. (a) പര്യായം പറയുക:—

മഴ; വീട്; തലമുടി; കണ്ണ്; രക്തം.

(b) പിരിച്ചെഴുതുക:—

മാരിയേററു; ചോരയൊലിച്ചതായ്; കാരീയപ്പുത്തോട; പഴയോലകൾ.

(c) ചേർത്തെഴുതുക:—

ദ്വാരത്തിൽ + ഊടെ; ലസിപ്പുത് + ഉണ്ട്; കെട്ട് + അഴിച്ചു; ഉരൽ + പുറം.

---

പാഠം 20

## എനിക്കും സംഘത്തിൽ ചേരണം

ഇക്കോരൻ നായർ ഉമ്മറത്തു കുന്തിച്ചിരുപ്പാണ്. തലയ്ക്കു കൈകൊടുത്തിട്ടുണ്ട്. മുഖം മ്ലാനമായിരിക്കുന്നു. ഓണത്തിന് ഇനി മൂന്നു ദിവസമേയുള്ളു. എന്തെല്ലാം കാര്യങ്ങൾ ഒരുക്കണം. കാളിയമ്മയ്ക്ക് ഉടുക്കാൻ തുണി വാങ്ങണം; നാരായണി, മീനാക്ഷി എന്നീ കുട്ടികൾക്കു പാവാടയും ജാക്കററും വേണം. കുട്ടപ്പനു ട്രൌസറും കുപ്പായവും തുന്നിക്കണം. മൂത്ത മകൾ പാറുക്കുട്ടിയും അവളുടെ മൂന്നു കുട്ടികളും നാളെ വന്നെത്തും. കൊല്ലത്തിലൊരിക്കലേ അവർ വീട്ടിലേക്കു വരാറുള്ളു. അതു് ഓണക്കാലത്തായിരിക്കും. ഓണം കഴിഞ്ഞാൽ ഉടനെ പോകയും ചെയ്യും. അവക്കൊക്കെ ഓണപ്പുടവ കൊടുക്കണ്ടേ ?

ഇതിനു പുറമെ, കായ വേണം, പഴം വേണം, പച്ചക്കറിയിനങ്ങൾ വേറെയും വേണം. രൊക്കം പണം കൊടുത്തല്ലാതെ ഇതൊന്നും വാങ്ങാൻ സാദ്ധ്യമല്ല. പപ്പടം, വെളിച്ചെണ്ണ, ശക്കര, ഉപ്പ്, മുളക്, കടുക് മുതലായവ കടം വാങ്ങാം. പക്ഷേ ബാക്കി വിഭവങ്ങൾക്കു പണമെവിടെ ? ആരോടാണ് കടം ചോദിക്കുക ? വളരെ ആലോചിച്ചിട്ടും ഇക്കോരൻ നായക്കു പോംവഴി കണ്ടെത്താൻ കഴിഞ്ഞില്ല.

നാട്ടിമ്പുറത്തു് അടങ്ങിയൊതുങ്ങിക്കഴിയുന്ന ഒരു പഴയ കൃഷീവലകുടുംബമാണ് ഇക്കോരൻ നായരുടേതു്. നാലേക്കർ നിലവും കുടിയിരിപ്പുപറമ്പുമാണ് അയാൾക്കുള്ള സ്വത്തു്. പറമ്പിൽ പത്തുമുപ്പതു തെങ്ങും കുറെ കവുങ്ങും മാത്രമേയുള്ളു. നല്ലപോലെ പ്രയത്നം ചെയ്താൽ ആണ്ടോടാണ്ടു ചെലവിനുള്ള വകയുണ്ടാക്കാം. അഹോരാത്രം പണിയെടുത്തു് അന്യാശ്രയംകൂടാതെ അന്തസ്സോടെ ജീവിച്ചുപോന്ന കുടുംബമാണതു്. എന്നാൽ, അക്കൊല്ലം കാര്യങ്ങളൊക്കെ അവതാളത്തിലായി. കാലവർഷം പിഴച്ചു. വിരിപ്പു* കൊയ്തിട്ടു വളരെ കുറച്ചു നെല്ലേ കിട്ടിയുള്ളു. വിത്തും വളവും വാങ്ങാനും കഴിഞ്ഞ ഏതാനും മാസത്തെ ചെലവുകൾ നടത്തിപ്പോരാനും മററുമായി ഇരുന്നൂററമ്പതു രൂപ സ്ഥലത്തെ ഒരു ജന്മിയോടു കടം വാങ്ങീട്ടുണ്ടായിരുന്നു. അതു പലിശയടക്കം ഇരുന്നൂറെറഴപത്തഞ്ചു രൂപയോളമായി, കൊയ്ത്തു കഴിഞ്ഞതോടെ ആ വിലയ്ക്കുള്ള നെല്ല്

* ചിങ്ങത്തിൽ നടത്തുന്ന കൊയ്ത്തിന് 'വിരിപ്പ്' എന്നും ധനുമാസത്തിലേതിനു 'മുണ്ടകൻ' എന്നും പറയും.

ജന്മി കൊണ്ടുപോയി. അവശേഷിച്ച കിട്ടിയ നെല്ലും വയ്ക്കോലും കൊണ്ടു രണ്ടു മാസത്തെ ചെലവു പോലും നടത്താൻ സാദ്ധ്യമല്ല. ഈ പരിതഃസ്ഥിതിയിൽ എങ്ങനെയാണു് ഓണം ആഘോഷിക്കുക?

ആലോചിക്കുന്തോറും ഇക്കോരൻ നായക്കു് ആധി വർദ്ധിച്ചുവന്നു. നേരം സന്ധ്യയാവാറായി. മൂപ്പർ അവിടെത്തന്നെ ഇരിപ്പാണു്. ജന്മിയോടു ചെന്നു കടം ചോദിക്കാൻ അദ്ദേഹത്തിന്റെ മനസ്സു സമ്മതിക്കുന്നില്ല. തന്റെ പണം, തന്റെ പലിശ എന്നല്ലാതെ ഒരു ചിന്തയുമില്ല ആ ജന്മിക്കു്. മനുഷ്യസ്നേഹത്തിന്റെ കണിക യെങ്കിലും ആ കഠിനഹൃദയത്തിലുണ്ടായിരുന്നെങ്കിൽ കാലവർഷം പിഴച്ചു കൃഷിക്കു കെടുതി പററിയ ഇക്കൊല്ലം അല്പം ഔദാര്യം കാണി ക്കുമായിരുന്നില്ലേ? പകുതിസ്സംഖ്യ നിറുത്തിക്കൊടുക്കണമെന്നു് ഇക്കോരൻ നായർ അപേക്ഷിച്ചുനോക്കിയതാണു്. അതൊന്നും ജന്മി ചെവിക്കൊണ്ടില്ല. അത്യാവശ്യ കാര്യങ്ങൾ പലതും അടിയന്തിര മായി ചെയ്യുതീക്കാനുണ്ടെന്നത്രേ അതിനൊക്കെ ജന്മി പറഞ്ഞ മറുപടി. സത്യവും മര്യാദയും തന്റെ ജീവനേക്കാൾ വലുതായി കരുതിപ്പോന്ന ഇക്കോരൻ നായക്കു ജന്മിയുടെ ഈ പെരുമാററം തീരെ രസിച്ചില്ല. അദ്ദേഹത്തിന്റെ പത്നിയായ കാളിയമ്മയു ടേയും മനോഭാവത്തിനു വ്യത്യാസമുണ്ടായിരുന്നില്ല. പട്ടിണി കിട ന്നാലും അഭിമാനം പണയപ്പെടുത്തില്ലെന്ന ദൃഢനിശ്ചയക്കാരിയായി രുന്നു കാളിയമ്മ. അതുകൊണ്ടു്, ഈ വിഷമസന്ധിയിൽ ഓണ ത്തിന്റെ കാര്യം പറഞ്ഞു് അവർ ഭർത്താവിനെ അലട്ടിയില്ല. ''എല്ലാം യോഗംപോലെ വരട്ടെ''—ഇതായിരുന്നു ആ സാധ്വിയുടെ സമാധാനം.

പിറെറ ദിവസം രാവിലെ പാറുക്കുട്ടിയും കുടുംബവും വന്നെത്തി. അവളുടെ ഭർത്താവു പരമേശ്വരൻ നായർ ആ കുടുംബത്തെ ബാധിച്ചി രുന്ന വിഷമപ്രശ്നങ്ങളെല്ലാം എങ്ങനെയോ മനസ്സിലാക്കി. അതു കൊണ്ടു്, പതിവിനു വിപരീതമായി, ഒരു വണ്ടി നിറയെ ഓണസ്സാ മാനങ്ങളുമായിട്ടാണു് വന്നിറങ്ങിയതു്. ഇതു് അഭിമാനിയായ ഇക്കോരൻ നായരെ കൂടുതൽ വിഷമിപ്പിച്ചു.

''പരമേശ്വരൻ ഇത്രയ്ക്കു വേണ്ടിയിരുന്നില്ല''. ഇക്കോരൻ നായർ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. ,,അങ്ങനെ വിചാരിക്കാനില്ല, അച്ഛാ! ഞാനും അച്ഛനെപ്പോലെതന്നെ ഒരു കൃഷിക്കാരനാണു്. മണ്ണിലെ വളവും ആകാശത്തിലെ മേഘങ്ങളും മാത്രം അവലംബിച്ചു ജീവിക്കുന്നവരല്ലേ നാം? മേഘത്തിന്റെ ഗതിക്കു മാന്ദ്യം സംഭവി ച്ചാലും വേഗത കൂടിയാലും നമ്മുടെ സങ്കല്പങ്ങൾ തകിടം മറിയു

മെന്നു് അച്ഛനെപ്പോലെതന്നെ എനിക്കും അറിയാവുന്നതല്ലേ?'' പരമേശ്വരൻ നായർ വളരെ വിനയത്തോടെ പറഞ്ഞു.

''ഇതൊക്കെ അറിവുണ്ടെങ്കിൽ പിന്നെ ഈ ഒരുക്കത്തിൻെറ അർത്ഥമെന്തു്? ഇക്കൊല്ലത്തെ കൃഷിപ്പിഴ പരമേശ്വരനെ മാത്രം ബാധിച്ചില്ലെന്നു വരുമോ?'' ഇക്കോരൻ നായർക്കു കണക്കിനു ചോദിക്കാനവസരം കിട്ടി.

''എന്നാൽ എനിക്കൊരാശ്വാസമുണ്ടു്. വിളവു കൊയ്യുന്നതും കാത്തു് മനുഷ്യനെ ശ്വാസം മുട്ടിക്കുന്ന ജന്മികളെ വണങ്ങേണ്ടതില്ല'': പരമേശ്വരൻ നായർ ഉറച്ചസ്വരത്തിൽ പറഞ്ഞു.

ഇക്കോരൻ നായരുടെ ജിജ്ഞാസ വർദ്ധിച്ചു. തന്നെപ്പോലെ തന്നെ അദ്ധ്വാനിച്ചു ജീവിക്കുന്ന ഒരു ചെറുകിട കൃഷിക്കാരനാണു് പരമേശ്വരൻ നായർ. മററൊരാളോടു് കടം വാങ്ങാതെ യഥാസമയം കാര്യങ്ങൾ നിർവ്വഹിക്കുന്നവരെ ഇക്കൂട്ടത്തിൽ കാണുക സാധാരണമല്ല. തൻെറ ജാമാതാവിനുമാത്രം അന്യാവലംബം കൂടാതെ എങ്ങനെ സാധിച്ചു?

''പരമേശ്വരൻ പറഞ്ഞതിൻെറ അർത്ഥം എനിക്കു മനസ്സിലായില്ല''; ഇക്കോരൻ നായർ ഒരു നെടുവീർപ്പോടെ സംശയം ഉന്നയിച്ചു. ''കടം വാങ്ങാതെ വിത്തും വളവും വാങ്ങി കൃഷിയിറക്കാൻ സാധിക്കുന്നുണ്ടോ?''

''അങ്ങിനെ ഞാൻ പറഞ്ഞില്ല'', പരമേശ്വരൻ നായർ തുടർന്നു. ''കൊള്ളപ്പലിശക്കാരായ ജന്മികളുടെ ദയയില്ലാത്ത ചൂഷണത്തിനു ഞാൻ വിധേയനല്ലന്നേ പറഞ്ഞുള്ളു. കൃഷിക്കാരനു മിതമായ പലിശക്കു പണം കടം കൊടുക്കാനും അവൻെറ കൃഷിഭൂമിയിൽ യഥാകാലം ചെയ്യേണ്ട കൃത്യങ്ങൾക്കു മുടക്കം വരുത്താതെ നോക്കാനും വേണ്ട സഹായങ്ങൾ ചെയ്യുന്ന സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ടു്. അച്ഛൻ അതു മനസ്സിലാക്കീട്ടില്ല. പൂർവ്വികർ ശീലിച്ചുപോന്ന ആ പഴഞ്ചൻ സമ്പ്രദായം തന്നെയാണു് അച്ഛൻ ഇന്നും തുടരുന്നതു്.''

''തെളിച്ചു പറയൂ; കേൾക്കട്ടെ''; ഇക്കോരൻ നായർ ജിജ്ഞാസാഭരിതനായി.

പരമേശ്വരൻ നായർക്കു് ഉത്സാഹം വർദ്ധിച്ചു. അദ്ദേഹം പറഞ്ഞു: ''സഹകരണസംഘം എന്ന പേരിൽ ഏതാനും സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ടു്. ഗവൺമെൻറാണു് ഈ സ്ഥാപനങ്ങൾക്കു് പിൻബലം നൽകുന്നതു്. തുച്ഛമായ ഒരു

സംഖ്യ കൊടുത്താൽ ഒരാരംക്ക് ഈ സ്ഥാപനത്തിൽ അംഗമായി ചേരാം. ഗ്രാമംതോറും ഇത്തരം സംഘടനകരം സ്ഥാപിക്കാം. അമ്പതോ അറുപതോ പേർ ഓഹരിയെടുത്താൽ ഒരു പരസ്പരസഹായ സംഘം ഏർപ്പെടുത്താം. ഓരോ അംഗത്തിനും നേരിടുന്ന ആവശ്യം അന്യാശ്രയം കൂടാതെ നിറവേററാൻ ഇതുകൊണ്ടു സാധിക്കും. ചുരുങ്ങിയ പലിശനിരക്കിന് ഇത്തരം സംഘങ്ങരംക്ക് ഗവണ്മെൻറിൽനിന്നു പണം മുൻകൂറായി നൽകുന്നതിനാൽ അംഗങ്ങരം വായ്പയെടുക്കുന്ന സംഖ്യയ്ക്കും പലിശനിരക്കു കുറവായിരിക്കും. ഗ്രാമത്തിലെ ജന്മിയെപ്പോലെ കൊള്ളപ്പലിശ ചുമത്തുകയില്ല പരസ്പരസഹായസംഘങ്ങരം.''

''ഇത്തരം സംഘത്തിൻെറ പ്രവത്തനത്തിലുള്ള ചില പ്രത്യേകതകരം പറയാം. അംഗങ്ങരംതന്നെ തിരഞ്ഞെടുക്കുന്ന വരെയാണ് ഭരണഭാരമേല്പിക്കുന്നതു്. അന്യോന്യം സഹായിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നതാണ് സംഘത്തിൻെറ തത്വം. എല്ലാ അംഗങ്ങളും ഓരോ സന്ദർഭത്തിൽ വായ്പ ആവശ്യമുള്ളവരായിരിക്കും. അതുകൊണ്ട് ഒരുവൻ മറെറാരുവനെ കൊള്ളയടിക്കുന്ന പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. ആശയപരമായ ഒരു യോജിപ്പുണ്ട് അംഗങ്ങരംക്ക്. അവർ ആവശ്യക്കാർക്ക് കടം കൊടുക്കുന്ന സംഖ്യ ഒരു കെട്ടിയിരുപ്പുകാരനായ ജന്മിയുടെ മടിശ്ശീലയിൽനിന്നു പുറത്തു വരുന്നതല്ല; തങ്ങരംതന്നെ ഓഹരിയെടുത്തുണ്ടാക്കിയതാണ്. അതുകൊണ്ട് ചൂഷണത്തിൻെറ പ്രശ്നമേ വരുന്നില്ല.''

''വായ്പ നൽകാനും ഉല്പന്നങ്ങരം വ്യാപാരംചെയ്യാനും ഈ സംഘങ്ങരംക്കു സാധിക്കും. കൂട്ടായി നടത്തുന്ന ഒരു സംരംഭമാകയാൽ ഉൽപന്നങ്ങരംക്കു നല്ല വില കിട്ടുന്ന സമയംവരെ കാത്തിരിക്കാൻ കഴിയും. അതുപോലെതന്നെ, ഉൽപന്നങ്ങരംക്കു ന്യായമായ വില കിട്ടുന്ന സ്ഥലം അന്വേഷിച്ചു കണ്ടുപിടിക്കാനും സംഘത്തിനു പ്രയാസമില്ല. ഇതൊന്നും കൃഷിക്കാർ ഒററതിരിഞ്ഞു നിന്നാൽ നടത്താവുന്നതല്ല.''

''നാം ഒററതിരിഞ്ഞുനിന്ന് എന്താണ് ഇതുവരെ ചെയ്തു പോന്നതു്? കൃഷിയിറക്കേണ്ട സമയമായാൽ ഓടിച്ചെന്ന് ജന്മിയോടു വായ്പ ചോദിക്കും. എന്തു പലിശ ആവശ്യപ്പെട്ടാലും കൊടുക്കാൻ നാം അപ്പോരം സന്നദ്ധരായിരിക്കും. കൊയ്ത്തു കഴിഞ്ഞാൽ കൊടുത്തുതീക്കാമെന്നാണ് അപ്പോഴത്തെ പ്രതീക്ഷ. അതു നിശ്ചയമുള്ള ജന്മി നല്ല പലിശയാണ് ആവശ്യപ്പെടുക. കർഷകൻെറ സത്യസന്ധതയിൽ അയാരംക്കു വിശ്വാസമുള്ളതിനാൽ

വിളവു കൊയ്യുമ്പോരം മുതലും പലിശയും ഈടാക്കാമെന്നാണ് ധൈര്യം. അങ്ങനെ ഈടാക്കുന്ന അവസരത്തിൽ നെല്ലിൻെറ വിലയും വളരെ കുറച്ചേ കാണുള്ളൂ. നല്ല വില കിട്ടുന്ന അവസരം കാത്തിരിക്കാൻ സാധിക്കുമോ ? ജന്മിയുടെ കടം തീക്കേണ്ടേ ? പെട്ടാൽ പെട്ട വിലയ്ക്കാണ് ജന്മികൾ നെല്ല് കൊടുക്കുക. അതു് അളന്നെടുക്കുന്നതിലും ജന്മി ദാക്ഷിണ്യം കാണിക്കയില്ല. ഓണ മുട്ടം ജന്മിയുടെ കടം തീക്കാനുള്ള ബദ്ധപ്പാടുംനിമിത്തം വിഷമിക്കുന്ന സത്യസന്ധനായ കൃഷിക്കാരൻ ഇങ്ങനെ സ്വന്തം പ്രയത്നത്തിൻെറ ശരിയായ ആദായം ജന്മികൾ അടിയറവെച്ചു ശീലിച്ചുപോന്നു. ഈ ദുരവസ്ഥയ്ക്കു പരിഹാരം കാണാനാണ് പരസ്പരസഹായ സംഘങ്ങരം സ്ഥാപിക്കുന്നതു്.''

''സംഘത്തിൽനിന്നായാലും വായ്പ വാങ്ങിയതു മടക്കിക്കൊടു ക്കാതെ പററില്ലല്ലോ!'' ഇക്കോരൻ നായർ ഒരു ചോദ്യം ഉന്നയിച്ചു.

''വായ്പ മടക്കിക്കൊടുക്കണം. പക്ഷെ അതിൻെറ രീതി വ്യത്യ സ്തമാണ്. കൊയ്ത്തു കഴിഞ്ഞാൽ പെട്ടാൽ പെട്ട വിലയ്ക്കും കള്ളത്താപ്പിനും നാം കീഴടങ്ങേണ്ടിവരില്ല. വായ്പ വളരെ ചെറിയ ഗഡുവുകളായിട്ടേ തിരിച്ചടക്കേണ്ടതുള്ളൂ. പലിശനിരക്കും കുറവാണ്. മാത്രമല്ല, ഈ വ്യാപാരം യഥാത്ഥത്തിൽ നാം തന്നെയാണ് ചെയ്യുന്നതു്. സംഘത്തിലേയ്ക്കു നാം പലിശ കൊടുക്കുന്നുണ്ടെങ്കിലും ആ വ്യാപാരത്തിൻെറ അററാദായം നമുക്കുതന്നെ വീതിച്ചുകിട്ടുന്നു.''

''പരമേശ്വരൻ പറഞ്ഞതു ശരിയാണ്. ഈ ബുദ്ധി എനി ക്കിതുവരെ തോന്നിയില്ല.'' ഇക്കോരൻനായരുടെ മുഖം തെളിഞ്ഞു.

പരമേശ്വരൻ നായക്കും ഉത്സാഹം വർദ്ധിച്ചു. ഒരു ചാരിതാ ത്ഥ്യഭാവത്തോടെ അയാരം തുടന്നു: ''പരസ്പരസഹായസംഘവു മായിട്ടുള്ള ഇടപാടിൽ ഇനിയും ചില നേട്ടങ്ങളുണ്ടു്. വളരെ ക്കാലമായി നാം മണ്ണിൽ വേണ്ടത്ര വളം ചെയ്യുന്നില്ല. ഓരോ കൊല്ലം കഴിയുന്തോറും വിളവു കുറയുവാൻ ഇതാണ് കാരണം. മണ്ണിൻെറ പ്രകൃതിദത്തമായ വളക്കൂറു് ക്രമേണ കുറഞ്ഞുവരും. അതനുസരിച്ചു വേണ്ടതുപോലെ വളം ചെയ്താൽ ഇന്നു കിട്ടുന്ന തിൻെറ ഇരട്ടി വിളവുണ്ടാക്കാൻ സാധിക്കും. നെല്ലിനും തെങ്ങിനും കവുങ്ങിനും, എന്നു വേണ്ടാ, എല്ലാ സസ്യങ്ങരംക്കും, ഇങ്ങനെ ശാസ്ത്രീയമായി വളംചെയ്തു വിളവു വർദ്ധിപ്പിക്കാം. പക്ഷെ, നല്ലൊരു സംഖ്യ പെട്ടെന്നു ചെലവഴിക്കേണ്ടിവരും. ആദായം കിട്ടുന്നതു രണ്ടോ മൂന്നോ കൊല്ലം കഴിഞ്ഞിട്ടായെന്നും വരും.''

“അതെങ്ങനെ നമ്മളെക്കൊണ്ടു സാധിക്കും ?” ഇക്കോരൻ നായക്കു ഉത്സാഹം ക്ഷയിച്ചു.

“അച്ഛൻ പരിഭ്രമിക്കാതിരിക്കു. ഇങ്ങനെ വളംചെയ്യാൻവേണ്ടി വായ്പ തരാൻ ജന്മി സന്നദ്ധനല്ലെങ്കിലും പരസ്പരസഹായ സംഘങ്ങൾ തയ്യാറുണ്ട്.”

“അതു നല്ല വിദ്യ. എനിക്കും സംഘത്തിൽ ചേരണം, പരമേശ്വര!” ഇക്കോരൻ നായർ ഉറപ്പിച്ചു പറഞ്ഞു.

“നമുക്കു വഴിയുണ്ടാക്കാം” പരമേശ്വരൻ നായർ തുടന്നു. “ഈ നാട്ടിൽ ധാരാളം കൃഷിക്കാരുണ്ട്. അവരെല്ലാവരും ജന്മിയുടെ വാശ്ശ്യയാശ്രയിച്ചു ജീവിക്കുന്നവരാണ്. എല്ലാവരുംകൂടി യോജിച്ച് ഒരു സംഘമുണ്ടാക്കാം. അച്ഛൻ പറഞ്ഞാൽ അവക്കു ബോദ്ധ്യം വരും. നാളെത്തന്നെ നമുക്കു പരസ്പരസഹായസംഘം ഇൻസ്പെക്ടറെ കണ്ടു് സംസാരിക്കാം. ഒരു മാസത്തിനകം ഇവിടെ ഒരു സംഘം സ്ഥാപിക്കണം.”

### അഭ്യാസം

1. അന്വാഖ്യാന സംഭാഷണമാക്കുക:—

“അതു് നല്ല വിദ്യ. എനിക്കും സംഘത്തിൽ ചേരണം, പരമേശ്വര!” ഇക്കോരൻ നായർ ഉറപ്പിച്ചു പറഞ്ഞു.

2. വായ്പ തരാൻ ജന്മി സന്നദ്ധനല്ലെങ്കിലും പരസ്പരസഹായസംഘങ്ങൾ തയ്യാറുണ്ട്. (അപോദ്ധരിക്കുക)

3. പരസ്പരസഹായസംഘം കൃഷിക്കാക്കു നൽകുന്ന ആശ്വാസമെന്തു്?

പാഠം 21

# മഴവില്ല്

[വേഡ്സ്‌വർത്ത് എന്ന ആംഗ്ലേയ കവിയുടെ ഒരു കവിത ആസ്പദമാക്കി മഹാകവി പള്ളത്തു രാമൻ എഴുതിയതാണ് മഴവില്ല്.]

മാനത്തുമിന്നും മഴവില്ലുകാൺകവേ,
മനസ്സുമേലോട്ടു കുതിച്ചിടുന്നുമേ
കൗമാരകാലത്തിലുദിച്ച കൗതുകം
സമാനമിന്നെന്നുടെ യൗവനത്തിലും.

ജരാനരാധീന ദിനാന്തരത്തിലും
ധരാധിവാസാവധിയായിടുമ്പൊഴും,
നിരർഗ്ഗളം നിൽക്കണമക്കുതൂഹലം;
നരന്റെ താതൻ ശിശുവാണു നിർണ്ണയം.

നൈസർഗ്ഗികപ്രേമഭരാദരങ്ങളാൽ
നൈർമ്മല്യമാളുന്ന മദീയ നാളുകൾ
പരസ്പരം ചേർത്തുതൊടുത്തപോലവേ
നിരന്തരം കാൺമതിനുണ്ടു കാംക്ഷിതം.

—പള്ളത്തു രാമൻ

## അഭ്യാസം

1. കൗമാരകാലത്തു മഴവില്ലു കാണുമ്പോൾ കവിയുടെ മനസ്സിലുദിച്ചിരുന്ന വികാരം എന്തായിരുന്നു? യൗവനകാലത്ത് അതിന് എത്രമാത്രം മാററം സംഭവിച്ചിട്ടുണ്ട്?

2. വാർദ്ധക്യദശയിലും ജീവാവസാനഘട്ടത്തിലും ആ വികാരം ഏതു വിധമായിരിക്കണമെന്നാണ് കവിയുടെ ആഗ്രഹം?

3. തന്റെ ജീവിതകാലം എങ്ങനെയായിരിക്കണമെന്നാണ് കവി ഇച്ഛിക്കുന്നത്?

[ഇംഗ്ലീഷിലെ മൂലകൃതി ഹൃദിസ്ഥമാക്കുവാൻ ശ്രമിക്കുക]

പാഠം 22

## ജോർജ്ജ് സ്റ്റീഫെൻസൺ

ഉന്നതവും സമ്പത്സമൃദ്ധവുമായ കുടുംബത്തിൽ ജനിച്ചുവളരുന്നവരുടെ ഉയർച്ചയിൽ ആർക്കും അത്ഭുതം തോന്നാറില്ല. എന്നാൽ, ദാരിദ്ര്യത്തിൽ വളർന്നു സാമാന്യവിദ്യാഭ്യാസത്തിനുപോലും സൗകര്യം ലഭിക്കാത്തവർ അക്ഷീണപരിശ്രമംകൊണ്ടു ശാശ്വതയശസ്സു സമാർജ്ജിക്കുമ്പോൾ ആർക്കാണു് അത്ഭുതം തോന്നാത്തതു്? രണ്ടാമതു പറയപ്പെട്ടവരുടെ കൂട്ടത്തിലാണു് ജോർജ്ജ് സ്റ്റീഫെൻസൺ.

ജോർജ്ജ് സ്റ്റീഫെൻസൺ 1781—ൽ ഒരു ചെററക്കുടിലിൽ ജനിച്ചു. ജോർജ്ജിന്റെ അച്ഛൻ ഒരു ആട്ടിടയന്റെ പുത്രനായിരുന്നു. അദ്ദേഹം തൊഴിൽ തേടിയാണു് ഇംഗ്ലണ്ടിലേക്കു വന്നതു്. അച്ഛനും അമ്മയും നിത്യാദ്ധ്വാനം ചെയ്തു് ആ കുടുംബം പുലർത്തിപ്പോന്നു. ആറു മക്കളുടെ കൂട്ടത്തിൽ രണ്ടാമനായിരുന്നു ജോർജ്ജ്. ദാരിദ്ര്യം നിമിത്തം ഈ കുട്ടികൾക്കാർക്കും അക്ഷരപരിജ്ഞാനംപോലും ലഭിക്കാനിടവന്നില്ല.

അച്ഛനു തൊഴിൽശാലയിലേക്കു ഭക്ഷണം കൊണ്ടുപോകുക, താഴെയുള്ള കുട്ടികളെ നോക്കുക എന്നീ ജോലികൾപോലും ബാല്യത്തിലേ ജോർജ്ജിനു വഹിക്കേണ്ടിവന്നു. വീട്ടിലേക്കാവശ്യമുള്ള സാധനങ്ങൾ ചന്തയിൽനിന്നു വാങ്ങിക്കൊണ്ടുവരുവാനും ജോർജ്ജിനെയാണു് നിയോഗിച്ചിരുന്നതു്. ഒരു ദിവസം ചന്തക്കു പോയപ്പോൾ തന്റെ സഹോദരിയേയും ജോർജ്ജ് കൂടെക്കൊണ്ടുപോയി. ചന്തയിൽ കണ്ട ഒരു തൊപ്പി സഹോദരിയെ ആകർഷിച്ചു. എന്നാൽ, അതിനു പണം തികഞ്ഞില്ല. ജോർജ്ജ് നിരാശനായില്ല. സഹോദരിയെ അവിടെ നിർത്തി അവൻ എങ്ങോട്ടോ ഓടിപ്പോയി. നേരം അസ്തമിച്ചു. എല്ലായിടത്തും ഇരുട്ടു വ്യാപിച്ചു. ജോർജ്ജ് മടങ്ങി വന്നിട്ടില്ല. പാവം പെൺകുട്ടി. അവൾ പേടിച്ചുവിറയ്ക്കുകയാണു്. അപ്പോഴതാ ജോർജ്ജ് സന്തോഷത്തോടെ ഓടിവരുന്നു. തികയാത്ത പണം സമ്പാദിക്കാൻവേണ്ടി അവൻ ഒരാളുടെ കുതിരക്കു കാവൽ നില്ക്കുകയായിരുന്നു അതുവരെ. അങ്ങനെ തൊപ്പിയും വാങ്ങി അവർ വീട്ടിലേക്കു മടങ്ങി.

എട്ടു വയസ്സിൽ ജോർജ്ജ് ജോലിയിൽ പ്രവേശിച്ചു. പശുവിനെ മേയ്ക്കലായിരുന്നു തൊഴിൽ. ആൾ മുതിർന്നപ്പോൾ കുതിരകളെ മേയ്ക്കുന്ന ജോലിയിലേക്കു കയററം കിട്ടി. രാവിലെ ആറു

മണിക്ക പോകും. രാത്രിയേ തിരിച്ചെത്തുള്ളൂ. രണ്ടു നാഴിക നടക്കണം.

പതിന്നാലു വയസ്സായപ്പോൾ ജോർജ്ജിനു്, ഒരു യന്ത്രശാലയിൽ ജോലി കിട്ടി. മൂന്നു കൊല്ലം അങ്ങനെ കഴിഞ്ഞു. അപ്പോഴേയ്ക്കും ഒരു ചെറിയ ജലയന്ത്രത്തിന്റെ ചുമതല വഹിക്കുവാൻ നിയമിക്കപ്പെട്ടു. തന്നെ ഏല്പിച്ച ഏതു ജോലിയും വളരെ ആത്മാർത്ഥമായി ചെയ്തിരുന്നു ജോർജ്ജ്.

ഇതിനിടയിൽ, ആവിയന്ത്രത്തിന്റെ ഉപജ്ഞാതാവായ ജോണിനെപ്പററി ജോർജ്ജ് പലതും കേട്ടിരുന്നു. യന്ത്രങ്ങളെപ്പററിയുള്ള പുസ്തകങ്ങൾ വായിക്കാൻ ജോർജ്ജിനു് ആഗ്രഹം തോന്നി. എന്നാൽ, വായിക്കാനറിയാതെ എന്തു ചെയ്യും? ഉടനെ അയാൾ ഒരു നിശാപാഠശാലയിൽ ചേർന്നു. ഒഴിവു കിട്ടുമ്പോഴൊക്കെ കണക്കു ചെയ്തു ശീലിച്ചും പുസ്തകങ്ങൾ വായിച്ചും ജോർജ്ജ് ആവുന്നത്ര വിജ്ഞാനം നേടിപ്പോന്നു. ആയിടയ്ക്കു് ഒരു വിവാഹവും നടത്തി.

ഭാര്യയൊന്നിച്ചു് ഒരു കൊച്ചുവീട്ടിൽ താമസിക്കുകയായിരുന്നു ജോർജ്ജ്. ഒരു ദിവസം വീടിനു തീ പിടിച്ചു. അയൽവാസികളുടെ സഹായത്തോടുകൂടി തീ കെടുത്തിയെങ്കിലും ജോർജ്ജിന്റെ ക്ലോക്കിനു സാരമായ കേടുപററി. മുമ്പു പരീക്ഷിക്കാത്തതാണെങ്കിലും അയാൾ അതഴിച്ചു കേടു തീർത്തു. അതിനുശേഷം ക്ലോക്കു കേടു തീർക്കലും ജോർജ്ജിന്റെ ഒരു ഉപതൊഴിലായി. ഉടുപ്പു തുന്നുക, പാദരക്ഷ കേടുതീർക്കുക മുതലായവയും ജോർജ്ജ് ഉപതൊഴിലുകളാക്കിയിരുന്നു.

ഇതിനിടയിൽ ജോർജ്ജിനു് ഒരാൺകുട്ടി ജനിച്ചു. എന്നാൽ, അടുത്ത കൊല്ലം ഭാര്യ മരിച്ചു. അപ്പോഴേയ്ക്കും അച്ഛനു കണ്ണു കാണാതായി. അതുകൊണ്ടു് അച്ഛനമ്മമാരെ രക്ഷിക്കേണ്ട ചുമതലയും ജോർജ്ജിനു വഹിക്കേണ്ടി വന്നു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഒരു ഭാഗ്യം ജോർജ്ജിനെ തുണച്ചു. പലരും കൈയൊഴിച്ച ഒരു യന്ത്രം ജോർജ്ജ് കേടു തീർത്തു. ഉടനെ ആ യന്ത്രശാലയിൽ ഉത്തരവാദപ്പെട്ട ജോലിയിൽ അദ്ദേഹം നിയമിതനായി.

ആയിടയിൽ കല്ക്കരിഖനികളിൽ തീപിടുത്തവും കൂട്ടമരണവും സാധാരണമായിരുന്നു. ഒരു നിവാരണമാർഗ്ഗം കണ്ടെത്താൻ ആർക്കും കഴിഞ്ഞില്ല. ജോർജ്ജിന്റെ ശ്രദ്ധ അങ്ങോട്ടു തിരിഞ്ഞു. തന്റെ

ബുദ്ധിശക്തിയുപയോഗിച്ച് ഒരു 'രക്ഷാദീപം' അദ്ദേഹം കണ്ടു പിടിച്ചതു ശാസ്ത്രലോകത്തിലേക്ക വലിയൊരു സംഭാവനയായി. ഇതിന് 1,000 പവൻ സമ്മാനവും നേടി.

ഇതിനിടയിൽ ആവിശക്തി ഉപയോഗിച്ചുള്ള വാഹനങ്ങളും മരംകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള റെയിൽപ്പാതകളും നിർമ്മിക്കാൻ പലരും ശ്രമിച്ചുകൊണ്ടിരുന്നു. ഒന്നും ഫലപ്രദമായില്ല. എന്നാൽ, ജോർജ്ജ് ഒരു വാഹനമുണ്ടാക്കി. 1814-ൽ അതു് പുറത്തിറക്കിയപ്പോഠം ആളുകഠം അത്ഭുതപ്പെട്ടുപോയി. മണിക്കൂറിൽ നാലു നാഴിക വേഗത്തിലേ അതു സഞ്ചരിച്ചുള്ളുവെങ്കിലും ആശ്ചര്യ വക നൽകി.

പരീക്ഷണങ്ങഠം പിന്നേയും തുടന്നു. എന്നാൽ, ഇത്തരം സംരംഭങ്ങളിൽ പണമിറക്കാൻ ധൈര്യമുള്ളവരുടെ പിന്തുണയാണാവശ്യം. അതില്ലാത്തതായിരുന്നു ജോർജ്ജിനെ ബന്ധിച്ചിരുന്ന പ്രശ്നം. 1882-ൽ പീസ് എന്നൊരു വർത്തകനുമായി ജോർജ്ജിനു പരിചയപ്പെടാനിടവന്നു. ജോർജ്ജ് ഉണ്ടാക്കിയ ആവിശക്തി വാഹനം കണ്ടപ്പോഠം അദ്ദേഹത്തിനു വളരെ കൗതുകം തോന്നി.

ഏതാനും നാഠം കഴിഞ്ഞപ്പോഠം ഒരാഠം എഞ്ചിനീയർ സ്റ്റീഫെൻസണെ അന്വേഷിച്ചുവന്നു. എഞ്ചിനീയർ എന്ന നിലയ്ക്കുള്ള ഒരു സ്റ്റീഫെൻസണെ അവിടെ ആക്കും പരിചയമില്ലായിരുന്നു. എന്നാൽ ആ സന്ദേശവാഹകൻ അന്വേഷിച്ചതു ജോർജ്ജ് സ്റ്റീഫെൻസണെത്തന്നെയാണ്. ഒരു റെയിൽപ്പാത പണിയേണ്ടതിനെപ്പററി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാനുള്ള ജോലിക്കല്പനയും കൊണ്ടു വന്നതായിരുന്നു അയാഠം.

ആറാഴ്ചകൊണ്ടു പാതയുടെ പണിക്കുള്ള പ്ലാൻ സ്റ്റീഫെൻസൺ തയ്യാറാക്കി. എഞ്ചിൻ നിർമ്മാണത്തിനു സ്വന്തമായി ഒരു സ്ഥാപനവുംകൂടി നടത്തണമെന്നു് അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, കൈവശമുണ്ടായിരുന്ന സ്വത്തു് ആയിരം പവനായിരുന്നു. പീസും അദ്ദേഹത്തിൻെറ ഒരു കൂട്ടുകാരനും സ്റ്റീഫെൻസണെ ഓഹരിയെടുത്തു സഹായിച്ചതിനാൽ ആ മനോരഥവും സഫലമാക്കാൻ സാധിച്ചു.

1825-ൽ സ്റ്റീഫെൻസൺ നിർദ്ദേശിച്ചപ്രകാരമുള്ള റെയിൽപ്പാതയുടെ ഉദ്ഘാടനം നടന്നു. അതു കാണാൻ നാനാദിക്കുകളിൽ നിന്നും ആളുകഠം തടിച്ചുകൂടി. സ്റ്റീഫെൻസൺ നിർമ്മിച്ച തീവണ്ടി ആ പാതയിൽക്കൂടി മണിക്കൂറിൽ പന്ത്രണ്ടുനാഴിക വേഗത്തിൽ ഓടിയ കാഴ്ച പ്രേക്ഷകരെ അത്ഭുതപ്പെടുത്തി. ''ഈ യുഗത്തിലെ

പ്രതിഭാശാലികളിൽ പ്രഥമഗണനനീയനാണ് സ്റ്റീഫെൻസൺ" എന്നു പലരും പ്രശംസിച്ചു.

ഇതിനുശേഷം പല എഞ്ചിനീയർമാരും സ്റ്റീഫെൻസന്റെ പുതിയ വാഹനം കാണാൻ വന്നു. വ്യവസായ കേന്ദ്രങ്ങളെ ഘടിപ്പിക്കുന്ന പുതിയ പല റയിൽപ്പാതകളും പണിയാൻ ആളുകൾക്ക് ഉത്സാഹമായി. ലിവർപൂളിൽനിന്നു മാഞ്ചെസ്റ്ററിലേയ്ക്ക് ഒരു റയിൽപ്പാത പണിയാൻ സ്റ്റീഫൻസണെ പ്രധാന എഞ്ചിനീയറായി നിയമിച്ചു.



ഈ പുതിയ റയിൽപ്പാതയിലേയ്ക്കുള്ള വാഹനത്തിനുവേണ്ടി യുണ്ടാക്കുന്ന ഏററവും നല്ല എഞ്ചിന് 500 പവൻ സമ്മാനം നൽകപ്പെടുമെന്നു പരസ്യം ചെയ്തിരുന്നു. സ്റ്റീഫെൻസണും അദ്ദേഹത്തിന്റെ പുത്രനുംകൂടി പല പരീക്ഷണങ്ങളും നടത്തി ''റോക്കററ്'' എന്നൊരു എഞ്ചിൻ ഉണ്ടാക്കി. വേറേയും ചില എഞ്ചിനുകൾ പ്രദർശനത്തിനു വന്നെങ്കിലും റോക്കററിനെ ജയിക്കാൻ അവയ്ക്കൊന്നും സാധിച്ചില്ല. മണിക്കൂറിൽ മുപ്പത്തഞ്ചു മൈൽ വേഗത്തിലോടി ഈ 'റോക്കററ്'.

സ്റ്റീഫെൻസന്റെ കീർത്തി ഇംഗ്ലണ്ടാസകലം വ്യാപിച്ചു. അക്ഷരജ്ഞാനം നേടാനുള്ള പരിതഃസ്ഥിതികൾ പോലുമില്ലാതെ, ബാല്യം മുതല്ക്കേ കൂലിപ്പണിചെയ്തു കുടുംബം പോററിപ്പോന്ന ജോർജ്ജ് ഇംഗ്ലണ്ടിലെ ബഹുമാന്യ വ്യക്തികളിലൊരാളായിത്തീർന്നു. ആത്മാർത്ഥമായ അത്യദ്ധ്വാനത്തിന്റെ ഫലമത്രേ ഈ പ്രശസ്തി. 1848-ൽ അദ്ദേഹം മരിക്കുമ്പോൾ ഇംഗ്ലണ്ടിൽ തീവണ്ടിപ്പാതകൾ പലേടത്തും നടപ്പായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. തന്റെ സങ്കല്പ

ങ്ങളെല്ലാം യാഥാർത്ഥ്യങ്ങളായിത്തീർന്നുവെന്ന ചാരിതാർത്ഥ്യത്തോടെയാണ് ഈ പരിശ്രമശാലി മൃതിയടഞ്ഞത്.

അഭ്യാസം

1. 'ജോർജ്ജ് ഒരു യന്ത്രശാലയിൽ നിയമിക്കപ്പെട്ടു'.—

ഈ വാക്യത്തിലെ ക്രിയ നോക്കുക. ക്രിയചെയ്യുന്നതു യന്ത്രശാലക്കാരും ഫലമനുഭവിക്കുന്നതു് ജോർജ്ജുമാണ്. എന്നാൽ, ജോർജ്ജ് (കർമ്മം) ഇവിടെ പ്രാധാന്യം വഹിക്കുന്നു. ഇങ്ങനെ കർമ്മത്തെ കർത്താവിനേക്കാൾ പ്രധാനമായി കല്പിക്കുന്നതിനു് കർമ്മണിപ്രയോഗം എന്നു പേർ.

'യന്ത്രശാലക്കാർ ജോർജ്ജിനെ ഒരു യന്ത്രശാലയിൽ നിയമിച്ചു' എന്നാക്കിയാൽ അതു കർത്തരിപ്രയോഗമാവും.

2. 'സ്റ്റീഫെൻസൺ നിർമ്മിച്ച തീവണ്ടി പ്രേക്ഷകരെ അത്ഭുതപ്പെടുത്തി' —ഈ വാക്യത്തിലെ അംഗവാക്യമായ 'സ്റ്റീഫെൻസൺ നിർമ്മിച്ച' എന്നതു 'തീവണ്ടി' എന്ന നാമത്തെ വിശേഷിപ്പിക്കുന്നതിനാൽ നാമവിശേഷണ വാക്യമാണ്.

3. ജോർജ്ജ് സ്വന്തം പരിശ്രമംകൊണ്ടു് ഉന്നതനായിത്തീർന്നതെങ്ങനെ ?

---

## പാഠം 23

## ഐക്യ ഗാഥ

[മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരുടെ ''മണിമഞ്ജൂഷ'' എന്ന പദ്യസമാഹാരത്തിലെ ഒരു കവിതയാണ് ഐക്യഗാഥ.]

ഇമ്മരത്തോപ്പിലെത്തത്തമണിക്കാററിന്റെ
മർമ്മര വാക്യത്തിന്നർത്ഥമെന്തോ ?
എന്നയൽക്കാരനിൽനിന്നു ഞാൻ ഭിന്നന-
ല്ലെ,ന്നങ്ങുനിന്നിതു വന്നുരയ്പൂ.

മാനത്തു വട്ടത്തിൽപ്പാറുമിപ്പക്ഷിതൻ
തേനൊലിഗ്ഗാനത്തിൻ സാരമെന്തോ ?
എന്നയൽനാട്ടിൽനിന്നെൻ നാടുവേറെയ-
ല്ലെന്നിതു രണ്ടും കണ്ടോതിടുന്നു.

തൻ തിരമാലതന്നൊച്ചയാലീയാഴി
സന്തതമെന്തോന്നു ഘോഷിക്കുന്നു ?
ഭൂഖണ്ഡമൊന്നിനൊന്നന്യമല്ലെന്നതി-
താകവേ തൊട്ടറിഞ്ഞോതിടുന്നു.

വ്യോമത്തിൽ നിന്നിടി ദുന്ദുഭി കൊട്ടിയി-
ക്കാർമുകിലെന്തോന്നു ഗജ്ജിക്കുന്നു ?
രണ്ടല്ല നാകവുമൂഴിയുമെന്നിതു
രണ്ടിന്നും മദ്ധ്യത്തിൽ നിന്നുരയ്പൂ.

മന്ദമെൻ ഹൃത്തതിൻ സ്പന്ദത്താൽ ചെയ്യുമീ-
മന്ത്രോപദേശത്തിൻ മമ്മമെന്തോ ?
അപ്പരബ്രഹ്മം താൻ ഞാനെന്നു കൂവുന്നു
രാപ്പകലെന്നോടെന്നന്തര്യാമി.

മണിമഞ്ജുഷ] [ഉള്ളൂർ

അഭ്യാസം

1. ഇലകളും അവയുടെ മമ്മരശബ്ദത്താൽ എന്തുപറയുന്നു എന്നാണു് കവി സങ്കല്പിക്കുന്നതു്?

2. ഇടിയാകുന്ന പെരുമ്പറനാദം എന്താണു് ഘോഷിക്കുന്നതു് ?

3. നമ്മുടെ ഹൃദയസ്പന്ദനം നമ്മെ എന്താണു് പറഞ്ഞു മനസ്സിലാക്കുന്നതു്?

4. ഈ കവിതയിൽനിന്നു നാം എന്താണു് ഗ്രഹിക്കേണ്ടതു്?

5. (a) പര്യായം പറയുക:—

കാററു്, ഇടി, തിരമാല, സമുദ്രം.

(b) പിരിച്ചെഴുതുക:—

മരത്തോപ്പു്; തേനൊലിഗ്ഗാനം; ഒന്നിനൊന്നന്യമല്ല; മന്ത്രോപദേശം; രാപ്പകൽ.

(c) ചേർത്തെഴുതുക:—

മണി+കാററു്; അത്ഥം+എന്തോ; ഈ+ആഴി.

---

പാഠം 24

## അന്തരീക്ഷം ശാന്തമായി

പണ്ടു് യൂറോപ്പിൽ നാടുവാഴി പ്രഭുക്കളുടെ മേധാവിത്വം നിലനിന്നിരുന്ന കാലത്തു് ജനസമ്മതനും സമാധാനപ്രിയനുമായൊരു പ്രഭുവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കനിഷ്ഠ സഹോദരൻ ഫ്രഡറിക്കു് ജ്യേഷ്ഠനോടു കലഹിച്ചു് അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കി

രാജ്യം കയ്യേറി. ശാന്തചിത്തനായ പ്രഭു ഏതാനും സുഹൃത്തുക്കളൊന്നിച്ച് ആർഡൻ എന്ന വനത്തിൽ ചെന്ന് സ്വൈരമായി ജീവിച്ചു.

രാജ്യഭ്രഷ്ടനായ പ്രഭുവിന്റെ ഉററമിത്രങ്ങളിൽ സർ റോളണ്ട് ഡി ബോയ് എന്നൊരാളുണ്ടായിരുന്നു. അദ്ദേഹത്തിന് ഒലിവർ, ഒർലന്തോ, ജാക്വെസ് എന്നിങ്ങനെ മൂന്ന് ആൺമക്കളുണ്ടായിരുന്നു. അവർക്കു പ്രായപൂർത്തി വരുന്നതുവരെ ജീവിക്കാൻ അച്ഛനു ഭാഗ്യമുണ്ടായില്ല. മരിക്കുന്ന കാലത്ത് ഒലിവർക്ക് മാത്രമേ പ്രായപൂർത്തി വന്നിരുന്നുള്ളു. തന്നിമിത്തം എല്ലാ സ്വത്തുക്കളും ഒലിവർക്ക് വിട്ടുകൊടുക്കുകയാണുണ്ടായത്. ഒർലന്തോവിന് ആയിരം ക്രൗൺ മാത്രമേ നീക്കിവെച്ചിരുന്നുള്ളു. എന്നാൽ കനിഷ്ഠ സഹോദരന്മാർക്കു നല്ല വിദ്യാഭ്യാസം നല്കി അന്തസ്സിനൊത്തപടി വളർത്താനുള്ള ഭാരവും കൂടി ഒലിവറെ ഏല്പിച്ചിരുന്നു. പിതാവിന്റെ ഈ നിശ്ചയം ജാക്വെസ്സിന്റെ കാര്യത്തിൽ മാത്രമേ ഒലിവർ ശരിയായി പാലിച്ചുള്ളു. ഒർലന്തോവിന് ഒരു വിദ്യാഭ്യാസവും നല്കിയില്ല. ഈ കാരണത്താൽ പ്രായപൂർത്തി വന്നതോടെ ഒർലന്തോ തന്റെ ഓഹരി ആവശ്യപ്പെട്ടു. ജ്യേഷ്ഠന്റെ മർദ്ദനങ്ങൾക്കടിമപ്പെടാതെ വല്ലേടത്തും പോയി സ്വൈരമായി ജീവിക്കാമെന്നായിരുന്നു അയാളുടെ ലക്ഷ്യം.

പണം കൈവിടാൻ ഒലിവർക്കു സമ്മതമുണ്ടായിരുന്നില്ല. വല്ലവിധത്തിലും സഹോദരന്റെ കഥ കഴിക്കണമെന്നായിരുന്നു അയാളുടെ ലക്ഷ്യം. ഇതിനായി ഒരു ഗുസ്തിക്കാരനെ ഏർപ്പാടു ചെയ്തു. അയാൾ വന്ന് ഒർലന്തോവിനെ മല്ലയുദ്ധത്തിനു വിളിക്കും. നാട്ടുനടപ്പനുസരിച്ച് ഒർലന്തോ അതിനു സമ്മതിക്കും. മല്ലയുദ്ധത്തിൽ മരിക്കുകയും ചെയ്യും. ഇതെല്ലാമായിരുന്നു ഒലിവറുടെ മനോരഥം.

മല്ലയുദ്ധത്തിനു വേണ്ട ഒരുക്കങ്ങളെല്ലാം പൂർത്തിയായി. പലരും ആ സമരം കാണാൻ വന്നെത്തി. പുതിയ നാടുവാഴിയായ ഫ്രഡറിക്കിന്റെ മകൾ സീലിയായും അവളുടെ കൂട്ടുകാരിയും സ്ഥാനഭ്രഷ്ടനായ പ്രഭുവിന്റെ പുത്രിയുമായ റോസലിൻറും പ്രേക്ഷക സദസ്സിൽ സന്നിഹിതരായിരുന്നു. യുവാവായ ഒർലന്തോ ആ ഭീമകായനായ മല്ലനോടു പോരാടുന്ന സാഹസം റോസലിൻറിനു പൊറുക്കാൻ കഴിഞ്ഞില്ല. ഈ സാഹസത്തിൽ ചെന്നു തലയിടാതിരിക്കണമെന്ന് അവൾ ഒർലന്തോവിനോടപേക്ഷിച്ചു. എന്നാൽ, ഒരു യുവതിയുടേതായ ഈ അപേക്ഷ ഒർലന്തോവിനെ കൂടുതൽ ഉത്സാഹഭരിതനും ആത്മവിശ്വാസിയു

മാക്കിത്തീൎക്കുകയാണു് ചെയ്തതു്. അയാൾ പൊരുതി, മല്ലനെ ജയിക്കയും ചെയ്തു.

മല്ലയുദ്ധത്തിൽ ജയിച്ചതു തന്റെ വിരോധിയുടെ പുത്രനാണെന്നറിഞ്ഞപ്പോൾ ഫ്രഡ്റിക്കിനു സുഖമായില്ല. എന്നാൽ റോസലിൻറ് വളരെ സന്തുഷ്ടയായി. അഭിനന്ദനത്തിന്റെ അടയാളമായി അവൾ തന്റെ കഴുത്തിൽ കിടന്നിരുന്ന മാലയൂരി ഒർലന്തോവിനു സമ്മാനിക്കയും ചെയ്തു. ഈ കൃത്യം പ്രഭുവിനു രസിച്ചില്ല. അന്നുതന്നെ അദ്ദേഹം റോസലിൻറിനോടു കൊട്ടാരം വിട്ടു പുറത്തു പൊയ്ക്കൊള്ളണമെന്നു കല്പിച്ചു.

അച്ഛന്റെ അന്യായമായ ഈ കല്പന സീലിയയ്ക്കു രസിച്ചില്ല. ബാല്യം മുതല്ക്കു ഒന്നിച്ചു വളൎന്ന റോസലിൻറിനെ വിട്ടു പിരിയാൻ അവൾക്കു സമ്മതമുണ്ടായിരുന്നില്ല. അതുകൊണ്ടു് രണ്ടുപേരും ഒന്നിച്ചുതന്നെ നാടുവിട്ടുപോകാൻ നിശ്ചയിച്ചു. റോസലിൻറു് ഒരിടയന്റേയും സീലിയ ഇടച്ചിയുടേയും വേഷം ധരിച്ചു് ആൎഡൻവനത്തെ ലക്ഷ്യമാക്കി യാത്രയായി. ടച്ച്സ്റ്റോൺ എന്നൊരു കോമാളിയേയും കൂടെ കൊണ്ടുപോയി.

ഇനി ഒർലന്തോവിനെ സമീപിക്കാം. മല്ലയുദ്ധം കഴിഞ്ഞു് വിജയശ്രീലാളിതനായി അയാൾ സഹോദരഗൃഹത്തിലേക്കു വരുന്നവഴി തന്റെ പിതാവിന്റെ ഒരു വിശ്വസ്തസേവകനായിരുന്ന ആഡം എന്ന വൃദ്ധനെ കണ്ടു. ഒലിവറിന്റെ കുതന്ത്രങ്ങൾ പൊറുത്തുകൊണ്ടു് അവിടെ തന്നെ കഴിച്ചുകൂട്ടുന്നതു് ആപത്കരമാണെന്നു് ആഡം ഉപദേശിച്ചു. തന്റെ ചിരകാല സമ്പാദ്യമായി അഞ്ഞൂറു ക്രൌൺ ഉണ്ടെന്നും അതുകൊണ്ടു് രണ്ടുപേൎക്കും കൂടി എത്രയും വേഗം നാടുവിട്ടു് കാട്ടിൽ അഭയം തേടാമെന്നും ആഡം അഭിപ്രായപ്പെട്ടു. ഒർലന്തോ അതു സമ്മതിച്ചു് അന്നു തന്നെ യാത്ര പുറപ്പെട്ടു.

വേഷപ്രച്ഛന്നരായി പുറപ്പെട്ട റോസലിൻറും സീലിയയും വനത്തിലെത്തി; ഒരു കുടിലിൽ അവൎക്കു് അഭയം ലഭിച്ചു. എന്നാൽ ഒരു കാൎയ്യം അവരെ അത്ഭുതപ്പെടുത്തി. വനവൃക്ഷങ്ങളുടെ കൊമ്പുകളിലെല്ലാം റോസലിൻറിനെ സംബോധനചെയ്തുകൊണ്ടുള്ള പ്രേമഗാനങ്ങൾ എഴുതി തൂക്കിയിട്ടിരിക്കുന്നു. ഈ ഗായകനെ അന്വേഷിച്ചു നടന്ന സീലിയ അവസാനം അതു് ഒർലന്തോവാണെന്നു മനസ്സിലാക്കി. പുരുഷവേഷം ധരിച്ചിരുന്ന റോസലിൻറ് ആ ചെറുപ്പക്കാരനെ അലട്ടിയിരുന്ന ഈ സുഖക്കേടിനു് ഒരു പ്രതിവിധി കണ്ടെത്തി. ഒർലന്തോ പ്രതിദിനം അവരുടെ കുടിലിൽ ചെല്ലണം. റോസലിൻറാണെന്നു

സങ്കല്പിച്ച തന്നോട്ട് സംസാരിക്കണം. ഇത്രയും ചെയ്താൽ അസ്വാസ്ഥ്യം തീരും. ഇതായിരുന്നു ചികിത്സ. ശുദ്ധഹൃദയനായ ആ ചെറുപ്പക്കാരൻ അതു സമ്മതിക്കുകയും ചെയ്തു.

ഇതിനിടയിൽ ഒലിവറിനും കഷ്ടദശ നേരിട്ടു. തന്റെ കൊട്ടാരത്തിൽനിന്ന് ഒളിച്ചോടിപ്പോയ യുവതികൾക്കും ഒർലന്തോവിനും അഭയം നല്കീട്ടുള്ളത് അയാളാണെന്ന് ഫ്രഡറിക്ക് സംശയിച്ചു. അയാൾ ഒർലന്തോവിനെ കൊല്ലാൻ പ്രയോഗിച്ച തന്ത്രമൊന്നും അദ്ദേഹം മനസ്സിലാക്കിയില്ല. അതുകൊണ്ട് ഈ തെററിദ്ധാരണ ഏററവും സ്വാഭാവികമായിരുന്നു. എന്തിനധികം ? ഒലിവറും രാജ്യഭ്രഷ്ടനാക്കപ്പെട്ടു. മററുള്ളവരെപ്പോലെ അയാൾക്കും കാട്ടിലേക്കുതന്നെ പോകേണ്ടിവന്നു.

കാട്ടിൽവെച്ച് ഒരു സംഭവമുണ്ടായി. ഒരു സിംഹം ഒലിവറെ ആക്രമിക്കുവാൻ ചെന്നു. ഒർലന്തോ ഇതു കണ്ടു. തന്നെ ദ്രോഹിച്ചതിനു പകരം ചോദിക്കാവുന്ന ഒരവസരമായിരുന്നെങ്കിലും അയാൾ ജീവനെപ്പോലും വകവയ്ക്കാതെ സഹോദരനെ രക്ഷിച്ചു. കനിഷ്ഠസഹോദരന്റെ ഈ മഹാമനസ്കത കണ്ടപ്പോൾ ഒലിവർ ലജ്ജിച്ചു. ചെയ്ത തെററിനെ ഓർത്ത് അപ്പോഴാണ് അയാൾ പശ്ചാത്തപിച്ചത്. അങ്ങനെ, ആ സഹോദരന്മാർ തങ്ങളുടെ ബന്ധം അന്വർത്ഥമാക്കി.

സിംഹത്തിനോടുള്ള പോരിൽ പരുക്കേററ ഒർലന്തോവിന് പതിവുപോലെ റോസലിൻറിന്റെ കുടിലിൽ പോകാൻ അന്നു ശേഷിയുണ്ടായിരുന്നില്ല. വിവരം ധരിപ്പിക്കാനായി ഒലിവറെ തന്നെ അങ്ങോട്ടയച്ചു. ഒലിവർ സീലിയായിൽ പ്രണയബദ്ധനായി.

സ്ഥാനഭ്രഷ്ടനായി വനത്തിൽ താമസിച്ചിരുന്ന പ്രഭുവിനെ ഇതിനിടയിൽ, അവർ കണ്ടുമുട്ടി. ഒലിവറും സീലിയായും, തമ്മിലുള്ള വിവാഹം പ്രഭുവിന്റെ സന്നിധിയിൽവെച്ച് ആഘോഷിക്കാൻ തീരുമാനിച്ചു. അന്നേദിവസം തന്നെ ഒർലന്തോവിന്റെ വിവാഹവും നടത്താവുന്നതാണെന്ന് പുരുഷവേഷധാരിയായ റോസലിൻറ് ഏററു. എല്ലാവരും യഥാസമയം പ്രഭുവിന്റെ സദസ്സിൽ സമ്മേളിച്ചു. അപ്പോഴേയ്ക്കും റോസലിൻറും സ്വന്തം വേഷത്തിൽ അവിടെ വന്നെത്തി. ഒരു ജാലവിദ്യപോലെ നടന്ന ഈ കാഴ്ച ഒർലന്തോവിനെ അദ്ഭുതപരതന്ത്രനാക്കി. പ്രഭുവിനാകട്ടേ, സ്വന്തം പുത്രിയെ കണ്ടപ്പോഴുണ്ടായ സന്തോഷം വാചാമഗോചരമായിരുന്നു.

ഇതിനിടയിൽ ഫ്രഡറിക്ക് കോപാന്ധനായി കാട്ടിലേയ്ക്കു പുറപ്പെട്ടു. സ്ഥാനഭ്രഷ്ടനായ സ്വന്തം സഹോദരനെ നിഗ്രഹിക്കണമെന്നായിരുന്നു തീരുമാനം. എന്നാൽ, വഴിക്കുവെച്ച് ഒരു വൃദ്ധനെ കണ്ടുമുട്ടി. അദ്ദേഹം പ്രഭുവിൻെറ ഈ ക്രൂരകൃത്യത്തെ കശ്ശനമായി ആക്ഷേപിച്ച് അയാളെ മാനസാന്തരപ്പെടുത്തി. ഈ മനഃപരിവത്തനത്തിൻെറ ഫലമായി അദ്ദേഹം അനന്തരകാലജീവിതം ആദ്ധ്യാത്മിക മാർഗ്ഗത്തിലേക്കു നയിക്കാനും കയ്യേററം ചെയ്ത സ്വത്തുക്കൾ മൂത്ത സഹോദരനുതന്നെ വിട്ടുകൊടുക്കാനും തീരുമാനിച്ചു. മാനസാന്തരം സംഭവിച്ച ഒലിവറും ഒർലന്തോവിൻെറ ഓഹരി തിരിയെ കൊടുത്തു. അങ്ങനെ എല്ലാ വിദ്വേഷങ്ങളും തീന്നു് അന്തരീക്ഷം ശാന്തമായി.

## അഭ്യാസം

1. 'യൂറോപ്പിൽ നാടുവാഴി പ്രഭുക്കളുടെ മേധാവിത്വം നിലനിന്നിരുന്ന കാലത്തു ജനസമ്മതനായൊരു പ്രഭുവുണ്ടായിരുന്നു' ജനസമ്മതനായ ഒരു പ്രഭുവുണ്ടായിരുന്നതു് 'എപ്പോൾ' എന്ന ചോദ്യത്തിനു സമാധാനമാണു് 'നാടുവാഴി പ്രഭുക്കളുടെ മേധാവിത്വം നിലനിന്നിരുന്ന കാലത്തു്'' എന്ന അംഗവാക്യം അതു് ഉണ്ടായിരുന്നു എന്ന ക്രിയയെ വിശേഷിപ്പിക്കുന്നതിനാൽ 'ക്രിയാവിശേഷണ വാക്യ'മാണു്.

2. ഈ സാഹസത്തിൽ ചെന്നു തലയിടാതിരിക്കണമെന്നു് അവൾ ഒർലന്തോവിനോടപേക്ഷിച്ചു. ഇവിടെ കീഴ്വരയിട്ട അംഗവാക്യം അപേക്ഷിച്ച് എന്ന ക്രിയയുടെ കമ്മമാണു്. അത്തരം വാക്യത്തിനു 'നാമവാക്യം' എന്നു പേർ.

3. (i) മല്ലയുദ്ധത്തിൽ ജയിച്ചതു തൻെറ വിരോധിയാണെന്നറിഞ്ഞപ്പോൾ ഫ്രഡറിക്കിനു സുഖമായില്ല.

   (ii) കനിഷ്ഠസഹോദരൻെറ ഈ മഹാമനസ്കത കണ്ടപ്പോൾ ഒലിവർ ലജ്ജിച്ചു.

   (അംഗിവാക്യവും അംഗവാക്യവും തരംതിരിക്കുക.)

4. ഈ പാഠത്തിലെ കഥ ചുരുക്കി എഴുതുക.

---

## പാഠം 25

# കളിക്കൊട്ട

[ശ്രീമതി ബാലാമണിയമ്മയുടെ 'കളിക്കൊട്ട' എന്ന പദ്യ സമാഹാരത്തിലെ ഒരു കവിതയാണ് 'കളിക്കൊട്ട'. കളിത്തോഴി വന്നപ്പോൾ ഉണ്ണി കളിസ്സാമാനങ്ങൾ എല്ലാം മുമ്പിൽ നിരത്തി. പാവ, പന്ത്, പട്ടുനാട, ഉടഞ്ഞവണ്ടി തുടങ്ങി പലതും ഉണ്ടായിരുന്നു. മുതിർന്നവർക്ക് അവയൊക്കെ കൊള്ളരുതാത്ത വസ്തുക്കളാണ്. എന്നാൽ ആ പിഞ്ചുഹൃദയങ്ങൾക്കോ, ആരാധനാ വസ്തുക്കളും.]

അന്നുഷസ്സിലതിഥിയായ്ത്തൻ വീട്ടിൽ
വന്നൊരക്കൊച്ചു തോഴിക്കു കാണിക്കാൻ,
ഉണ്ണി മച്ചിലേക്കോടി ശ്രമാൽകൊണ്ടു–
വന്നു വാരുററ തൻകളിക്കൊട്ടയെ.

*          *          *          *

ഉണ്ടതിൽപ്പലേ സാധനം, നാം സദാ
കണ്ടുപോന്നതും പണ്ടുകാണാത്തതും.
ഊനമാർന്നവയെങ്കിലുമെന്നുടേ-
താണെനിക്കിഷ്ടവസ്തുക്കളാണവ.
പോര പോര ഞാൻ ശ്രദ്ധമാരാധിച്ചു
പോരുമീശ്വര ബിംബങ്ങളാണവ.

നീയെടുക്കുന്നു, നോക്കുന്നു സസ്മിതം,
നീയവയെത്തൊടുന്നു, തലോടുന്നു.
എന്നിലുൻമദം ചേർക്കുന്നു നിൻപ്രീതി ;
നിന്നനുഭാവം, നിന്നഭിനന്ദനം !
ഒന്നുമില്ലിതിൽ ക്കൊള്ളാവതെന്നല്ലീ
നിന്നു പുഞ്ചിരിക്കൊൾവൂ മുതിർന്നവർ ?
തമ്മിലാമന്ത്രിക്കുന്നു നാ, ''മിന്നിധി-
തൻമഹത്വമറിവീല പാവങ്ങൾ ! ''

കളിക്കൊട്ട]                                        [ബാലാമണിയമ്മ

GOVT. HIGH SCHOOL
Date..............
KOTTAYAM.

### അഭ്യാസം

1. ഉണ്ണി കളിക്കൊട്ടയെടുക്കാൻ ബദ്ധപ്പെട്ടതെന്തിന് ?
2. കളിക്കൊട്ടയ്ക്കകത്ത് എന്തെല്ലാമാണ് ഉണ്ടായിരുന്നത് ?

3. കളിക്കൊട്ടയ്ക്കകത്തുള്ള സാധനങ്ങളെക്കുറിച്ച് മുതിന്നവക്കുണ്ടായിരുന്ന മനോഭാവമെന്തു് ?

4. (a) പിരിച്ചെഴുതുക:—

ഒന്നുമില്ലിതിൽ; മഹത്വമറിവീല

(b) 'ആതിഥ്യം നൽകുന്നവൻ'—ഒററവാക്കു പറയുക.

---

## പാഠം 26

# ഭക്തകുചേലൻ

### രംഗം 1

[കുചേലൻെറ ഭവനം. കുചേലപത്നി വിഷാദഗ്രസ്തയായി താടിക്കു കൈയും കൊടുത്തു കാൽനീട്ടി ഉമ്മറത്തിരിക്കുന്നു.]

കുചേലപത്നി :—[വിചാരം] ഈശ്വര ! ഈ ദാരിദ്ര്യം എന്നെങ്കിലും അവസാനിക്കുമോ ? എത്ര നാളായി ഇങ്ങനെ ക്ലേശിച്ചു ജീവിക്കുന്നു ! ഈശ്വരൻ ദയാവാരിധിയാണെന്നു് എല്ലാവരും പറയുന്നു. പക്ഷേ, ഞാനെങ്ങനെ അതു വിശ്വസിക്കും ? ഒന്നും അറിയാത്ത എൻെറ കുട്ടികളെ അദ്ദേഹം എന്തിനിങ്ങനെ കഷ്ടപ്പെടുത്തുന്നു ? അവർ ഒരു പാപവും ചെയ്തിട്ടില്ലല്ലോ ! ....നടക്കട്ടെ; നടക്കട്ടെ. വിഷ്ണുഭക്തനായ സുദാമ ബ്രാഹ്മണൻെറ കുടുംബം വിശന്നു മരിക്കണമെന്നായിരിക്കാം വിധി. [ചിന്താമഗ്നയായിരിക്കുന്നു.]

[സോമനും രാധയും പ്രവേശിക്കുന്നു. എട്ടും ആറും വയസ്സു പ്രായം]

സോമൻ :—അമ്മേ ! അമ്മേ !

കുചേലപത്നി :—എന്തുവേണം സോമാ ?

സോമൻ :—രാധയ്ക്കു വിശക്കുന്നു ? അമ്മേ !

കു: പത്നി :—രാധയ്ക്കേ വിശപ്പുള്ളു ? നിനക്കു വിശപ്പില്ലേ ?

രാധ :—സോമൻ ചേട്ടനും വിശപ്പുണ്ടു്, അമ്മേ !

കു : പത്നി :—ശരി ; എൻെറ മക്കൾ ചെന്നു കിടക്കിൻ.

സോമ :—കിടന്നിട്ടു് ഉറക്കം വരുന്നില്ല, അമ്മേ !

കു : പത്നി :—[വിചാരം] എങ്ങനെ ഉറക്കം വരും ? ഈ കുട്ടികൾ അന്നം കണ്ടിട്ടു രണ്ടായി ദിവസം.

രാധ :—ഇന്നും ചോറു വെച്ചില്ലേ അമ്മേ ?

സോമ :—ചോറില്ലെങ്കിൽ കഞ്ഞി മതി അമ്മേ !

കു : പത്നി :—[വിചാരം] ശരിയാണു്; വിശക്കുന്നവക്കു കഞ്ഞിയും അമൃതാണു്. പക്ഷേ, കഞ്ഞിക്കും വേണ്ടേ അരി ?

രാധ :—കഞ്ഞി വെച്ചില്ലേ അമ്മേ ?

കു : പത്നി :—അരി കിട്ടിയാൽ വെച്ചാം മകളെ !

സോമ :—നമുക്കു മാത്രം എന്താണമ്മേ അരി കിട്ടാത്തതു് ?

രാധ :—തെക്കേതിലെ ഭാമയുടെ വീട്ടിൽ പെട്ടി നിറച്ചു് അരിയുണ്ടു്.

കു : പത്നി :—ഇരിക്കട്ടെ മകളെ !

സോമ :—ഭാമയുടെ അച്ഛനാണു് അരി കൊണ്ടുവന്നതു്.

രാധ :—നമ്മുടെ അച്ഛൻ വരുമ്പോൾ നമുക്കും കൊണ്ടുവരില്ലേ അരി ?

കു : പത്നി :—കൊണ്ടുവരും മകളെ, കൊണ്ടുവരും. എൻെറ മക്കൾ ചെന്നു കിടക്കിൻ. ഒരു മണിക്കൂർ കഴിഞ്ഞാൽ ഞാൻ വിളിക്കാം. അച്ഛൻ അപ്പോഴേയ്ക്കും വരും.

സോമ :—അതെ, അതെ, അമ്മ സൂത്രം പറഞ്ഞു ഞങ്ങളെ ഉറക്കാൻ നോക്കുകയാണു്. എനിക്കറിയാം അമ്മയുടെ വിദ്യ.

രാധ :—അതെ, സോമൻ ചേട്ടാ, ഇങ്ങനെ പറഞ്ഞു് ഇന്നലെ രാത്രി നമ്മൾ ഉറങ്ങി.

കു : പത്നി :—ഇന്നലെ അങ്ങനെ പററിപ്പോയി. ഇന്നു തീച്ചയായും അച്ഛൻ വരും; എന്തെങ്കിലുമൊക്കെ കൊണ്ടുവരും. എൻെറ മക്കൾക്കു ഞാൻ എല്ലാം തരാം.

രാധ :—തീച്ച—?

കു : പത്നി :—തീച്ച.

സോമ :—എൻെറ രാധേ ! നീ ഇത്ര വിഡ്ഢിയാണല്ലോ !

കു : പത്നി :—എൻെറ മക്കൾ ഇന്നുംകൂടി ഞാൻ പറയുന്നതു കേൾക്കിൻ.

സോമ :—ശരി, കേറംക്കാം. ഒരു മണിക്കൂർ കഴിഞ്ഞാൽ ഞങ്ങളെ വിളിക്കണം. ഏററില്ലേ ?

കു : പത്നി :—ഏററു.

സോമ :—സത്യം ചെയ്യു.

കു : പത്നി :—ഇതിനും വേണമോ സത്യം ? എന്നെ വിശ്വസിച്ചു കൂടെ ?

രാധ :—വരു ചേട്ടാ, അമ്മ വിളിക്കും.

സോമ :—വിളിച്ചില്ലെങ്കിൽ—?

കു : പത്നി :—വിളിക്കാം മകനെ ! വിളിക്കാം.

സോമ :—രാധേ ! വരു. നമുക്കു നോക്കാമല്ലോ !

[രണ്ടുപേരും പാരവശ്യത്തോടെ നടന്നു അകത്തേയ്ക്കു പോകുന്നു]

കു : പത്നി :—[ആ പോക്കു നോക്കി ഒരു നെടുവീർപ്പിനു ശേഷം] ഒന്നും അറിയാത്ത ഈ പിഞ്ചു കുഞ്ഞുങ്ങളെ ഞാൻ എന്തു പറഞ്ഞു് ആശ്വസിപ്പിക്കും ? അടുത്ത വീട്ടിൽ പെട്ടിനിറയെ അരിയുണ്ടു്. അവർ ഉണ്ണുന്നു ; പാൽ കുടിക്കുന്നു. പലഹാരം തിന്നുന്നു. ഇവിടെ ഒരു നേരത്തെ കഞ്ഞിക്കുപോലും അരിയില്ല. ഈശ്വരൻ പരമദയാലുവാണെന്നും അവർ പറഞ്ഞു കേട്ടിട്ടുണ്ടു്. എന്നാൽ, ഈ വൈരുദ്ധ്യത്തിനു എന്തു സമാധാനം പറയും ? [കുചേലൻ വരുന്നു] അതാ അദ്ദേഹം വരുന്നു. ഇന്നെങ്കിലും കുട്ടികളോടുള്ള വാഗ്ദാനം എനിക്കു പാലിക്കാൻ കഴിയുമോ ? [കുചേലൻ പ്രവേശിക്കുന്നു. അവരം ചെന്നു കുടയും വടിയും വാങ്ങി ഒരിടത്തു വയ്ക്കുന്നു.]

കു : പത്നി :—വല്ലതും കഴിച്ചുവോ ?

കുചേ :—ഇല്ല ; എനിക്കൊന്നും വേണ്ട. നിങ്ങളൊക്കെ കഴിക്കിൻ

കു : പത്നി :—[ഒരു നെടുവീർപ്പോടെ] എത്ര ഉദാരമായ മറുപടി !

കുചേ :—എന്താണു് നീ അങ്ങനെ പറയുന്നതു് ?

കു : പത്നി :—ഞങ്ങരം എവിടന്നു കഴിക്കാനാണു് ?

കുചേ :—അപ്പോരം ഇന്നു് എല്ലാവക്കും പട്ടിണിയാണോ ?

കു : പത്നി :—ഇന്നും ഇന്നലേയും.

കുചേ :—കുട്ടികറംക്കും ഒന്നും കൊടുത്തില്ലേ ?

ക. പത്നി:—എവിടന്നു കൊടുക്കാനാണ്? ഒരു മണിക്കൂർ കഴിഞ്ഞാൽ കൊടുക്കാമെന്ന് എന്നെക്കൊണ്ടു വാഗ്ദാനം ചെയ്യിച്ചിട്ടാണ് അവർ ഉറങ്ങാൻ ചെന്നു കിടന്നതു്. പാവം കുട്ടികൾ. വിശന്നു തളൎന്നു അവക്കു് ഉറക്കംപോലും കിട്ടുന്നില്ല.

കുചേ:—എല്ലാം ഭഗവാൻെറ മായ. ഈശ്വരേച്ഛയ്ക്കു വിരുദ്ധമായി ആക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ക. പത്നി:—ഒന്നാന്തരം സമാധാനം! ഈശ്വരനോടു ചോദിക്കാതെ എങ്ങനെ കിട്ടും?

കുചേ:—എല്ലാം കാണാൻ ഈശ്വരനു കണ്ണുണ്ടു്. പിന്നെ നമ്മളെന്തിനു ചോദിക്കുന്നു?

ക. പത്നി:—ആവശ്യക്കാർ ചോദിക്കാത്തതു് അഹംഭാവം കൊണ്ടാണെന്നു് ഈശ്വരനു കരുതിക്കൂടേ?

കുചേ:—ശാന്തം പാപം. ഈശ്വരൻ അങ്ങനെയൊന്നും വിചാരിക്കില്ല.

ക. പത്നി:—ശരിയായിരിക്കാം. പക്ഷേ, ഇവിടെ അതല്ല അനുഭവം. മധുരാനാഥനായ ഭഗവാൻ കൃഷ്ണൻ ആശ്രിതന്മാരെ ഉപേക്ഷിക്കയില്ലെന്നു കേട്ടിട്ടുണ്ടു്.

കുചേ:—ശരിയാണ് പ്രിയേ!

ക. പത്നി:—ആ കൃഷ്ണൻെറ ഉററ ചങ്ങാതിയായിരുന്നില്ലേ അങ്ങുന്നു്?

കുചേ:—അതും ശരിയാണ്.

ക. പത്നി:—ആശ്രിതവത്സലനായ അദ്ദേഹം ഒന്നു കടാക്ഷിച്ചാൽ പോരെ ഈ ദുരിതം നീങ്ങാൻ?

കുചേ:—മതി; മതി; ധാരാളം മതി.

ക. പത്നി:—എന്നാൽ പിന്നെ അവിടുന്നെന്താണ് ചെന്നു കാണാത്തതു്?

കുചേ:—കാണാം; കാണാം. പക്ഷേ—.

ക. പത്നി:—ഇനി എന്താണ് ഒരു 'പക്ഷേ'?

കുചേ:—വെറുങ്കയ്യോടെ ചെന്നു കാണുന്നതെങ്ങനെ?

ക. പത്നി:—ഇല്ലാത്തവർ എന്തു കൊടുക്കാനാണ്?

കുചേ:—അങ്ങനെയല്ല ; എന്തെങ്കിലും കൊണ്ടുചെല്ലണം.

കു. പത്നി:—ഞാൻ ആലോചിച്ചിട്ട് ഒരു മാൎഗ്ഗവും കാണുന്നില്ലല്ലോ ?

കുചേ:—എന്തെങ്കിലും പലഹാരം മതി.

കു.പത്നി:—അവിടുന്ന് ഒന്നും അറിയാത്ത മട്ടിൽ സംസാരിക്കുന്നല്ലോ !

കുചേ:—എല്ലാം അറിയാം. പക്ഷേ, ദ്വാരകനാഥനായ കൃഷ്ണനെ കാണാൻ കൈയ്യും വീശി ചെല്ലാൻ ഞാനൊരുക്കമില്ല. അല്പം അവിലോ, മലരോ, അപ്പമോ എന്തെങ്കിലും ഉണ്ടാക്കു.

കു. പത്നി:—ശരി; ഞാൻ അവിലുണ്ടാക്കാം. നാളെ ഉച്ചതിരിഞ്ഞു പുറപ്പെട്ടുകൊള്ളു.

കുചേ:—അങ്ങനെയാവട്ടെ. കിടന്നുറങ്ങാൻ നോക്കു.

[കർട്ടൻ]

## രംഗം 2

[ദ്വാരക—കൃഷ്ണൻ രുക്മിണിയോടൊന്നിച്ചിരുന്നു ചൂതു കളിക്കുന്നു. തെല്ലകലെനിന്നു കുചേലന്റെ സ്തുതി കേൾക്കുന്നു.]

ഹരേ കൃഷ്ണ ! ഹരേ കൃഷ്ണ !
കൃഷ്ണ കൃഷ്ണ ഹരേ! ഹരേ !
ഹരേ കൃഷ്ണ ! ഹരേ കൃഷ്ണ !
കൃഷ്ണ കൃഷ്ണ ഹരേ ഹരേ !

കൃഷ്ണൻ:—[ചെവിയോൎത്തിട്ട്] രുക്മിണി! അതാ കേട്ടില്ലേ ഭക്തി വഴിഞ്ഞൊഴുകുന്ന സ്തോത്രം ?

രുക്:—കേൾക്കുന്നുണ്ട്, നാഥാ !

കൃഷ്ണ:—കളിച്ചതു മതി, ജനേലയ്ക്കൽ ചെന്നുനോക്കാം. ആരാണെന്നറിയണ്ടേ ?

രുക്:—ആരായാലും ഇങ്ങോട്ടു വരില്ലേ ? ഇത്ര ബദ്ധപ്പെട്ടോടാനെന്തുണ്ട് ? ഇങ്ങനെയുണ്ടോ ഒരു ഇരിക്കക്കൊള്ളായ്മ !

കൃഷ്ണ:—എന്നെ അകമഴിഞ്ഞ് ആരെങ്കിലും വിളിക്കുന്നതു കേട്ടാൽ പിന്നെ അടങ്ങിയിരിക്കാൻ എനിക്കു സാദ്ധ്യമല്ല. എന്തോ കഷ്ടപ്പാടും കൊണ്ടായിരിക്കും വരവ്. അതു തീൎത്തു കൊടുക്കേണ്ടേ ?

''ഹരേ കൃഷ്ണ! ഹരേ കൃഷ്ണ!

കൃഷ്ണ കൃഷ്ണ ഹരേ ഹരേ!''

വളരെ പരിചയമുള്ള ശബ്ദം [ജനേലയ്ക്കലേക്കു് ഓടുന്നു]

കൃഷ്ണ: [മുഖപ്രസാദത്തോടെ] രുക്ംമിണി കണ്ടോ ? എൻെറ കൂട്ടുകാരൻ സുദാമാവല്ലേ അതു് ? അതെ, സുദാമാവുതന്നെ. അയ്യോ! എന്തൊരു മാററം! ആറം വൃദ്ധനായിത്തീന്നിരിക്കുന്നു എങ്കിലും, കണ്ടാൽ മനസ്സിലാവും, ആ നെററി ; ആ കണ്ണു്; ആ മൂക്കു്; ആ നടത്തം [ഓടി പടിക്കലേക്കു ചെല്ലുന്നു, കുചേലനെ ആലിംഗനം ചെയ്യുന്നു.]

കുചേ:—ഞാൻ വല്ലാതെ വിയത്തിട്ടുണ്ടു്. എന്നെ തൊടണ്ട.

കൃഷ്ണ:—സാരമില്ല; ആ വിയപ്പു് എനിക്കു നല്ല പരിചയമുള്ളതല്ലേ? എത്ര കാലമായി ഞാനൊന്നു കെട്ടിപ്പിടിച്ചിട്ടു്! എങ്കിലും— ഇതുവരെ ഒന്നു വരാൻ തോന്നിയില്ലല്ലോ!

കുചേ:—പണ്ടത്തെ കഥയും പറഞ്ഞു് ഇവിടെ വന്നു ശല്യപ്പെടുത്താൻ പാടുണ്ടോ? ഇങ്ങനെയൊന്നും കാണിക്കരുതു കൃഷ്ണ—അല്ല തെററി—''ഭഗവാനെ!''

കൃഷ്ണ:—സുദാമാവിനു് എന്നെ എന്തും വിളിക്കാം. [വീണ്ടും ആലിംഗനം ചെയ്യുന്നു] ഇതെൻെറ സ്വന്തം സുദാമാവാണു്.

കുചേ:—എന്തൊരു ചാപല്യമാണിതു്! ആളുകൾ എന്തു പറയും ?

കൃഷ്ണ:—ആളുകൾക്കു് അതന്വേഷിക്കേണ്ട ആവശ്യമില്ല. [കൈപിടിച്ചു വലിച്ചു] എന്താണു് നില്ക്കുന്നതു് ? നമുക്കു് അകത്തേക്കു പോകാം.

കുചേ:—വേണ്ട; ഇവിടെ നിന്നാൽ മതി.

കൃഷ്ണ:—അതു ഞാനാണു് നിശ്ചയിക്കാൻ. [കൈ പിടിച്ചു അകത്തേക്കു കൊണ്ടുപോയി മഞ്ചത്തിലിരുത്തുന്നു.] രുക്മിണി! എന്താണു് മിണ്ടാതെ നില്ക്കുന്നതു്! ഇതാരാണെന്നു മനസ്സിലായോ?

രുക്:—അവിടുന്നു പറഞ്ഞല്ലൊ!

കൃഷ്ണ:—എന്നിട്ടെന്താണു് അവിടെത്തന്നെ നില്ക്കുന്നതു് ?

[രുക്മിണി പൂജാദ്രവ്യങ്ങളെടുത്തു കുചേലൻെറ കാല്ക്കൽ വെയ്ക്കുന്നു. കുചേലൻ കാൽ മേല്പോട്ടു വലിക്കുന്നു. കൃഷ്ണൻ ആ കാൽ പിടിച്ചു വലിച്ചു് വെള്ളംകൊണ്ടു കഴുകി തുടയ്ക്കുന്നു.]

കുചേ:—ഛെ; എന്തെല്ലാമാണു് കാണിക്കുന്നതു്! നാം ഇപ്പോൾ കുട്ടികളല്ല.

കൃഷ്ണ:—കഴിഞ്ഞുപോയ ആ കുട്ടിക്കാലം ഞാൻ ഓക്കുകയാണു്, ഹ! എന്തൊരു സുഖമായിരുന്നു അന്നു്.

കുചേ:—ജീവിതത്തിലെ ഏററവും സുഖമുള്ള കാലമല്ലേ ബാല്യം ?

കൃഷ്ണ:—എല്ലാവരുടെ ബാല്യവും പോലെയല്ല നമ്മുടേതു്, ആ ഗുരുകുലവാസത്തിൻെറ സുഖം ഒന്നു വേറെതന്നെ. ഗുരുപത്നിയുടെ കല്പനയനുസരിച്ചു നാം വിറകുപെറുക്കാൻ പോയ കഥ ഓമ്മയുണ്ടോ ?

കുചേ:—ഉണ്ടു്, ഉണ്ടു്. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു.

കൃഷ്ണ:—കാററും മഴയും വന്നപ്പോൾ ആരാണു് പേടിച്ചു നിലവിളിച്ചതു് ?

കുചേ:—അതൊക്കെ പഴയ കഥയല്ലേ ?

കൃഷ്ണ:—അതെ; അതെ; പഴയതുതന്നെ എങ്കിലും ഇങ്ങനെയുണ്ടോ ഒരു പേടി?

രുക്:—വലിയ മിടുക്കായി. എല്ലാവരും ഒരുപോലെ ധൈര്യശാലികളാകണമല്ലോ?

കൃഷ്ണ:—നിനക്കറിയില്ല രുക്മിണീ! ഈയിരിക്കുന്ന മനുഷ്യനെപ്പോലെ ഭീരുവായിട്ടൊരാളെ ഞാൻ ഇതുവരെ എങ്ങും കണ്ടിട്ടില്ല.

രുക്:—എന്താണാവോ ഇത്ര ഭീരുത്വം ? അർദ്ധരാത്രി, കൂരിരുട്ട്; കോരിത്തൊഴിക്കുന്ന മഴ; കാട്ടുമൃഗങ്ങളുടെ ഗർജ്ജനം—ഇത്രയുമായാൽ ആരാണ് പേടിക്കാത്തത് ?

കൃഷ്ണ:—മരത്തിൻെറ മുകളിൽ ഭദ്രമായിട്ടിരിക്കുമ്പോഴും വേണമോ പേടി ?

രുക്:—സാരമില്ല; കുട്ടിക്കാലത്തല്ലേ ?

കൃഷ്ണ:—ആ നിലവിളി എന്തൊരാപത്താണെന്നോ ഉണ്ടാക്കിയത്!

രുക്:—എന്താണ് ആപത്ത് ?

കൃഷ്ണ:—മനുഷ്യൻെറ ശബ്ദം കേട്ടാൽ കാട്ടുമൃഗങ്ങൾ വെറുതെയിരിക്കുമോ ?

കുചേ:—ഞാൻ കരുതിക്കൂട്ടി നിലവിളിച്ചതല്ല.

കൃഷ്ണ:—അതു ശരിയായിരിക്കാം. പക്ഷേ, ആ നിലവിളിനിമിത്തം നേരം വെളുക്കുന്നതുവരെ മൃഗങ്ങൾ നമ്മളെത്തന്നെ നോക്കി വൃക്ഷത്തിൻെറ ചുവട്ടിൽനിന്നു മുരണ്ടു.

കുചേ:—ഗുരുകാരുണ്യം കൊണ്ടു നമുക്കു് ആപത്തൊന്നും നേരിട്ടില്ല.

കൃഷ്ണ:—'ഇങ്ങനത്തെ കൂട്ടർ ഉണ്ടായിട്ടും'—എന്നുകൂടി ചേർക്കു. ആട്ടെ; എനിക്കു വല്ലതും തിന്നാൻ കൊണ്ടുവന്നിട്ടുണ്ടോ? വല്ലാതെ വിശക്കുന്നു. [കുചേലൻ മിണ്ടുന്നില്ല] എന്താണ് മിണ്ടാത്തത് ? ആ കൈയിൽ എന്തോ ഉണ്ടല്ലോ; എടുക്കു; വേഗം വേണം; ഒളിക്കണ്ടോ ; ഞാൻ കണ്ടു. ഉം; വേഗമാകട്ടെ.

[അവിൽപ്പൊതി കുചേലൻ മറച്ചുവെക്കാൻ നോക്കി; പക്ഷേ, കൃഷ്ണൻ അതു ബലംപ്രയോഗിച്ചു വലിച്ചെടുത്തു]

കൃഷ്ണ:—[ഒരു പിടി ഭക്ഷിച്ചശേഷം] ഹ ! എന്തൊരു സ്വാദ്. ഗുരുകുലത്തിൽവെച്ചു കഴിക്കാറുള്ള ആ അവിൽതന്നെ.

[രണ്ടാമതും എടുത്തു ഭക്ഷിക്കാൻ മുതിന്നപ്പോഴേക്കും രുക്മിണി കൈ കടന്നു പിടിക്കുന്നു]

രുക്:—മതി; അവിലാണ്. അധികം തിന്നാൽ സുഖക്കേട് പിടിക്കും.

കൃഷ്ണ:—നിൻെറ ഇഷ്ടംപോലെയാകട്ടെ. [അവിൽ രുക്മിണിയുടെ കൈയിലേക്കു പകരുന്നു]

രുക്:—ഇനി അദ്ദേഹം കുറച്ചുനേരം വിശ്രമിക്കട്ടെ.

കൃഷ്ണ:—ശരിയാണ്; ആ കാര്യം ഞാൻ മറന്നു. സുദാമാവിൻെറ വിശ്രമത്തിൻെറ കാര്യംതന്നെ ഞാൻ മറന്നു. ഞാൻ സ്വാത്ഥം നോക്കി. വഴിനടന്നു വരികയല്ലേ! അല്പം വിശ്രമിക്കു.

[കർട്ടൻ]

## രംഗം 3

[ദ്വാരകയിൽനിന്നു മടങ്ങിയ കുചേലൻ തൻെറ ഭവനത്തിനു സമീപം വന്നപ്പോൾ അവിടമെല്ലാം മാറിക്കാണുന്നു]

കുചേ:—[സംഭ്രമത്തോടെ] ഇതെന്തൊരു കഥ! എൻെറ വീടെവിടെ? എനിക്കു വഴിതെററിയോ? വീണ്ടും ദ്വാരകയിൽത്തന്നെ വന്നെത്തിയോ? എൻെറ കൃഷ്ണാ! ഈ പഴയ സതീത്ഥ്യനെ എന്തിന് ഇങ്ങനെ വിഷമിപ്പിക്കുന്നു? അങ്ങോട്ടു വരുമ്പോൾ അങ്ങയെ കാണാമെന്നുള്ള സന്തോഷത്താൽ, വിശപ്പോ ദാഹമോ ഞാൻ അറിഞ്ഞില്ല. എന്നാൽ, ഇപ്പോൾ അതല്ല സ്ഥിതി. ഭഗവാനെ വേർപെട്ടതുകൊണ്ടുള്ള ഹൃദയഭാരവും കൂടി വഹിച്ചു കൊണ്ടാണ് ഞാൻ വഴി നടക്കുന്നത്. എത്രയും വേഗം വിശ്രമിക്കുകയാണാവശ്യം. എൻെറ വീടെവിടെ? പത്നിയെവിടെ? കുട്ടികളെവിടെ? ഞാൻ പോയിട്ട് അധികം ദിവസമായില്ലല്ലോ. അതിനകം ഇത്രവലിയ മാററമോ! ആരോ എന്നെ കണ്ണുകെട്ടി കളിപ്പിക്കുകയാണ്. അയ്യോ എനിക്കു നില്ക്കാൻ കെല്പില്ലല്ലോ! [അവിടെ ഇരിക്കുന്നു. ഒരു വഴിപോക്കൻ വരുന്നു. കുചേലൻ അയാളെ വിളിച്ചിട്ട്] ഹേയ്; ഹേയ്, ഒന്നു നില്ക്കണേ!

വഴിപോക്കൻ:—എന്തുവേണം?

കുചേ:—പോകാൻ ബദ്ധപ്പാടുണ്ടോ?

വഴി:—നിങ്ങൾക്കെന്തുവേണം? മുഖവുരകൂടാതെ വേഗം കാര്യം പറയൂ.

കുചേ:—സുദാമബ്രാഹ്മണൻെറ വീടേതെന്ന് അറിയാമോ?

വഴി:—നിങ്ങരം എവിടന്നു വരുന്നു ?

കുചേ:—ഞാൻ ദ്വാരകയിൽ നിന്നു്.

വഴി:—നാടെവിടെ ?

കുചേ:—നാട്ടു് ഇതുതന്നെ.

വഴി:—പേരെന്തു് ?

കുചേ:—ആ സുദാമാവു് ഞാൻ തന്നെയാണു്. ആളുകരം കുചേലൻ എന്നു വിളിക്കും.

വഴി:—അപ്പോരം, സ്വന്തം നാട്ടിൽ വന്നു സ്വന്തം വീടുതന്നെ ചോദിക്കുകയാണോ ? നിങ്ങരംക്കു ഭ്രാന്താണു്.

കുചേ:—ശരിയാണു്; എനിക്കു ഭ്രാന്താണെന്നു തോന്നുന്നു. ക്ഷമിക്കണം.

വഴി:—എനിക്കു വേറെ ജോലിയുണ്ടു്. ഇനി ക്ഷമിക്കാനൊന്നും സമയമില്ല. ബ്രാഹ്മണൻ അവിടെ ഇരുന്നു കുറച്ചു കാററുകൊള്ളു.

[വഴിപോക്കൻ പോകുന്നു]

കുചേ:—[വിചാരം] ഭഗവാനെ ! വൃദ്ധനും അഗതിയുമായ എന്നെ രക്ഷിക്കണേ ! ദാരിദ്ര്യത്തിനു നിവാരണം തേടി ദ്വാരകയിൽ വന്ന ഞാൻ എൻെറ കഷ്ടപ്പാടിനെപ്പററി ഒരക്ഷരംപോലും പറഞ്ഞില്ല. എല്ലാം ചോദിച്ചറിഞ്ഞ അവിടുന്നും അതിനെപ്പററിമാത്രം എന്നോടു ചോദിച്ചതുമില്ല. കൈ നിറയെ കൊണ്ടുവരുമെന്നും കരുതി പടിക്കൽത്തന്നെ കാത്തുനില്ലും എൻെറ പത്നിയും കുട്ടികളും. അവരെ ഞാൻ എന്തു പറഞ്ഞു സമാധാനിപ്പിക്കും ?....... എന്തിനു ഞാൻ അതൊക്കെ ആലോചിക്കുന്നു. ആ പത്നിയെവിടെ ? ആ കുട്ടികളെവിടെ ? ആ വീടെവിടെ ? എല്ലാം മാറിയിരിക്കുന്നു. എനിക്കിനി ഒരു ഭാരവുമില്ല. അവരൊക്കെ എങ്ങോ പോയിക്കഴിഞ്ഞു. ഞാൻ ഒററയ്ക്കായി. എൻെറ വരവും കാത്തു് പട്ടിണിയും പാടുമായി അലട്ടാൻ ഇനി ആരും ഇല്ല. മുഴുവൻ സമയവും ഭഗവദ്ധ്യാനത്തിനു് വേണ്ടിത്തന്നെ ചെലവഴിക്കാം. എനിക്കു പ്രപഞ്ചമോചനം ലഭിച്ചു. ഭാര്യയില്ല; കുട്ടികളില്ല; ദാരിദ്ര്യത്തിൻെറ മുറവിളിയില്ല. എല്ലാം ശാന്തം. ഹ; ഹ; ഹ; എന്തൊരാശ്വാസം! എന്തൊരാനന്ദം ! എന്തൊരു സ്വർഗ്ഗാനുഭൂതി !

''ഹരേ കൃഷ്ണ! ഹരേ കൃഷ്ണ!

കൃഷ്ണ കൃഷ്ണ ഹരേ ഹരേ!''

ഭക്തിയിൽ മുഴുകുന്നു. മന്ദ്രമായ സംഗീതധ്വനി. പെട്ടെന്നു് ഒരന്ധകാരം. അതിനെത്തുടൎന്നു് അത്ഭുതപൂൎവ്വമായ പ്രകാശം. കുചേലൻ നവയൗവനം പ്രാപിക്കുന്നു. തനിക്കു വന്ന ഈ മാററം കണ്ടിട്ടു്]

കുചേ.—ഇതെന്തൊരു മായം ! ഞാൻ തന്നെ മാറിപ്പോയല്ലോ ! ഈ യൗവനവും ശരീരകാന്തിയും എവിടന്നുണ്ടായി ? എനിക്കെന്താണ് ഇതുകൊണ്ടു പ്രയോജനം ? ഇതു കാണാൻ ആരുണ്ട് ?

[ഉച്ചത്തിൽ]

ഹരേ കൃഷ്ണ ! ഹരേ കൃഷ്ണ !
കൃഷ്ണ കൃഷ്ണ ഹരേ ഹരേ !

[രാധയും സോമനും തുള്ളിച്ചാടി വരുന്നു.]

രണ്ടുപേരും:—അച്ഛാ! അച്ഛാ!

[അവർ കുചേലൻെറ രണ്ടു കയ്യും പിടിച്ചു വലിക്കുന്നു.]

കുചേ:—[അദ്ഭുതത്തോടെ] രാധെ! സോമ! എന്തൊരു മാററം! [രണ്ടുപേരെയും ഒന്നിച്ചു വാരിയെടുക്കുന്നു.]

രണ്ടുപേരും:—[ഉറക്കെ] അമ്മേ! ഇതാ അച്ഛൻ! ഒന്നോടിവരു! അച്ഛൻ എത്ര നന്നായിരിക്കുന്നു! എന്തൊരു ഭംഗി!

[നവയൗവനം നേടിയ കുചേലപത്നി ലജ്ജാനമ്രമുഖിയായി പ്രവേശിക്കുന്നു.]

കു: പത്നി:—നാഥ! നാം ഭഗവൽപ്രസാദം നേടി. എന്തൊരു വലിയ മാററം ! അതാ, അങ്ങോട്ടൊന്നു നോക്കു; ആ മനോഹരമായ മാളിക. അതു നമ്മുടെ വീടാണ്.

കുചേ:—എനിക്കൊന്നും മനസ്സിലാകുന്നില്ല. നിങ്ങളൊക്കെ മാറിയിരിക്കുന്നുവല്ലോ !

കു: പത്നി:—ഇന്നലെ പെട്ടെന്ന് ഒരു കൊടുങ്കാററും ഇടിവെട്ടും ഉണ്ടായി. ഞങ്ങരം പേടിച്ചുവിറച്ചുപോയി. കാററും മിന്നലും നിലച്ചപ്പോരം കണ്ടു കാഴ്ചയാണിതു്. ഭഗവാൻെറ മായാവിലാസം.

കുചേ:—മക്കളേ! ഭഗവാൻ നമ്മളെ അനുഗ്രഹിച്ചു. ദാരിദ്ര്യത്തിൽ നിന്ന് എന്നെന്നേക്കുമായി മോചിപ്പിച്ചു. എന്തൊരു മായാവിലാസം ! നമുക്കെല്ലാവാക്കും കൂടെ ഭഗവാനെ വാഴ്ത്താം.

എല്ലാവരുംകൂടി:—ഹരേ കൃഷ്ണ ! ഹരേ കൃഷ്ണ !
കൃഷ്ണ കൃഷ്ണ ഹരേ ! ഹരേ !

[കർട്ടൻ]

## അഭ്യാസം

1. അപോദ്ധരിക്കുക:—

   ജീവിതത്തിലെ ഏററവും സുഖമുള്ള കാലമല്ലേ ബാല്യം !

2. അംഗാംഗിവാക്യങ്ങരം തിരിച്ചെഴുതുക:—

   എന്നെ അകമഴിഞ്ഞു് ആരെങ്കിലും വിളിക്കുന്നതു് കേട്ടാൽ പിന്നെ അടങ്ങിയിരിക്കാൻ എനിക്കു സാദ്ധ്യമല്ല.

3. നിഷേധം മാററി വിവർത്തനം ചെയ്യുക:—

   ഈയിരിക്കുന്ന മനുഷ്യനെപ്പോലെ ഭീരുവായിട്ടൊരാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല.

   'ഞാൻ ഇതുവരെ കണ്ടിട്ടുള്ളവരിൽവച്ചു് ഏററവും ഭീരുവാണു് ഈയിരിക്കുന്ന മനുഷ്യൻ' എന്നാക്കിയാൽ നിഷേധം നീങ്ങി. ഇത്തരം താരതമ്യവിവർത്തനം പരിശീലിക്കുക.

4. ഈ നാടകം നിങ്ങരം അഭിനയിക്കുക.

GOVT. HIGH SCHOOL Dass........ KOTTAYAM.

---

### പാഠം 27

## പരോപകാരം

[ചിന്തിക്കാൻ വകനൽകുന്ന ആഴമേറിയ കവിതകളെഴുതി കൈരളിയെ സമ്പന്നയാക്കുന്ന ഒരനുഗൃഹീത കവിയാണു് ശ്രീ. കെ. കെ. രാജാ. അദ്ദേഹത്തിൻെറ ഈ കൊച്ചു കവിത അക്കൂട്ടത്തിലൊന്നാണു്.

വൃക്ഷലതാദികളും പക്ഷിമൃഗാദികളും അന്യക്കു് ഉപകാരം ചെയ്യുന്നതായിട്ടാണു് കാണുന്നതു്. മിക്കപ്പോഴും സ്വന്തം സുഖസൗകര്യങ്ങളെക്കുറിച്ചു് അവ ചിന്തക്കുന്നപോലുമില്ല. എന്നാൽ വിശേഷബുദ്ധിയുള്ള മനുഷ്യൻ സ്വന്തം ജീവിതം അന്യക്കായിട്ടു് ഉഴിഞ്ഞുവെയ്ക്കുന്നില്ല എന്നാണു് കവി നമ്മെ ഈ വരികളിൽ അനുസ്മരിപ്പിക്കുന്നതു്.]

മരങ്ങരം സൂര്യാഭിമുഖം തപിച്ചു
സിദ്ധിച്ചതാം സൽഫല ജാലമെല്ലാം
മനുഷ്യനും പക്ഷിമൃഗാദികരംക്കും
സമ്മാനമേകുന്നു സമുന്നതങ്ങരം.

വല്ലീമതല്ലീനിര ചെന്തളിർപ്പ-
ട്ടണിപ്രസൂനച്ചെറു കപ്പിലാക്കി
മനുഷ്യഭീയാലുയരെപ്പറക്കും
പക്ഷിക്കു മാദ്ധ്വീരസമേകിടുന്നു.

മാംസത്തിനായിട്ട കഴുത്തറുക്കും
പാപികളെപോലും കറയോത്തിടാതെ
നിഷ്കാമമായ് പാവനമാം പയസ്സാൽ
പ്പശുക്കൾ സന്തപ്പ്ണമാചരിപ്പൂ.

പരാപരൻ സൂരനു നല്കിടുന്ന
തുവെള്ളി ചന്ദ്രന്നവനേകിടുന്നു,
അവൻ നിലാവിൻ വടിവിൽധരയ്ക്കാ-
യതാകെയർപ്പിച്ചമരുന്നു വാനിൽ.

ഹേ മർത്ത്യ ! ഭോഗത്തിനുവേണ്ടി വിത്തം
കൂമ്പാരമാക്കുന്നവനല്ലയോ നീ
നാളെയ്ക്കു വേണ്ടുന്നതെടുത്തിടാത്ത
മൃഗത്തിനഞ്ജുന്നു നമസ്കരിക്കൂ !

—കെ. കെ. രാജാ

## അഭ്യാസം

1. ദൈവത്തിൻെറ ഇതര സൃഷ്ടികളെ മനുഷ്യൻ നമസ്കരിക്കണം എന്നു പറയുവാൻ കാരണമെന്തു് ?

2. പക്ഷിമൃഗാദികളും വൃക്ഷലതാദികളും സൂര്യചന്ദ്രന്മാരും എങ്ങനെ പരോപകാരം ചെയ്യുന്നു എന്നാണ് കവി വിവരിക്കുന്നതു് ?

3. ഈ പദ്യത്തിൽ നിന്നു നാം എന്താണ് പഠിക്കേണ്ടതു് ?

4. (a) പര്യായം പറയുക:—
സൂര്യൻ; ചന്ദ്രൻ; പാലു്; പശു; നിലാവു്.

(b) പിരിച്ചെഴുതുക:—
ചെന്തളിർപ്പട്ടു്; കറയോത്തിടാതെ; സന്തപ്പ്ണമാചരിപ്പൂ.

(c) ചേർത്തെഴുതുക:—
ചന്ദ്രന്നു് + അവൻ + ഏകിടുന്നു
കൂമ്പാരം + ആക്കുന്നവൻ + അല്ലയോ + നീ
വേണ്ടുന്നതു് + എടുത്തിടാത്ത.

———

പാഠം 28

## മഹാകവി വള്ളത്തോൾ

മാധുര്യം തികഞ്ഞ കവിതകളെഴുതി മലയാളികളെ പുളകം കൊള്ളിച്ച കവിശ്രേഷ്ഠനെന്ന നിലയിൽ കേരളീയക്കും, കേരളകലയ്ക്കു മകുടം ചാർത്തുന്ന കഥകളിക്കു നവോന്മേഷവും വിശ്വപ്രഖ്യാതിയും നല്കിയ കലാപ്രണേതാവെന്നനിലയിൽ കേരളത്തിനുപുറത്തുള്ളവക്കും ആദരണീയനാണ് മഹാകവി വള്ളത്തോൾ നാരായണമേനോൻ. നല്ല ഉയരം, കനപ്പെട്ട ശബ്ദം, കൂസലില്ലാത്ത പ്രകൃതി എന്നീ പ്രത്യേകതകൾനിമിത്തം ഏതു സദസ്സിൽ ചെന്നാലും അദ്ദേഹത്തിനു തലയെടുത്തു പിടിക്കാൻ കഴിഞ്ഞിരുന്നു. കവിത കോമളമായിരുന്നെങ്കിലും കവിയുടെ ശബ്ദം പരുക്കനായിരുന്നു. ആ ശബ്ദത്തിനു് ഒരു സദസ്സിലും ഉച്ചഭാഷിണി ആവശ്യമായിരുന്നില്ല.

പൊന്നാനിത്താലൂക്കിൽപ്പെട്ട വെട്ടത്തുനാട്ടിലാണ് വള്ളത്തോൾ കുടുംബം. ഉൽകൃഷ്ട കവിതകൾകൊണ്ടു കേരളീയരെ പുളകം കൊള്ളിച്ച തുഞ്ചത്തെഴുത്തച്ഛന്റെ ജനനത്താൽ പരിപൂതമായ ഈ പ്രദേശത്തിനു് അഭിമാനിക്കത്തക്ക ഒരു പാരമ്പര്യം പണ്ടേ കൈവന്നിട്ടുണ്ടു്. വെട്ടത്തു രാജാക്കന്മാരുടെ മന്ത്രിസ്ഥാനം വഹിച്ചിരുന്ന കോന്തുമേനോനായിരുന്നു വള്ളത്തോൾ കുടുംബത്തിന്റെ സ്ഥാപകൻ. ഈ കുടുംബത്തിലെ കുട്ടിപ്പാറുവമ്മയുടേയും കടങ്ങോട്ടു മല്ലിശ്ശേരി ദാമോദരനെളയതിന്റേയും മകനായി ക്രിസ്ത്വബ്ദം 1878 ഒക്ടോബർ 16-ാം തീയതി ജനിച്ച ശിശുവാണ് അനന്തരകാലത്തു് മഹാകവിയായിത്തീർന്ന നാരായണമേനോൻ. ശങ്കുണ്ണിമേനോൻ എന്നൊരു ജ്യേഷ്ഠനും രണ്ടു ജ്യേഷ്ഠസഹോദരിമാരും താനും മാത്രമായിരുന്നു കുട്ടിപ്പാറുവമ്മയുടെ സന്തതികൾ. കുട്ടൻ എന്നാണ് കഥാപുരുഷനെ വീട്ടുകാർ ഓമനപ്പേരായി വിളിച്ചിരുന്നതു്.

കുട്ടനെ അഞ്ചാം വയസ്സിൽ എഴുത്തിനിരുത്തി. വാരിയം പറമ്പിൽ കുഞ്ഞൻനായർ എന്നൊരാളായിരുന്നു ആദ്യത്തെ ഗുരു. അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം എന്നീ പ്രാഥമിക പാഠങ്ങൾ കഴിഞ്ഞപ്പോൾ അമ്മാവനായ രാമുണ്ണിമേനോന്റെ കീഴിലായി കുട്ടന്റെ വിദ്യാഭ്യാസം. കാവ്യാലങ്കാരങ്ങൾക്കു പുറമെ ആയുർവ്വേദവും അമ്മാവൻ കുട്ടനെ പഠിപ്പിച്ചു.

ഇതിനിടയിൽ കവിതാവാസനയും കുട്ടനിൽ പ്രകടമായിക്കണ്ടു. പന്ത്രണ്ടുവയസ്സിലെഴുതിയ 'കിരാതശതകം' എന്ന കൃതിയിലെ ഒരു ശ്ലോകം നോക്കുക:

പൊട്ടാക്കിപ്പ്ഫാലവട്ടത്തിരുമിഴി ജടയെ-
ക്കാറൊളിച്ചാരു കുന്തൽ-
ക്കെട്ടാക്കി, ക്കേതകിപ്പൂവതിനുടെ വടിവാ-
ക്കിപ്പുരം ചന്ദ്രഖണ്ഡം.
മട്ടൊക്കെത്തന്നെമാറിപ്പ്പൃഥയുടെ സുതനായ്
ക്കാട്ടിലുറംപ്പുക്കവൈര-
പ്പെട്ടുക്കാൽ ജന്യമിട്ടാ മഹിതകപടകാ-
ട്ടാളനെ കൈതൊഴുന്നേൻ.

നിങ്ങളുടെ പ്രായത്തിലുള്ള ഒരു കുട്ടി എഴുതിയ കവിതയാണിതു്. ഈ കവിതാവാസന മനസാ കൊണ്ടാടിയെങ്കിലും രാമുണ്ണിമേനോനു വൈദ്യശാസ്ത്രശിക്ഷണത്തിലായിരുന്നു ശ്രദ്ധ.

പ്രസിദ്ധ പണ്ഡിതനായിരുന്ന കൈക്കുളങ്ങര രാമവാരിയർ അക്കാലത്തു തൃക്കണ്ടിയൂരിൽ താമസിക്കുന്നുണ്ടായിരുന്നു. തർക്കം പഠിക്കാനായി കുട്ടനെ രാമുണ്ണിമേനോൻ അങ്ങോട്ടയച്ചു. തർക്കത്തിൽ പ്രതിപത്തി കുറവായിരുന്നെങ്കിലും രാമവാരിയരുടെ ശിഷ്യത്വം കുട്ടൻ അഭിമാനമായിക്കരുതി.

അച്ഛൻ ദാമോദരൻ ഇളയതു് വലിയ കഥകളിഭ്രാന്തനായിരുന്നു. ഒരു മാസം തുടർച്ചയായി കളി കണ്ടാലും മതിയാകാത്ത ഭ്രാന്തായിരുന്നു അതു്. കളിക്കു പോകുമ്പോൾ കുട്ടനേയും കൊണ്ടുപോകുക പതിവായിരുന്നു. ഇങ്ങനെ പൈതൃകമായ പാരമ്പര്യത്തിൽനിന്നു ജനിച്ചതാണു് മഹാകവിയുടെ കഥകളിബ്ഭ്രാന്തു്.

അന്നത്തെ മികച്ച പല കവികളുമായി പരിചയം സമ്പാദിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു കഥാപുരുഷൻ. സരസകവി കറുത്തപാറ ദാമോദരൻ നമ്പൂതിരി വൃദ്ധനായിരുന്നെങ്കിലും കുട്ടനെ സുഹൃത്തിനു തുല്യം പരിഗണിച്ചിരുന്നു. അദ്ദേഹം മുഖേന, 'അഭിനവഭോജരാജൻ' എന്നു പ്രഖ്യാതനായിരുന്ന കോഴിക്കോട്ടു മാനവിക്രമൻ ഏട്ടൻ തമ്പുരാൻേറയും വെള്ളാനശ്ശേരി വാസുണ്ണി മൂസിൻേറയും പരിചയവും പ്രീതിയും സമ്പാദിച്ചു.

പുസ്തകപാരായണത്തിൽ നാരായണൻെറ ശ്രദ്ധ വർദ്ധിക്കാനിട വരുത്തിയ ഒരു സംഭവമുണ്ടു്. ഒരിക്കൽ മാങ്കാവിൽ സമ്മേളിച്ച ഒരു പണ്ഡിതസദസ്സിൽവെച്ചു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജയദേവൻെറ 'പ്രസന്നരാഘവം' എന്ന നാടകം വായിക്കുകയായിരുന്നു. വെറും പതിനെട്ടു വയസ്സുകാരനായ നാരായണനു് ചില ഭാഗങ്ങളുടെ അർത്ഥം ശ്രവണമാത്രയിൽത്തന്നെ മനസ്സിലാകാഞ്ഞതു

കൊണ്ടു് വീണ്ടും വായിക്കാൻ പറഞ്ഞു. രണ്ടു പ്രാവശ്യം കഴിഞ്ഞു് മൂന്നാം വട്ടം ഇങ്ങനെ പറഞ്ഞപ്പോഠം പുന്നശ്ശേരി നമ്പി കോപിച്ചു. ''കവിതയുണ്ടാക്കിയാൽ പോരാ; വ്യൽപത്തി വേണം'' എന്നൊരഭിപ്രായവും അദ്ദേഹം പറഞ്ഞു. അന്നു മുതല്ക്കാണു് പുസ്തകപാരായണത്തിൽ നാരായണൻെറ ശ്രദ്ധ വദ്ധിച്ചതു്.

പതിനെട്ടാം വയസ്സിൽ നാരായണൻെറ അമ്മ മരിച്ചു. ആദ്യമായി അനുഭവപ്പെട്ട ജീവിതക്ലേശമായിരുന്നു അതു്. ഇനി ലാളിക്കാൻ ആരുണ്ടു്? പോരെങ്കിൽ പുരുഷപ്രാപ്തിയും വന്നുകഴിഞ്ഞു. എന്തെങ്കിലും തൊഴിൽ നോക്കാതെ പററുമോ? വൈദ്യം തൊഴിലാക്കാൻ അദ്ദേഹത്തിനു സമ്മതമുണ്ടായില്ല. മനസ്സു മുഴുവൻ കവിതയിലായിരുന്നു. പക്ഷെ, അതു് ഉപജീവനമാർഗ്ഗമാക്കാൻ അന്നാക്കും സാധിച്ചിരുന്നില്ല. എങ്കിലും അഭിരുചിക്കനുസരിച്ചു് നീങ്ങുകയാണെങ്കിൽ, സാഹിത്യ പരിശ്രമത്തിലേ അദ്ദേഹത്തിനു ചെല്ലാനുള്ളു. അതാകട്ടെ, ചെറുപ്പക്കാക്കു ചെന്നുമുട്ടാൻ പററിയതല്ലായിരുന്നുതാനും. എന്നാൽ, നാരായണമേനോൻ അങ്ങോട്ടുതന്നെ കടന്നുചെല്ലാൻ തീരുമാനിച്ചു. മികച്ച കവികളുമായി നിത്യസമ്പക്കവും പുലത്തിപ്പോന്നു.

HIGH SCHOOL
Date
KOTTAYAM.

കൊല്ലവർഷം 1077 വൃശ്ചികം 14–ാം തീയതി നാരായണ മേനോൻ തൻെറ ഒരമ്മാവൻെറ മകളായ വന്നേരി ചിററഴി വീട്ടിലെ മാധവിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. അടുത്ത കൊല്ലത്തിൽ അച്ഛനും ഗുരുവായ മാതുലനും നിര്യാതരായി. അമ്മാവൻെറ മരണം നിമിത്തം നാരായണമേനോനു രോഗികളെചികിത്സിക്കേണ്ട ചുമതല കൂടി വഹിക്കേണ്ടിവന്നു. എന്നാൽ, ഇതിനിടയിലും സാഹിത്യ പരിശ്രമത്തിനു കുറവുണ്ടായില്ല.

ക്രിസ്ത്വബ്ദം 1905–ൽ നാരായണമേനോൻ തൃശ്ശൂരിൽ കേരള കല്പദ്രുമം അച്ചുക്കൂടത്തിൻെറ മാനേജരായി ജോലിനോക്കാൻ തുടങ്ങി. കവികളുമായി ബന്ധം പുലർത്താനും, കവനകൗമുദി, രസികരഞ്ജിനി മുതലായ മാസികകളിൽ മുടക്കം കൂടാതെ കവിതയെഴുതാനും സഹായിച്ച സാഹചര്യമായിരുന്നു ഇതു്. ഏറെത്താമസിയാതെ നാരായണമേനോൻ വാല്മീകി രാമായണം തർജ്ജമ ചെയ്തു പൂർത്തിയാക്കി. ഭാരതം തർജ്ജമ കൊണ്ടു കേരളവ്യാസൻ എന്നു പേരുകേട്ട കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിഷ്കർഷിച്ചു പരിശോധിച്ചശേഷമാണ് ഈ ബൃഹദ്ഗ്രന്ഥം അച്ചടിച്ചതു്. ഇരുപത്തിമൂന്നു മാസംകൊണ്ടു ചെയ്തുതീർത്ത ഈ തർജ്ജമ മലയാളസാഹിത്യത്തിലെ എണ്ണപ്പെട്ട ഒരു കൃതിയാണ്.

1909–ൽ നാരായണമേനോൻെറ ജീവിതത്തിൽ തിരുത്താനാവാത്ത ഒരു ആഘാതം സംഭവിച്ചു, ചെറിയൊരു ജലദോഷവും ചെകിടടപ്പും അദ്ദേഹത്തെ ബാധിച്ചു. അന്നു മുതൽ അദ്ദേഹം ഒരു ബധിരനായിത്തീർന്നു. അച്ചുക്കൂടത്തിൻെറ മാനേജർ സ്ഥാനവും അതോടെ, അദ്ദേഹം രാജിവെച്ചു.

കവിക്കു ബാധിര്യം ബാധിച്ചെങ്കിലും കവിത പൂർവ്വാധികം വളരുകയാണ് ചെയ്തതു്. 'ചിത്രയോഗം' എന്ന മഹാകാവ്യവും ഒട്ടേറെ ഖണ്ഡകൃതികളും ആയിടയ്ക്കു പുറത്തുവന്നു. വിലാസലതിക, ബന്ധനസ്ഥനായ അനിരുദ്ധൻ, ദണ്ഡകാരണ്യം, ഗണപതി മുതലായ ലഘുകാവ്യങ്ങളും മററനേകം ഖണ്ഡകൃതികളും അക്കാലത്താണ് എഴുതിയതു്. കിളിക്കൊഞ്ചൽ, ശിഷ്യനും മകനും മുതലായവ ഇതിൽ പ്രത്യേകം ശ്രദ്ധേയമാണു്.

1915–ൽ തൃശ്ശൂരിൽനിന്നും പുറപ്പെട്ടുന്ന കേരളോദയം പത്രത്തിൽ സാഹിത്യവിഭാഗത്തിൻെറ ചുമതല വള്ളത്തോൾ ഏറെറടുത്തു. ഒരു കൊല്ലമേ ഈ ജോലിയിൽ ഇരുന്നുള്ളു. എങ്കിലും ഒരു ഗ്രന്ഥനിരൂപകനെന്ന നിലയിൽ പലതും അദ്ദേഹത്തിനു പ്രവർത്തിക്കുവാൻ സാധിച്ചു.

ഇടയ്ക്കുവെച്ച ഗ്രന്ഥനിരൂപണത്തിലേയ്ക്കു തിരിഞ്ഞുപോയ വള്ളത്തോളിൻെറ സാഹിത്യപരിശ്രമം വീണ്ടും കവിതയിലേയ്ക്കു തന്നെ മടങ്ങിവന്നു. 1919-ൽ കൊച്ചി മഹാരാജാവു് അദ്ദേഹത്തിനു 'കവിതിലകൻ' എന്ന ബഹുമതി നൽകി. ഈ കാലഘട്ടത്തിൽ പ്രസിദ്ധപ്പെടുത്തിയ കൃതികളിൽ പ്രധാനമാണു് 'മഗ്ദലനമറിയം' എന്ന ഖണ്ഡകാവ്യം. ദേശീയബോധത്തിൻെറ വളർച്ചയാണു് വള്ളത്തോളിൻെറ കൃതികളിൽ ഈ കാലഘട്ടത്തിൽ കണ്ട ഒരു മാററം. 'എൻെറ ഗുരുനാഥൻ', 'വൈശസം പോരും പോരും', 'പോരാ പോരാ', 'ഭാർഗ്ഗവസ്വാമിൻ തൊഴാം', 'മലയാളത്തിൻെറ തല' എന്നിങ്ങനെ പല കൃതികളും ഇക്കാലത്തു രചിച്ചു.

ഇനി ഒരു തർജ്ജമക്കാരനെന്ന നിലയിൽ ചെയ്ത പരിശ്രമങ്ങൾ നോക്കാം. ഇംഗ്ലീഷറിയാത്ത വള്ളത്തോളിനു സംസ്കൃതത്തിൽ മാത്രമേ ശ്രദ്ധിക്കേണ്ടിയിരുന്നുള്ളു. വാല്മീകിരാമായണം തർജ്ജമ ചെയ്തതു നിങ്ങൾ കണ്ടു. ഇതിനു പുറമെ, ഭാസകവിയുടെ നാടകങ്ങളായ 'മദ്ധ്യമവ്യായോഗം', 'അഭിഷേകം', 'പഞ്ചരാത്രം', 'സ്വപ്നവാസവദത്തം', 'ഊരുഭംഗം' എന്നിവയും കാളിദാസൻെറ 'ശാകുന്തള'വും, അവസാനമായി 'ഋഗ്വേദ'വും അദ്ദേഹം തർജ്ജമ ചെയ്തു.

പലപ്പോഴുമായി പ്രസിദ്ധപ്പെടുത്തിയ ഖണ്ഡകൃതികളുടെ സമാഹാരങ്ങളാണു് 'സാഹിത്യമഞ്ജരി'കൾ, ഇവയിലെ കവിതകളിൽ പലതും മനഃപാഠമാക്കാത്ത കേരളീയ സഹൃദയന്മാർ കുറവാണു്. ഇത്ര ശ്രവണസുന്ദരവും അർത്ഥപുഷ്ടവും ഭാവനാസമ്പന്നവുമായ കവിത കേരളത്തിൽ ചുരുക്കം പേർക്കേ രചിക്കുവാൻ സാധിച്ചിട്ടുള്ളു.

വാർദ്ധക്യം ചെല്ലുന്തോറും വള്ളത്തോൾ മഹാകവിയുടെ ഉത്സാഹം വർദ്ധിച്ചുകണ്ടു. 1946-ൽ അദ്ദേഹം സാഹിത്യപരിഷത്തിൻെറ അദ്ധ്യക്ഷനാക്കപ്പെട്ടു. 1948-ൽ മദിരാശി ഗവണ്മെൻറു് അദ്ദേഹത്തെ 'ആസ്ഥാനകവി'യാക്കി. 1950-ൽ അദ്ദേഹം ഒരു സമ്മേളനത്തിൽ പങ്കെടുക്കാനായി യൂറോപ്പിലേയ്ക്കു പോയി. ലണ്ടൻ, പാരീസ്, ജനീവ, റോം എന്നീ സ്ഥലങ്ങളിലൊക്കെ അദ്ദേഹം സഞ്ചരിച്ചു. പുത്രനായ ബാലചന്ദ്രനും കൂടെയുണ്ടായിരുന്നു. 1951-ൽ അദ്ദേഹം റഷ്യയിൽ പര്യടനം നടത്തി. 1953-ൽ ഒരു കഥകളിസംഘത്തേയും കൊണ്ടു് അദ്ദേഹം ചൈനയ്ക്കു പോയി ആറാഴ്ച സഞ്ചരിച്ചു. 1954-ൽ സിങ്കപ്പൂരിലും മലയായിലും പര്യടനം നടത്തി. അക്കൊല്ലം തന്നെ കേന്ദ്ര സാഹിത്യ അക്കാഡമിയിലും അംഗത്വം ലഭിച്ചു. അടുത്ത കൊല്ലം 'പത്മവിഭൂഷൺ' എന്ന ബഹുമതി നൽകപ്പെട്ടു. 1956-ൽ

കേരള സാഹിത്യ അക്കാഡമിയുടെ ഉപാദ്ധ്യക്ഷനായും അദ്ദേഹം നിയമിക്കപ്പെട്ടു. എന്തൊരു സംഭവബഹുലമായ ജീവിതം!

എഴുപതു കഴിഞ്ഞിട്ടും ഇരിക്കക്കൊള്ളാത്ത ഒരു യുവചൈതന്യം വള്ളത്തോളിനെപ്പോലെ ചുരുക്കം പേർക്കേ ഉണ്ടാകുള്ളു. 1958_ൽ, എഴുപത്തൊമ്പതാമത്തെ വയസ്സിൽ, അദ്ദേഹം രോഗശയ്യയിൽ കിടക്കുകയായിരുന്നു. എറണാകുളത്തു തൻെറ പുത്രൻ ബാലചന്ദ്രക്കുറുപ്പിൻെറ വസതിയിലാണു് കിടപ്പു്. അന്നൊരു ദിവസം അദ്ദേഹം അഖിലലോക പര്യടനത്തിനു് 'പാസ്സ്പോർട്ടു്' ആവശ്യപ്പെട്ടുകൊണ്ടു് അപേക്ഷ തയ്യാറാക്കിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോഴേയ്ക്കും സുഖക്കേടു കൂടുതലായി. തന്നെ ചികിത്സിക്കാൻ വിദഗ്ദ്ധനായ ഒരു ഡോക്ടറെ അയച്ചുകൊടുക്കാനാവശ്യപ്പെട്ടുകൊണ്ടു പ്രധാനമന്ത്രി നെഹ്റുവിനു് അദ്ദേഹം കത്തെഴുതി. നെഹ്റു ഉടനെതന്നെ കേരള മുഖ്യമന്ത്രി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ ടെലിഫോൺ വഴി വിവരം ധരിപ്പിച്ചു. ഡാക്ടർ ശങ്കരരാമൻ വള്ളത്തോളിനെ വന്നു കണ്ടു. ലോകം ചുററിക്കണ്ടു സുഖമായി ജീവിക്കാനുള്ള അതിരു കടന്ന ആസക്തിയുടെ പേരിലാണു് മഹാകവി ഈ ബദ്ധപ്പാടൊക്കെ കാണിച്ചതു്. പക്ഷെ, ഈ ലോകത്തിൽ കാണേണ്ടതു പലതും കണ്ടുകഴിഞ്ഞതുകൊണ്ടോ എന്തോ, പരലോകത്തേക്കാണു് ദൈവം 'പാസ്സ്പോർട്ടു്' നൽകിയതു്. 1958 മാർച്ചു് 13_ാം തീയതി രാത്രി മഹാകവി ഈ ലോകത്തോടു വിട വാങ്ങിയ കാഴ്ച ദുസ്സഹമായിരുന്നു. മലയാളികളിൽ ചിലരൊക്കെ വിശ്വവിഖ്യാതി നേടീട്ടുണ്ടെങ്കിലും ഈ ഭൂഗോളത്തിൽ താൻ സന്ദർശിച്ച എല്ലാ സ്ഥലത്തും ഇത്ര തലയെടുപ്പോടെ നിന്നു ബഹുമാന്യനായിത്തീരാൻ മററാക്കും സാധിച്ചിട്ടില്ല.

### അഭ്യാസം

1. അപോദ്ധരിക്കുക:—
   - (i) കവിത കോമളമായിരുന്നെങ്കിലും ശബ്ദം പരുക്കനായിരുന്നു.
   - (ii) കുട്ടനെ അഞ്ചാം വയസ്സിൽ എഴുത്തിനിരുത്തി.
   - (iii) പൈതൃകമായ പാരമ്പര്യത്തിൽനിന്നു ജനിച്ചതാണു് മഹാകവിയുടെ കഥകളിബ്ഭ്രാന്തു്.

2. ഇത്ര ശ്രവണസുന്ദരവും അത്ഥപുഷ്ടവും ഭാവനാസമ്പന്നവുമായ കൃതികൾ കേരളത്തിൽ ചുരുക്കം പേർക്കേ രചിക്കുവാൻ സാധിച്ചിട്ടുള്ളു. (അത്ഥത്തിനു മാററം വരുത്താതെ നിഷേധ വാക്യമാക്കുക.)

3. അദ്ദേഹം അക്കാഡമിയുടെ ഉപാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. (കത്തരിപ്രയോഗമാക്കുക.)

4. വള്ളത്തോളിൻെറ സാഹിത്യസേവനത്തെപ്പററി ഒരു ഉപന്യാസമെഴുതുക.

പാഠം 29

## വഴി തെററി

[ഇടശ്ശേരി ഗോവിന്ദൻനായരുടെ "തത്ത്വശാസ്ത്രങ്ങൾ" എന്ന പദ്യസമാഹാരത്തിലെ "അങ്ങേവീട്ടിലേക്ക്" എന്ന കവിതയിൽ നിന്നെടുത്ത ഒരു ഭാഗമാണ് താഴെ ചേർത്തിരിക്കുന്നത്.

അച്ഛൻ മകളെ നാഗരികാഗ്രേസരനും സമ്പന്നനുമായ ഒരാൾക്ക് വിവാഹം ചെയ്തുകൊടുത്തു. മകളെക്കാണാൻ ജാമാതാവിന്റെ വീട്ടിലേക്ക് ഒരിക്കലും ചെല്ലരുതെന്നായിരുന്നു കരാർ. കുറച്ചുകാലം കഴിഞ്ഞപ്പോൾ പുത്രിയെ ഒരു നോക്കു കാണുവാൻ വൃദ്ധനു കൊതി മുഴുത്തു. വരുന്നതു വരട്ടെ എന്നു വിചാരിച്ച് കിഴവൻ പട്ടണത്തിലേക്ക് പുറപ്പെട്ടു. ഭൂതകാലസ്മരണകളെ അയവിറക്കിക്കൊണ്ടായിരുന്നു അയാളുടെ യാത്ര. അങ്ങനെ സന്ധ്യയോടുകൂടി ജാമാതാവിന്റെ വീട്ടിൽ ചെന്നു കയറി. അവിടെ ചെന്നെത്തിയപ്പോൾ ആ സാധുവിനു ലഭിച്ച സ്വീകരണമാണ് താഴെ കൊടുത്ത വരികളിൽ വർണ്ണിച്ചിരിക്കുന്നത്.]

പൂമുഖം വിദ്യുദ്ദീപശോഭയാലോളംവെട്ടു-
മാമണിഹർമ്മ്യത്തിന്റെ മുററത്തു നിന്നുവൃദ്ധൻ.
മാന്യമായുടുപ്പിട്ടു രണ്ടുപേർ, സുഹൃത്തുക്ക-
ളായിടാം, ജാമാതാവുണ്ടവരൊത്തിരിക്കുന്നു.

*　　*　　*　　*　　*

മകളമ്മുറത്തെത്തിയച്ഛനെക്കണ്ടു, ഭർത്തൃ-
മുഖമണ്ഡലംനോക്കി നിസ്സഹായയായ് നിന്നു.
കാർനിഴൽ നീന്തീടുന്ന കൺകളാലവൾപിന്നെ-
ക്കാൽനടക്കാരൻ നില്ക്കും പൂഴിയിൽപ്പൂത്തുകിനാൾ.

*　　*　　*　　*　　*

വിളിച്ചു പൂജിക്കാഞ്ഞി,ട്ടാട്ടിയോടിക്കാഞ്ഞിട്ടും
വിചിത്രമൊരേകാലം ജാമാതാവിനു ദണ്ഡം.
കാല്ക്കൽ വീഴ്കയോ വേണ്ടു, പോയൊരു മുക്കിൽക്കണ്ണീർ
വാർക്കയോ ?—വയ്യീനിൽപ്പു നില്പുവാൻ പുത്രിക്കെന്നായ്.
എങ്ങനെ പോകും ? നില്ക്കും ? കുഴങ്ങി, കുഴയുന്ന
തന്നുടെ കാലിൻദണ്ഡം വിസ്മരിച്ചൊരു വൃദ്ധൻ
പന്തികേടുകൾ കണ്ടു മിത്രങ്ങൾ വീണ്ടും ചോദ്യം
"എന്തുള്ള വിശേഷമിക്കിഴവൻ നിങ്ങൾക്കാരോ ?"
ഭർത്താവുത്തരവായീ ഭാര്യയോ, "ടിയാളെ നീ-
യപ്പുറത്തെങ്ങാൻ കൂട്ടി വല്ലതും കൊടുത്തേക്കു."

''കാര്യമിങ്ങനെയൊക്കെയാ,ണച്ഛൻ പൊറുക്കുകെൻ
പേരി''ലെന്നല്പീകെഞ്ചിക്കാർനിഴൽ നീന്തും കൺകൾ!
പാടുപെട്ടുണ്ടാക്കിയ പുഞ്ചിരിയോടാവൃദ്ധൻ
ചോടുമാററിക്കൊണ്ടേററെബ്ഭംഗിയിലേവം ചൊല്ലി:
''വഴിതെററുന്ന വയസ്സാവുമ്പോൾ, അങ്ങേ വീട്ടിൽ
ക്കയറേണ്ടതാ,''ണായാളിറങ്ങി കുനിക്കുനി.

തത്ത്വശാസ്ത്രങ്ങൾ] [ഇടശ്ശേരി

## അഭ്യാസം

1. അച്ഛനെ മകൾ എങ്ങനെയാണ് എതിരേററതു് ?

2. അവിടെ സന്നിഹിതരായിരുന്ന ഓരോരുത്തരുടേയും മനസ്സിൽക്കൂടി കടന്നുപോയ വിചാരങ്ങൾ ഏവ ?

3. എങ്ങനെയാണ് വൃദ്ധൻ അഭിമാനം കാത്തുരക്ഷിച്ചതു് ?

4. (a) പിരിച്ചെഴുതുക:—
വിദ്യുദ്ദീപശോഭ; ഏററെബ്ഭംഗിയിൽ.

(b) ചേർത്തെഴുതുക:—
മകൾ + ഉമ്മറത്തു് + എത്തി; ഈ + കിഴവൻ;
ഭർത്താവു് + ഉത്തരവു് + ആയി; കുനി + കുനി.

(c) പര്യായപദങ്ങൾ പറയുക:—
ഭർത്താവു്; ഭാര്യ; അച്ഛൻ; മകൾ.

---

പാഠം 30

# കേരളത്തിലെ ലൗകികദൃശ്യകലകൾ

കഥകളിയുടെ നാടു് എന്ന പേരിൽ കേരളത്തിനു് സിദ്ധിച്ചിട്ടുള്ള ദൃശ്യകലാപാരമ്പര്യം അന്യാദൃശ്യമാണ്. നൃത്തനൃത്യനാട്യങ്ങളും ഗാനമേളങ്ങളും വിചിത്രമായ വേഷസംവിധാനവും ഒത്തിണങ്ങിയ കഥകളിയെ പ്രസവിച്ച കേരളം ദൃശ്യകലാവേദിക്കു നല്കീട്ടുള്ള സംഭാവനകളന്വേഷിക്കുവാൻ ഏതൊരു കലാപ്രേമിക്കും

കൗതുകം തോന്നാവുന്നതാണു്. ഈശ്വരനെ പ്രീതിപ്പെടുത്താൻ നടത്തുന്ന ദൃശ്യകലകളുടെ വലിയൊരു പട്ടിക നമുക്കുണ്ടു്. ഭഗവതിപ്പാട്ടു്, പാന, മുടിയേററു് എന്നു തുടങ്ങി പലതും ഇക്കൂട്ടത്തിൽപ്പെടും. ഇവ കൂടാതെ തികച്ചും ലൗകികങ്ങളായ ദൃശ്യകലകളും ദൈവിക ലൗകിക ലക്ഷ്യങ്ങൾ ഇടകലൎന്ന കലകളും നമുക്കുണ്ടു്. ലൗകികദൃശ്യകലകളെക്കുറിച്ചു മാത്രമേ ഇവിടെ പറയുന്നുള്ളു.

കുറത്തിയാട്ടം, മോഹിനിയാട്ടം, കൈകൊട്ടിക്കളി, ഏഴാമുത്തിപ്പുറപ്പാടു്, തുള്ളൽ, പാഠകം, കഥകളി എന്നിവയാണു് ലൗകിക ദൃശ്യകലകളിൽ പ്രധാനം. പണ്ടുകാലത്തു പണച്ചെലവു കൂടാതെ ഈ കലകൾ സാധാരണക്കാൎക്കു കാണാൻ സൗകര്യം ലഭിച്ചിരുന്നു. ദേവാലയങ്ങളോ നാട്ടിൽപ്രമാണികളോ അതിനു അവസരമുണ്ടാക്കുക പതിവായിരുന്നു. ഇന്നു് ആ സമ്പ്രദായം മിക്കവാറും നിലച്ചിരിക്കുന്നു. അപൂൎവ്വം ചില ദേവാലയങ്ങളിൽ ഈ കലകളിൽ ചിലതു പ്രദൎശിപ്പിക്കുന്നില്ലെന്നില്ല. കഥകളിയൊഴികെയുള്ള കലകൾക്കെല്ലാം അത്തരം സന്ദൎഭങ്ങളിൽ മാത്രമേ ഇന്നു തലപൊക്കാൻ സാധിക്കുന്നുള്ളു. ഹിന്ദുക്കളല്ലാത്തവൎക്കു തന്മൂലം ഈ കലകളെപ്പററി കേട്ടുകേൾവി മാത്രമേ ഉണ്ടായിരിക്കയുള്ളു.

## കുറത്തിയാട്ടം

മഹാവിഷ്ണുവിന്റേയും പരമശിവന്റേയും പത്നിമാരെ പ്രതിനിധാനം ചെയ്യുന്ന രണ്ടു സ്ത്രീ കഥാപാത്രങ്ങൾ അരങ്ങത്തുവരും. പാട്ടു്, മദ്ദളം, കുഴിത്താളം എന്നിവയടങ്ങിയ പശ്ചാത്തലസംഗീതത്തിനിണങ്ങി ഈ കഥാപാത്രങ്ങൾ പാടി നൃത്തം ചെയ്യും. ഭൎത്താവിന്റെ യോഗ്യതയാണു് വാദവിഷയം. തൎക്കം മൂക്കുമ്പോൾ സരസ്വതിയെ പ്രതിനിധാനം ചെയ്യുന്ന കുറത്തി വന്നു മാദ്ധ്യസ്ഥ്യം വഹിക്കുന്നു. ഇതാണു് കുറത്തിയാട്ടത്തിലെ പ്രതിപാദ്യം. പാട്ടിനു സാഹിത്യഗുണമോ നൃത്തനാട്യങ്ങൾക്കു പറയത്തക്ക ഭംഗിയോ ഇല്ലാത്ത ഈ നാടോടിക്കല തമിഴു് നാട്ടിൽ നിന്നു വന്നതാവാം. ഏതായാലും സാധാരണക്കാരെ രസിപ്പിക്കാൻ കഴിവുള്ളൊരു കലയാണിതു്.

## മോഹിനിയാട്ടം

വിഷ്ണു മോഹിനിവേഷം ചമഞ്ഞു് ശിവനെ ഭ്രമിപ്പിച്ചതായ ഒരു പുരാണകഥയുണ്ടു്. മിക്കവാറും അതിനെ അനുസ്മരിപ്പിക്കുന്നതാണു് മോഹിനിയാട്ടം. ആകർഷകമായ വേഷത്തിൽ ഒരു നടി സഖിയോടൊന്നിച്ചു രംഗത്തിൽ വന്നു നൃത്തം ചെയ്യും. താളലയ

പ്രധാനമായ ഈ നൃത്തം ഒരു കാലത്തു് വളരെപ്പേരെ ആകർഷി ച്ചിരുന്നു. ഇന്നു മിക്കവാറും നശിച്ചുകഴിഞ്ഞിരിക്കുന്ന ഈ കല കേരളകലാമണ്ഡലം പുനരുദ്ധരിക്കാൻ ശ്രമിക്കുന്നുണ്ടു്.

## കൈകൊട്ടിക്കളി

കേരളത്തിൽ എല്ലായിടത്തും പ്രചാരമുള്ള ഒരു നൃത്ത വിനോദ മാണു് കൈകൊട്ടിക്കളി. സ്ത്രീകൾ സംഘം ചേർന്നു് വട്ടമിട്ടു നിന്നു് പാട്ടുപാടി താളത്തിനൊത്തു ചുവടുവച്ചു കളിക്കും. ഓണം, തിരുവാതിര തുടങ്ങിയ വിശേഷ സന്ദർഭങ്ങളിലാണു് ഈ കളി കേരളത്തിൽ സാർവ്വത്രികമായി കാണുന്നതു്.

## ഏഴാമുത്തിപ്പുറപ്പാടു്

നമ്പൂതിരിമാരും അമ്പലവാസികളും മാത്രമേ ഈ ദൃശ്യവിനോ ദത്തിൽ പങ്കെടുക്കാറുള്ളു. ചടങ്ങു് ഇങ്ങനെയാണു്: നിലവിള ക്കിന്റെ മുമ്പിൽ ഒരു ചെമ്പു കമഴ്ത്തിയിട്ടു് ആളുകൾ അതിനു ചുററും വന്നിരിക്കും. സംഘത്തിലൊരാൾ പാട്ടുപാടി ആരോടെ ങ്കിലും ഉത്തരം ആവശ്യപ്പെടും. അയാൾക്കു് ഉത്തരം പറയാൻ കഴിഞ്ഞില്ലെങ്കിൽ ആരെയെങ്കിലും അനുകരിച്ചു് അഭിനയിക്കാ നാവശ്യപ്പെടും. അയാൾ അതു ചെയ്യും. അതുകഴിഞ്ഞാൽ മറെറാ രാൾക്കായി ഊഴം. ഇങ്ങനെ പല വേഷങ്ങളും അഭിനയിക്കപ്പെടും. പ്രചാരം തീരെ നിലച്ച കളിയാണിതു്.

## തുള്ളൽ

കലാപരമായി മേൽ പറയപ്പെട്ട വിനോദങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്നതാണു് തുള്ളൽ. ചാക്യാർകൂത്തിനു മിഴാവു കൊട്ടിയിരുന്ന കുഞ്ചൻനമ്പ്യാർ ഒരിക്കൽ ഉറക്കം തൂങ്ങിപ്പോയത്രേ. ഇതുകണ്ടു ചാക്യാർ ശകാരിച്ചു. കുഞ്ചൻനമ്പ്യാർ പിറെറ ദിവസം ഒരു കഥയെഴുതി വേഷംകെട്ടിക്കളിച്ചു് പ്രേക്ഷകരെ ആകർഷിച്ചുവെന്നാണു് തുള്ളലിൻെറ ഉത്ഭവത്തെപ്പററിയുള്ള ഐതിഹ്യം. ഇതൊന്നും നിങ്ങൾ വിശ്വസിക്കണമെന്നില്ല.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു തരത്തിലുണ്ടു് തുള്ളൽ. കിരീടം, മെയ്ക്കോപ്പു്, ഉടുത്തുകെട്ടു് എന്നിവയിലുള്ള വ്യത്യാ സംകൊണ്ടു് ഇവ മൂന്നും തിരിച്ചറിയാം. മുഖത്തു പച്ചതേച്ചു് 'റ' എന്ന ആകൃതിയിലുള്ള കിരീടമാണു് ഓട്ടൻതുള്ളലിൽ ഉപയോഗി ക്കുക. അനേകം നാടകൾകൊണ്ടു ചേർത്തുണ്ടാക്കിയ പാവാടയാണു് ഉടുത്തു കെട്ടുന്നതു്. എന്നാൽ പറയൻതുള്ളലിൻെറ ഉടുത്തുകെട്ടു്

ഇതിൽനിന്നു വ്യത്യസ്തമാണു്. വെറും ഒരു പട്ടുകൊണ്ടു് സാധാരണ മട്ടിൽ ഉടുക്കും. കിരീടം ത്രികോണാകൃതിയിലാണു്. മുഖത്തു് പച്ചതേയ്ക്കലും പതിവില്ല. ശീതങ്കൻ തുള്ളലിൽ കിരീടമില്ല. ശിരസ്സിലും മാറത്തും കൈകളിലും കുരുത്തോലകൊണ്ടുള്ള ആഭരണങ്ങളാണു് ശീതങ്കനിൽ ഉപയോഗിക്കുക. ഉടുത്തുകെട്ടു് ഓട്ടൻതുള്ളലിൻേറതുപോലെതന്നെ. ഇവയെല്ലാം പുറമെ പാടുന്ന രീതിയിലും ചില വ്യത്യാസങ്ങളില്ലെന്നില്ല.

തുള്ളൽക്കാരനു പുറമെ, കുറത്തിയാട്ടത്തിലേതുപോലെ, ഒരു മദ്ദളക്കാരനും കുഴിത്താളക്കാരനും ഇവിടേയും ആവശ്യമാണു്. തുള്ളൽക്കാരൻ പാടി അഭിനയിച്ചു നൃത്തം ചെയ്യുന്നു. അകമ്പടിക്കാർ ഏറ്റുപാടുന്നു. സദസ്സിലിരിക്കുന്നവരുടെ മുഖത്തുനോക്കി പരിഹാസരീതിയിൽ പാടി അഭിനയിക്കുകയും പതിവുണ്ടു്.

കുഞ്ചൻനമ്പ്യാരെഴുതിയ പുരാണകഥകളാണ്, പണ്ടെന്ന പോലെ ഇന്നും, എല്ലാവരും തുള്ളലിനുപയോഗിക്കുന്നത്. പുരാണ കഥകൾ സരസമായി വിവരിക്കുന്നതോടൊപ്പം എല്ലാ സമുദായ ക്കാരേയും ക്രൂരമലെന്യേ വിമർശിക്കുകയും ചെയ്യുന്നതിനാൽ തുള്ളൽ കൃതികൾ സാമാന്യജനങ്ങളെ വളരെയധികം ആകർഷിക്കുന്നുണ്ട്. ക്ഷേത്രത്തിനു പുറത്തും തുള്ളലിന് അരങ്ങില്ലായ്കയില്ല.

## പാഠകം

പുരാണ കഥാകഥനംകൊണ്ട് സദസ്യരെ രസിപ്പിക്കുകയാണ് പാഠകത്തിൻെറ ലക്ഷ്യം. ഇതിനു വാദ്യങ്ങളില്ല. വിദ്വാനായ പാഠകക്കാരൻ ഒരു വിളക്കിൻെറ മുമ്പിൽനിന്ന് മംഗളം നിർവ്വഹിച്ച ശേഷം നീണ്ട ഒരു ഗദ്യവാക്യത്തിൽക്കൂടി കഥാപ്രസംഗത്തിൻെറ പ്രയോജനവും മററും വിവരിക്കും. അതിനുശേഷം, കഥയിലെ പ്രകൃതത്തെസ്സംബന്ധിക്കുന്ന ശ്ലോകം ചൊല്ലി അർത്ഥം വിവരിക്കും. ഇടയ്ക്കിടെ ഫലിതം പറഞ്ഞു സാധാരണക്കാരെ രസിപ്പിക്കുക പതിവാണ്. ക്ഷേത്രങ്ങളിൽ മാത്രമേ പാഠകത്തിനു അരങ്ങു കിട്ടുന്നുള്ളു.

## കഥകളി

കേരളകലകളിൽവെച്ചു സമുന്നതവും സമ്പൂർണ്ണവുമാണ് കഥകളി. നൃത്തം, നൃത്യം, നാട്യം, പാട്ട്, മേളം, വേഷവിധാനം എന്നിവ കൊണ്ട് സമാകർഷകവും ശാസ്ത്രദൃഷ്ട്യാ സമ്പൂർണ്ണവുമായ ഈ ദൃശ്യകല ഇന്ന് വിശ്വപ്രഖ്യാതി നേടിക്കഴിഞ്ഞിരിക്കുന്നു. അസാധാരണമായ ശില്പവൈദഗ്ദ്ധ്യം പ്രകടിപ്പിക്കുന്ന വേഷങ്ങളുടെ വൈചിത്ര്യവും അംഗപ്രത്യംഗം താളത്തിനിണങ്ങിയ ചലനവും അത്ഭുതാവഹമായ സ്തോഭപ്രകടനവുംകൊണ്ട് ഈ കല ഏതു സഹൃദയനേയും ആകർഷി ക്കുന്നു. പദങ്ങളെ പ്രതിനിധാനം ചെയ്യാൻ പ്രത്യേകം മുദ്രകളുപ യോഗിക്കുന്നതിനാൽ ഭാഷയറിയാത്തവർക്കും കഥകളി ആസ്വദിക്കാം. മററെല്ലാ ദൃശ്യകലകളേയും അപേക്ഷിച്ചു കഥകളിക്കു നേടാൻ സാധി ച്ചിട്ടുള്ള സാർവ്വലൗകിക ഹൃദ്യതയ്ക്കുള്ള മുഖ്യകാരണം ഇതാണ്.

കഥകളിയുടെ ഉദ്ഭവത്തെപ്പററി ഒരു കഥയുണ്ട്. കോഴിക്കോട്ടു മാനവേദ രാജാവിൻെറ അധീനത്തിലുണ്ടായിരുന്ന കൃഷ്ണനാട്ടക്കളി യോഗത്തെ ഒന്നയച്ചുകൊടുക്കണമെന്നു കൊട്ടാരക്കരത്തമ്പുരാൻ

അപേക്ഷിച്ചുവത്രേ. തെക്കൻദിക്കുകളിൽ കൃഷ്ണനാട്ടം കണ്ടു മനസ്സിലാക്കാൻ കഴിവുള്ളവരില്ലെന്നു മാനവേദ രാജാവു് മറുപടി പറഞ്ഞയച്ചുപോലും! കൊട്ടാരക്കരത്തമ്പുരാൻ ഉടനെ രാമായണം കഥ ദൃശ്യകലാരൂപത്തിലാക്കി അവതരിപ്പിച്ചു. രാമനാട്ടം എന്ന പേരിൽ ഇങ്ങനെയുണ്ടായ ദൃശ്യകലയാണത്രേ അനന്തരകാലത്തു കഥകളിയെന്നു അഭിധാനത്തിൽ വിഖ്യാതമായിത്തീൎന്നതു്. ഇതു് ഒരൈതിഹ്യമാണു്.

കോട്ടയത്തു തമ്പുരാന്റെ കല്യാണസൗഗന്ധികം, ബകവധം, നിവാതകവചകാലകേയവധം, കിൎമ്മീരവധം, ഉണ്ണായിവാരിയരുടെ നളചരിതം, ഇരയിമ്മൻതമ്പിയുടെ ദക്ഷയാഗം, കീചകവധം, ഉത്തരാസ്വയംവരം ആദിയായവ കഥകളി പ്രസ്ഥാനത്തിൽ സാഹിത്യഭംഗികൊണ്ടു മികച്ചുനില്ക്കുന്ന കൃതികളാണു്.

ഇനി കളിയുടെ ചടങ്ങു വിവരിക്കാം. സന്ധ്യയാകുമ്പോൾ കളിസ്ഥലത്തു് കേളികൊട്ടു നടത്തും. കളിയുണ്ടെന്നു പരസ്യപ്പെടുത്തുകയാണു് കേളിയുടെ ലക്ഷ്യം. കളി തുടങ്ങാൻ സമയമായാൽ വലിയൊരു നിലവിളക്കു കൊളുത്തിവെയ്ക്കും. പിന്നെ തോടയം പുറപ്പാടായി. അതിന്റെ ആദ്യത്തെ ചടങ്ങാണു് ശുദ്ധമദ്ദളം. അതിനുശേഷം തിരശ്ശീല പിടിക്കും. തിരശ്ശീലയുടെ പിന്നിൽ നിന്നു് സ്ത്രീവേഷം നൃത്തംചെയ്യും. ഇതു കഴിഞ്ഞാണു് 'പുറപ്പാടു്'. ഏതെങ്കിലും ഒരു പച്ചവേഷം നായികാസമേതം രംഗത്തിൽവന്നു് അഭ്യാസപാടവം വെളിപ്പെടുത്തുകയാണു് പതിവു്. ഇത്രയും കഴിഞ്ഞാണു് കളിയാരംഭിക്കുക. ചേങ്ങല പിടിച്ചുകൊണ്ടുള്ള പ്രധാന പാട്ടുകാരൻ, ഇലത്താളം പിടിച്ചുകൊണ്ടുള്ള ശങ്കിടിപ്പാട്ടുകാരൻ, ചെണ്ടക്കാരൻ, മദ്ദളക്കാരൻ എന്നിവർ അരങ്ങത്തു പിന്നിലായി നില്ക്കും. കഥാപാത്രങ്ങൾ യഥാക്രമം പ്രവേശിക്കും; പാട്ടിന്റെ അൎത്ഥത്തിനനുസരിച്ചു യഥാക്രമം മുദ്രകൾ കാണിച്ചും താളത്തിനൊത്തു ചവിട്ടിയും മുഖത്തു സ്തോഭങ്ങൾ പ്രകടിപ്പിച്ചും അവർ അഭിനയിക്കുന്നു. നടൻ മനോധൎമ്മം പ്രയോഗിച്ചു കഥാംശത്തെ പോഷിപ്പിക്കുന്ന 'ഇളകിയാട്ട'വും കഥകളിയിൽ പതിവുണ്ടു്.

ഇനി വേഷങ്ങൾ വിവരിക്കാം. മിനുക്കു്, തേപ്പു്, താടി എന്നിങ്ങനെ വേഷങ്ങളെ മൂന്നായി ആദ്യം തിരിക്കാം. സ്ത്രീകൾ, ഋഷികൾ, ബ്രാഹ്മണർ മുതലായ വേഷങ്ങൾക്കാണു് മിനുക്കു് എന്നു പറയുന്നതു്. ഏറെക്കുറെ, നാടകത്തിലെ വേഷക്കാർ പൗഡറിടുന്നതു പോലെയുള്ള പ്രയാസമേ മിനുക്കിൽ കാണുന്നുള്ളൂ. എന്നാൽ, തേപ്പു്

വിഷമം പിടിച്ചതാണു്. പച്ച, കത്തി എന്നു് രണ്ടുതരത്തിലുണ്ടു് തേപ്പു്. നല്ല സ്വഭാവക്കാർക്കുള്ള വേഷമാണു് പച്ച. മുഖത്തു പച്ച തേച്ചു് അരിമാവുകൊണ്ടുള്ള തിണ്ടുണ്ടാക്കി മോടിപിടിപ്പിക്കുന്ന പണി എളുപ്പമല്ല. അരിമാവുകൊണ്ടുള്ള ഈ തിണ്ടിനു് ചുട്ടി എന്നാണു് പറയുക. കത്തിവേഷം കുറച്ചുകൂടി ഉഗ്രമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു. പച്ചയ്ക്കുള്ള വേഷത്തിനു പുറമെ മൂക്കിന്റെ ചുറ്റും ഒരു വെള്ളച്ചുട്ടി ഇതിൽ കാണാം. ഇടയിലുള്ള സ്ഥലത്തു ചുവപ്പു ചായവും തേയ്ക്കും. ഇതിനെല്ലാം പുറമേ, നാസികാഗ്രത്തിൽ ഒരു ചുട്ടിപ്പൂവും കാണാം.



ഇനി താടിവേഷം നോക്കാം. വെള്ള, ചുവപ്പ്, കറുപ്പ് എന്നിങ്ങനെ മൂന്നു തരമുണ്ട് താടി. കണ്ണിനു ചുററും ഒരു ചുട്ടിനാടയും മൂക്കിൽ ചുട്ടിപ്പൂവും ഇതിന്റെ പ്രത്യേകതകളാണ്. കാഴ്ചയ്ക്ക് ഏററവുമധികം ഭയം തോന്നിക്കുന്ന ഈ വേഷം ദുഷ്ടകഥാപാത്രങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. മേൽപ്പറഞ്ഞവയിൽനിന്നു വ്യത്യസ്തങ്ങളായ പല വേഷങ്ങൾ വേറെയും പറയാനുണ്ട്.

പച്ച, കത്തി, താടി എന്നീ വേഷങ്ങൾക്കെല്ലാം കമനീയമായ കിരീടമുണ്ടായിരിക്കും. മിനുക്കിൽ നാരദൻ മുതലായ ചില വേഷങ്ങൾക്കു മാത്രമേ അതുള്ളു. കിരീടത്തിനു പുറമെ, ഒട്ടേറെ, മെയ്യോപ്പുകൾ എല്ലാ വേഷങ്ങൾക്കും ആവശ്യമാണ്. ഉടുത്തുകെട്ടിനാവശ്യമുള്ള തുണിയുടെ കണക്കു കേട്ടാൽ നിങ്ങൾ പേടിക്കും. ഏതാണ്ട് അഞ്ഞൂറോളം വെള്ളക്കച്ച വേണം ഒരു ദിവസത്തെ കളിക്ക്. ഒരു

കളിയോഗത്തിനാവശ്യമുള്ള ഉപകരണങ്ങൾക്ക് മൊത്തത്തിൽ പതിനായിരം രൂപയോളം വില വരും.

ഈ ഭൂഗോളത്തിൽ എവിടെ ചെന്നാലും കഥകളിക്കു കലാകാരന്മാരുടെ ആദരവു നേടുവാൻ സാധിക്കുന്നു. പ്രേക്ഷകർക്കു മനസ്സിലാക്കാൻ വിഷമമുണ്ടെങ്കിലും, കലാകാരന്മാരെ മുട്ടുകുത്തിക്കത്തക്ക സാങ്കേതികഭദ്രതയുള്ള കഥകളി, വിശ്വവിഖ്യാതി നേടിയതിൽ അത്ഭുതപ്പെടാനില്ല. കലകളുടെ കലയാണ് കഥകളി.

## അഭ്യാസം

1. വാക്യവിവർത്തനം ചെയ്യുക:—

(i) സ്ത്രീകൾ സംഘംചേർന്നു വട്ടമിട്ടു നിന്നു പാട്ടുപാടി താളത്തിനൊത്തു ചുവടുവച്ചു കളിക്കും. (മഹാവാക്യമാക്കുക)

(ii) ശീതങ്കൻ തുള്ളലിൽ കിരീടമില്ല. (ചോദ്യരൂപത്തിലാക്കുക)

(iii) പുരാണകഥകൾ സരസമായി വിവരിക്കുന്നതോടൊപ്പം എല്ലാ സമുദായക്കാരേയും ക്ലേശലെന്യേ വിമർശിക്കുകയും ചെയ്യുന്നതിനാൽ

ളുള്ളൽക്<sup></sup>കൃതികൾ സാമാന്യജനങ്ങളെ വളരെയധികം ആകർഷിക്കുന്നുണ്ടു്. (സങ്കീർണ്ണവാക്യമാക്കുക).

2. കഥകളി മററു ദൃശ്യകലകളെക്കാൾ കൂടുതൽ ഹൃദ്യമാണെന്നു പറയുവാൻ കാരണമെന്തു്?

3. കഥകളിപ്രസ്ഥാനത്തിലെ മികച്ച കൃതികൾ ഏതെല്ലാം ?

4. കഥകളിയിലെ വേഷങ്ങളെപ്പററി ഒരു വിവരണമെഴുതുക.

---

## പാഠം 31

# അരിയില്ലാഞ്ഞിട്ടു്

[ഒരു മണി അരിയിട്ടു വെള്ളം കുടിക്കാനില്ലാത്ത കാരണം ഒരു പാവം മരിക്കുന്നു. അപ്പോഴേയ്ക്കും കരക്കാരെല്ലാം എത്തി, പലരും പല സഹായവും ചെയ്തു ശവം നിലത്തിറക്കിക്കിടത്തി. ചുററും വിതറാൻ കുറച്ചു് അരി വേണം. അതിനു് വിധവയോടു ചോദിച്ചപ്പോൾ അരിയില്ലാഞ്ഞിട്ടാണു് ഭർത്താവു് മരിച്ചതെന്നു് അവൾ പറയുന്നു. വൈലോപ്പിള്ളി ശ്രീധരമേനോൻെറ "കന്നിക്കൊയ്ത്തിലെ" ഒരു പദ്യമാണു് ഇതു്.]

അപ്പാവം ജീവിച്ച നാളവനെത്തുണയ്ക്കാഞ്ഞോർ
തൽ'പ്രാണനെടു'ത്തപ്പോൾ താങ്ങുവാൻ മുതിർന്നെത്തി.
പെരിയോർകളെപ്പോലെ ചെറിയോർകളും മന്നിൽ
മരണത്തിനുശേഷം മാലോകർക്കിഷ്ടം ചേർപ്പൂ!
മാവു വെട്ടുന്നൂ ചിലർ, വേലി തട്ടുന്നൂ ചിലർ,
ആവതും വിധവയെയാശ്വസിപ്പിപ്പൂ ചിലർ.
വിശ്രുതമയൽ പ്രഭുഗേഹത്തിൻ കാരുണ്യത്താൽ
കച്ച വാങ്ങുവാനുള്ള കാശുമങ്ങെത്തിച്ചേർന്നു.
മുറുക്കാൻ പൊതി നീക്കി മൂത്തൊരു കരക്കാരൻ
തിരക്കായകത്തെത്തിപ്പെണ്ണിനോടേവം ചൊന്നാൻ:
"കണക്കായെല്ലാം, ഞങ്ങളിറക്കീ നിലത്തെ,ന്നാ-
ലുണക്കലരി വേണമിത്തിരി ചുററും തൂവാൻ."
കരയുന്നതിന്നിടയ്ക്കോതിനാൾ കുടുംബിനി:
"അരിയുണ്ടെന്നാലങ്ങേരന്തരിക്കുകില്ലല്ലോ!"

കന്നിക്കൊയ്ത്തു്] [വൈലോപ്പിള്ളി ശ്രീധരമേനോൻ

## അഭ്യാസം

1. ഈ പദ്യത്തിലടങ്ങിയ സംഭവം കഥാരൂപത്തിൽ എഴുതുക.

2. ഈ കവിതയിൽ നിങ്ങൾക്കേററവും ഇഷ്ടമായ വരികൾ ഏതെന്നു കാരണസഹിതം പറയുക.

---

GOVT. HIGH SCHOOL
Date..................
KOTTAYAM.

# ദേശീയ സമ്പാദ്യ പദ്ധതി

1. നിങ്ങളുടെ ഭാവിക്കുവേണ്ടിയും ഇന്ത്യയുടെ ഭാവിക്കുവേണ്ടിയും മിച്ചംപിടിക്കുക.

2. നിങ്ങൾ പതിവായി സമ്പാദിക്കാറുണ്ടോ ? ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക്കറ്റുകളിൽ മുതൽ നിക്ഷേപിക്കുക.

3. നിങ്ങളുടെ നിക്ഷേപങ്ങൾക്ക് പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് ഉപയോഗിക്കുക.

4. നിങ്ങളുടെ സമ്പാദ്യം രാഷ്ട്രത്തിന്റെ സമ്പാദ്യമാണ്.

5. സമ്പാദ്യം നിങ്ങൾക്കും രാഷ്ട്രത്തിനും അഭിവൃദ്ധി കൈവരുത്തുന്നു.

6. ആ ചെലവ് യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ ? സമ്പാദിക്കുക ; നിക്ഷേപിക്കുക.

7. നിങ്ങളുടെ ഭാവി ഐശ്വര്യത്തിന്ന് നിങ്ങളുടെ സമ്പാദ്യങ്ങൾ നിങ്ങളുടെ ഗവണ്മെൻറിന്നാവശ്യമാണ്.

---

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
ERNAKULAM, 1971